പുസ്തകം 10 ലക്കം 3
ഫെബ്രുവരി 2020
വില 15 രൂപ

പുതുതലമുറയ്ക്കായ്

# ഏകതത്വ

*Eka Thathwa*

മാസിക



## ഏവരേയും ഉപാധികളില്ലാതെ സ്നേഹിക്കൂ...

# മഹാത്മാഗാന്ധി



| | | |
|---|---|---|
| ജനനം | : | 1869 ഒക്ടോബർ 2ന് പോർബന്തർ |
| മരണം | : | 1948 ജനുവരി 30ന് ന്യൂഡൽഹിയിൽ. നാഥുറാം ഗോഡ്സെ നെഞ്ചിലേക്ക് മൂന്ന് വെടിയുണ്ടകൾ ഉതിർത്ത്. |

അവസാന വാചകം – ഹേ റാം.


| | | |
|---|---|---|
| പൂർണ്ണനാമം | : | മോഹൻദാസ് കരംചന്ദ് ഗാന്ധി |
| അച്ഛൻ | : | കരംചന്ദ് ഉത്തംചന്ദ് ഗാന്ധി |
| അമ്മ | : | പുത്‌ലിഭായ് ഗാന്ധി |
| വിവാഹം | : | 1883 |
| പത്നി | : | കസ്തൂർബാ (ജനനം 11 ഏപ്രിൽ 1869, മരണം – 1944) |
| മക്കൾ | : | ഹരിലാൽ, മണിലാൽ, രാംദാസ്, ദേവദാസ് |

**“മനുഷ്യന്റെ കഴിവുകൊണ്ട് വികസിപ്പിച്ച ശക്തിയേറിയ നശീകരണ ആയുധത്തേക്കാൾ ശക്തമാണ് മനുഷ്യരാശിയുടെ ഏറ്റവും വലിയ ശക്തിയായ അഹിംസ.”**

This space is sponsored by a well-wisher.

കുശാഗ്രബുദ്ധിക്കായൊരു

## ചോദ്യം...




ഉത്തരം അടുത്ത ലക്കത്തിൽ...

**കഴിഞ്ഞ ലക്കത്തിലെ ചോദ്യത്തിന്റെ ഉത്തരം 118.**

1st Row:- 8+8+8=24
2nd Row:-10+10+6=26 (Flower with 8 petals so 6)
3rd Row:- 3+10+8=21 (Bear with Bow =10, Bow=3)
4th Row:- (2x3)+(16x7)=118 so Answer =118

## ഏക തത്വ മാസിക

### വരിസംഖ്യ

ഒറ്റപ്രതി – 15 രൂപ

**ഒന്നിച്ചടയ്ക്കുമ്പോൾ**

ഒരു വർഷത്തിന് – 170 രൂപ
രണ്ടു വർഷത്തിന് – 340 രൂപ
മൂന്ന് വർഷത്തിന് – 500 രൂപ

മണിയോഡറായോ ബാങ്ക് ട്രാൻസ്ഫർ ആയോ പണമടയ്ക്കാവുന്നതാണ്.
അയക്കേണ്ട വിലാസം:
എ9, ന്യൂ സിവിൽ നഗർ,
സിവിൽ സ്റ്റേഷനു പുറകുവശം,
പാലക്കാട് – 678001

ഏക തത്വ കറന്റ് അക്കൗണ്ട്
നമ്പർ – 33077202787
എസ്. ബി. ഐ. സിവിൽ സ്റ്റേഷൻ
ബ്രാഞ്ച്, പാലക്കാട്
IFS കോഡ് – SBIN 0004925

കെ. എസ്. എഫ്. ഇ. സുഗമ
അക്കൗണ്ടിലൂടേയും
പണമടയ്ക്കാവുന്നതാണ്.
അക്കൗണ്ട് നമ്പർ – 3337,
പാലക്കാട് ബ്രാഞ്ച് II

₹ 15

# ഏക തത്ത്വ

## മാസിക

പുസ്തകം 10 ലക്കം 3

ഫെബ്രുവരി 2020

visit: ekathathwa.blogspot.in

**ചീഫ് എഡിറ്റർ**

ഇ. ടി. മുരളീധരൻ

Mob : 9446443321, 9387118131

Email : muraliet@yahoo.co.in
etmuraliet@gmail.com

Facebook ID : Et murali

**മാനേജിംഗ് എഡിറ്റർ**

ബിന്ദു . കെ

**കവർ ചിത്രം**

ഉല്ലാസ് ഗോവർദ്ധൻ ആർ

**മരണക്കിടക്കയിൽവെച്ചല്ല**
**യുവത്വത്തിലേ തിരിച്ചറിയുക**

"അറിവിനായ് ജനിച്ചു,
അത് അറിയാതെ അലഞ്ഞു,
വിശപ്പു കൊണ്ട് തളർന്നു,
കാശിനായ് അലഞ്ഞു,
വഴി മാറി മാറി നടന്നു.
നേടിയതോ.... അറിവുമാത്രം."

അഭിപ്രായങ്ങളും രചനകളും അയക്കേണ്ട വിലാസം

**Eka Thathwa, Post Box No. 70**
**Palakkad 678 001**

**വരിസംഖ്യ**
**പോസ്റ്റൽ മണിയോർഡറായി അയക്കേണ്ട**
**വിലാസം :**

E.T Muralidharan
Eka Thathwa
A-9, New Civil Nagar, Behind Civil Station, Palakkad 678001.

Donations and all other payment towards EkaThathwa Should also be made through Bank account Our Bank a/c details: M/s Ekathathwa Current Account Number:33077202787, IFS Code: SBIN 0004925, SBI Civil Station Branch, Palakkad 678 001

You can also use KSFE Palakkad Branch II, Sugama A/c No.3337

**ekathathwa@yahoo.com**
**Website: www.ekathathwa.com**

# ഉള്ളടക്കം



**ലേഖനം**
7 – സുവിധാസാമഗ്രികൾക്കായി അന്യാശ്രയം – എം. എം. മേനോൻ
8 – നിഷ്കാമകർമ്മാർത്ഥമിദം ശരീരം – ടി. ജെ. നായർ
28 – പ്ലാസ്റ്റിക് നിരോധനം ഫലപ്രദമാകുമോ ? – അശോപ്പി ചേർത്തല

**കഥ**
17 – മനഃസ്സാക്ഷിക്കോടതി – ഇന്ദു മാരാത്ത്
29 – ചെരുപ്പ് – ടി. കെ. ഉണ്ണികൃഷ്ണൻ
31 – വന്ദനം, ബോധം – സുരേഷ് തെക്കീട്ടിൽ
33 – പരകായപ്രവേശം – ബിതാ ദാസ്
34 – നിറം മാറ്റപ്പെട്ട പൂക്കൾ – ദിലീപൻ
35 – ഇരിക്കപ്പിണ്ഡം – ആർ. സി. നായർ
36 – കുഞ്ഞുമനസ്സിൻ നൊമ്പരങ്ങൾ – ജോസഫ് പൂതക്കുഴി
37 – ഒടുക്കം ജീവിതം പറഞ്ഞുതന്ന സത്യം – ടി. വി. ഹരികുമാർ
38 – മുട്ടുകൾ – മംഗളൻ തൈയ്ക്കൽ
41 – കുശല,പ്രശ്നം, അവരെന്തു വിചാരിക്കും ?
– സൈനുദീൻ മുണ്ടക്കയം
41 – ഒരു മാന്ത്രികക്കുരുവിന്റെ കഥ – ജനാർദ്ദനൻ പി. വണ്ടാഴി

**കവിത**
8 – പാലിയേറ്റിവ് കെയർ – അജയ് ബാലചന്ദ്രൻ
10 – നേർവര – ബിബിത് പാലക്കാട്
12 – പനങ്കൊറ്റൻ – രാജീവ് മാമ്പുള്ളി
20 – എനിക്ക് – ജലജ പ്രസാദ്
24 – അണിയറയിലെ കോമാളി – സജു . ആർ
25 – നിറദീപ്തി – എം. കെ. ശശിധരൻ
27 – പോസ്റ്റുമോർട്ടം – സുന്ദരൻ മുക്കം
27 – അകലം – പ്രേമ . ആർ
28 – തുടർ യാത്ര – രാജൻ കിണറ്റിങ്കര
34 – 20രണ്ടായിരത്തി ഇരുപത്20 – റസാഖ്
39 – വിധി, കാലദോഷം – രവീന്ദ്രൻ മലയങ്കാവ്
39 – വിഭ്രാന്തി – അഡ്വ. പി. രാജഗോപാല മേനോൻ
40 – ഉത്തിഷ്ഠ ഭാരതം – മുകുന്ദൻ കുറുവട്ടൂർ

**ഓർമ്മച്ചിത്രങ്ങൾ**
9 – കുറുങ്ങാട്ടെ കുറുപ്പും കൂറകളും – മുക്കം ഭാസി

**ഗായകരത്നങ്ങൾ**
10 – മലയാള സിനിമപിന്നണി ഗാനരംഗത്തെ ആദ്യകാല നക്ഷത്രങ്ങൾ
– ടി. വി. നാരായണൻ കുട്ടി

**വിജ്ഞാനച്ചെപ്പ്**
13 – നാടിനെ അറിയാം, നാട്ടാരേം – ഡോ. ഒ. സി. പ്രമോദ്

**ആരോഗ്യം**
18 – സോറിയാസിസ് – ഡോ. സി. രാമകൃഷ്ണൻ

**ദേശവിശേഷം**
19 – ചരിത്രമുറങ്ങുന്ന തെന്മലയുടെ താഴ്വര മുതലമട
– സോഫിയ ബീവി കെ. എസ്.

**ദൈവനാമത്തിൽ**
20 – ഭിന്നത – മുഹമ്മദ് കനി

**മഹാത്മ**
21 – ഉറച്ച തീരുമാനം – ബിന്ദു . കെ

**പാചകം**
23 – പൊങ്കൽ – ജയ ചന്ദ്രൻ

**അനുഭവം**
23 – ചരിത്രപാതകളിലെ അവഗണനകൾ – ഈശ്വർകുമാർ തരവത്ത്

**പൊതുവിജ്ഞാനം**
25 – പൊതുവിജ്ഞാനം – നൗഷാദ് ഖാൻ

**യാത്രകളിലൂടെ**
26 – ചണ്ഡിഗറിലെ ശിലോദ്യാനം – ഡോ. സുനീത് മാത്യു

**അനുഷ്ഠാനത്തിലൂടെ**
30 – മന്ദുചെത്തൽ – മലയാമ്പള്ളം ശങ്കരൻകുട്ടി

**കാഴ്ചപ്പുറങ്ങൾക്ക(ഇ)പ്പുറം**
32 – ഒരു വായനശാലാ ചിന്തനം – രാജേന്ദ്രൻ വയല

**ദർശനഭൂമിയിലൂടെ**
42 – മുത്തശ്ശി – ജയൻ പുതുമന



ഇ. ടി. മുരളീധരൻ

# ഏവരേയും ഉപാധികളില്ലാതെ സ്നേഹിക്കൂ...

**നി**രീശ്വരവാദി ഈശ്വരവിശ്വാസിയായാൽ പിന്നെ അല്പന് അർത്ഥം കിട്ടിയാൽ അർദ്ധരാത്രിക്ക് കുട പിടിക്കും എന്ന കണക്കെ ഭക്തിയിൽ മുങ്ങി നീരാടും. സാധാരണ ഒരു ഭക്തന്റെ ഭക്തിയ്ക്കുമപ്പുറം സഞ്ചരിച്ച് ഭക്തന്റെ വേഷമണിഞ്ഞ് സദാസമയവും ഭക്തി. എന്തു പറയുമ്പോഴും പ്രവർത്തിക്കുമ്പോഴും ഭക്തി. ഇത്തരക്കാരുടെ ഭക്തി കണ്ടാൽ ഇതുവരെ ഭക്തിമാർഗ്ഗത്തിലൂടെ ജീവിച്ചുവന്നവർ അന്തംവിട്ടു നിൽക്കും. ഇതുപോലെയാണ് ഒരു രാഷ്ട്രീയ പാർട്ടിയിൽ നിന്ന് വേറൊരു രാഷ്ട്രീയ പാർട്ടിയിലേയ്ക്ക് ചേക്കേറിയവരും. തുടക്കത്തിൽ അമിതമായ പ്രകടനമായിരിക്കും. തുടക്കം മുതലേ ആ പാർട്ടിയിലുണ്ടായിരുന്ന പ്രവർത്തകരെ ഞെട്ടിക്കും വിധം പ്രവർത്തിക്കും. അതുപോലെ ഒരു മതത്തിൽ നിന്ന് വേറൊരു മതത്തിലേയ്ക്ക് മതം മാറിയാലും സ്ഥിതി ഇതു തന്നെ. പുതിയ മതത്തിന്റെ കാര്യങ്ങളെല്ലാം വളരെ കുറച്ചുനാൾ കൊണ്ടു തന്നെ പഠിക്കും. പണ്ട് ഉണ്ടായിരുന്ന മതത്തിലെ ആചാരാനുഷ്ഠാനങ്ങൾ ഒന്നും കാര്യമായി അറിയില്ലെങ്കിലും പുതിയതായി ചേർന്ന മതത്തിലെ എല്ലാ ചടങ്ങും ഗംഭീരമായി ചെയ്യും. അവയെ അംഗീകരിക്കും, അനുസരിക്കും, പ്രകീർത്തിക്കും. ഇത്തരത്തിൽ എല്ലാത്തിലേയ്ക്കും വ്യവസ്ഥയില്ലാതെ ചാടി നടക്കുന്നവരാണ് യഥാർത്ഥ മതത്തിന്റെ, രാഷ്ട്രത്തിന്റെ, രാഷ്ട്രീയ പാർട്ടികളുടെയെല്ലാം നാശത്തിനും മൂല്യച്യുതിയ്ക്കും വഴിവെയ്ക്കുന്നത്.

ഒന്നിനോടും അമിതാസക്തി വേണ്ട. എല്ലാം അല്പനേരത്തേയ്ക്കു മാത്രമാണെന്ന് തിരിച്ചറിഞ്ഞ് എല്ലാറ്റിനേയും ഉൾക്കൊണ്ട് ജീവിക്കുക.

പഴമക്കാർ അനുഭവിച്ച ദാരിദ്ര്യം എന്താണെന്ന് പതിയെ ഈ തലമുറയും അറിഞ്ഞുതുടങ്ങിയിരിക്കുന്നു. ധൂർത്ത് ഒരുവിധം അവസാനിപ്പിച്ചു. എങ്ങിനെ ഇനിയും ബിസിനസ്സിൽ പിടിച്ചുനിൽക്കും എന്ന ആധിയിലാണ് പലരും. കുറേപ്പേർ ചെയ്തുവന്ന ബിസിനസ്സുകൾ അവസാനിപ്പിച്ചുകഴിഞ്ഞു. ദിനവും ഓരോ സ്ഥാപനങ്ങളായി അടച്ചുപൂട്ടി വരുകയാണ്. ബിസിനസ്സ് എന്നത് വമ്പൻമാരുടെ കൈകളിലേയ്ക്ക് ഒതുങ്ങുകയാണ്. ആർക്കും പരാധികളില്ലാതല്ല പകരം വെയ്ക്കാൻ ഒരു ഉപായവും കാണാതായിരിക്കുന്നു. ഏവരും നിസംഗരായിത്തീർന്നിരിക്കുന്നു.

ഇരുചക്രവാഹനത്തിന്റെ പുറകിലിരിക്കുന്നവരും ഹെൽമറ്റ് ഇടണമെന്നത് പല നിയമങ്ങളെ പോലെ ഒന്നുമാത്രം. നിയമത്തെ അനുസരിക്കുന്നവരും സമാധാനപ്രിയരും രണ്ടു ഹെൽമറ്റുമായി യാത്ര തുടരുമ്പോൾ പലരും ഒരു ഹെൽമറ്റുപോലുമില്ലാതെ യാത്ര ചെയ്യുന്നു. പതിവുപോലെ ഉദ്യോഗസ്ഥർക്ക് കാശുണ്ടാക്കാൻ മാത്രമായി ചിലപ്പോൾ ചില നടപടികൾ അങ്ങിങ്ങ് നടക്കുന്നു. പാലിക്കപ്പെടാൻ ബുദ്ധിമുട്ടുള്ള നിയമങ്ങൾ കൊണ്ടുവരും മുൻപ് അവയെക്കുറിച്ച് വ്യാപകമായ ബോധവൽക്കരണം നടത്തണം. പക്ഷെ ആർക്കാ ബോധമുള്ളത് അല്ലേ ? നിയമം കൊണ്ട് അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നവ വിപരീതഫലം തരും.

സുഖമായി കൈകാര്യം ചെയ്യാവുന്ന വിഷയങ്ങളെ പോലും രാഷ്ട്രീയവത്ക്കരിച്ച്, വർഗ്ഗീയവൽക്കരിച്ച് ബഹളമയമാക്കി രാജ്യപുരോഗതിയെ തടസ്സപ്പെടുത്തി സമയത്തെ നഷ്ടപ്പെടുത്തുകയാണ്. വരും വരായ്കകളെക്കുറിച്ച് ചിന്തിക്കാതെ പ്രവർത്തിക്കുന്നവർ ബഹളം ഇഷ്ടപ്പെടുന്നവരും കലാപത്തിലൂടെ മുതലുണ്ടാക്കാൻ ശ്രമിക്കുന്നവരുമാണ്. സന്നദ്ധപ്രവർത്തകൻ, സാമൂഹ്യപ്രവർത്തകൻ, രാഷ്ട്രീയക്കാരൻ എന്നെല്ലാം പണ്ട് പറയുമ്പോൾ നമുക്കൊരു ബഹുമാനമുണ്ടായിരുന്നു. അവർ പണ്ട് ജനസേവകരായിരുന്നു. ഇന്ന് സ്വയം സേവിക്കുന്നവരായി മാറിയിരിക്കുന്നു. എളുപ്പത്തിൽ കയറിവരാവുന്ന, ചെയ്യാവുന്ന ഒരു ജോലിയായി തീർന്നു പൊതുപ്രവർത്തനം. അടുത്തുനിൽക്കുന്നവരെ മാത്രം തൃപ്തിപ്പെടുത്തിയാൽ, വല്ല നക്കാപ്പിച്ചയും കൊടുത്താൽ അവർ നേതാവിനുവേണ്ടി മരിക്കാനും തയ്യാർ. നല്ല ജനശ്രദ്ധയും പിൻതുണയും നേതാവിന് നേടിക്കൊടുക്കും. നമ്മുടെ പതനം തുടങ്ങിയത് സർവ്വീസ് മേഖലകൾ ബിസിനസ്സ് മേഖലകളായി തീർന്നതുമുതലാണ് വിദ്യാഭ്യാസവും ആശുപത്രിയും എല്ലാം പണ്ടേ ബിസിനസ്സ് ആയി മാറി. ഇപ്പോൾ പൊതുപ്രവർത്തനവും ബിസിനസ്സ് ആണ്. കാലാവസ്ഥ നോക്കി കൃഷി ഇറക്കുന്നതുപോലെ ലാഭം നോക്കി കൂറുമാറുന്ന കുറേ ആളുകളാണ് ഇന്ന് പൊതുപ്രവർത്തന രംഗത്ത് ഉള്ളത്. ഇതിനിടയിൽ ആത്മാ

ർത്ഥമായി, നന്മയ്ക്കായി പ്രവൃത്തിക്കുന്നവരെ ആരും ശ്രദ്ധിക്കുന്നുമില്ല, തിരിച്ചറിയുന്നുമില്ല. അവർ അവരുടെ സംതൃപ്തിക്ക് സാധിക്കും വിധം പബ്ലിസിറ്റി ഇല്ലാതെത്തന്നെ പലതും ചെയ്യുന്നുണ്ട്. ഒരുപക്ഷെ അത്തരം ഒറ്റപ്പെട്ട നന്മ മരങ്ങൾക്കുവേണ്ടിയാവാം ദൈവം ഈ ഭൂമിയെ ഇപ്പോഴും നിലനിർത്തുന്നത്.

പിറന്നുവീണപ്പോൾ നമുക്ക് മതമുണ്ടായിരുന്നോ, രാജ്യ, ദേശ ചിന്തകൾ ഉണ്ടായിരുന്നോ ? പിന്നീട് ഇതിന്റെയൊക്കെ വക്താവായപ്പോൾ ലഭിച്ചത് മറുഭാഗത്തെ വേദനിപ്പിച്ചപ്പോൾ ലഭിച്ച സന്തോഷം മാത്രമല്ലേ ? അതുപോലെ അവരുടെ ഭാഗത്തുനിന്നുള്ള ചെറുത്തുനിൽപ്പുകൾ ദുഃഖത്തേയും തരുന്നില്ലേ ? മറുഭാഗത്തും നിങ്ങളെപ്പോലെയുള്ളവരുണ്ട്. ജാതിയുടേയും മതത്തിന്റേയും ദേശത്തിന്റേയും പേരിൽ കലഹിക്കുന്നവർ. ഇരുകൂട്ടരും ഇരുഭാഗത്തുനിന്നും ദൈവത്തെ വിളിച്ച് അപേക്ഷിക്കുകയാണ് രക്ഷിക്കണേ... ദൈവത്തിന് എന്തുചെയ്യാനാകും ? നിങ്ങൾ സ്വയമേവ അനാവശ്യപ്രവർത്തനങ്ങൾ നിർത്തിയാൽ മതി, ജീവിതത്തിൽ സന്തോഷവും സമാധാനവും കൈവരും. എല്ലാം നമ്മുടെ പ്രവർത്തിയുടെ പ്രതിഫലനമാണ്. ചിലത് നമ്മൾ ഒറ്റക്കും മറ്റുചിലത് നമ്മൾ കൂട്ടത്തോടെയും ചെയ്യുന്നു. അതിനാനുപാതികമായ സുഖവും ദുഃഖവും നമ്മിലേയ്ക്ക് വരുന്നു. ഇക്കരെ നോക്കുമ്പോൾ അക്കരെ പച്ച എന്നതുപോലെ നാം തിരഞ്ഞെടുപ്പുകളിലൂടെ പ്രതികരിക്കുന്നു, എല്ലാം മാറിമറിയുന്നു പക്ഷെ നമ്മുടെ കൂട്ടത്തിലുള്ളവനല്ലെ ഭരണകർത്താവായി ലഭിക്കുന്നത്. നമ്മളിൽ കൂടുതലായി അവനിൽ എന്തുണ്ട് ?

ശമ്പള പരിഷ്ക്കരണം വരുമ്പോൾ മുൻകാല പ്രാബല്യത്തോടെ നടപ്പാക്കുന്നതിൽ ഏവർക്കും സന്തോഷമാണ്. അരിയറായ കുറേ പണം പ്രതീക്ഷിക്കാതെ കിട്ടും അതിൽ എല്ലാവരും ഹാപ്പിയാണ് പക്ഷെ പൗരത്വ ഭേദഗതി പോലൊരു ബിൽ പൗരത്വം കണക്കാക്കുന്നതിന് 1951 പോലെ ഒരു വർഷം കണക്കാക്കുന്നതിൽ പലർക്കും വിയോജിപ്പുണ്ട് എന്നത് സ്വാഭാവികം. പലരേയും ബാധിക്കുന്ന പ്രശ്നമാണല്ലോ. ഉത്തരവാദിത്വപ്പെട്ടവർ തീരുമാനങ്ങൾ എടുക്കാൻ വൈകുന്നതിലുള്ള ബുദ്ധിമുട്ടുകൾ ഇന്നും എന്നും നാം സഹിക്കണോ? ഇനി മുതൽ, ഇന്നുമുതൽ ഇങ്ങിനെയായിരിക്കും എന്ന വിധത്തിൽ തീരുമാനമെടുക്കാത്തതെന്ത്? പലരേയും ലക്ഷ്യം വച്ചുകൊണ്ടുള്ളതാണെന്ന് ആരെങ്കിലും സംശയിച്ചാൽ അതിനെ കുറ്റം പറയാനാവുമോ ? ആയതിനാൽ ഇനി ശമ്പളമുൾപ്പടെ ഒന്നും മുൻകാല പ്രാബല്യത്തോടെ വേണ്ട എല്ലാം പാസാകുന്ന ദിവസം മുതൽ പ്രാബല്യത്തിൽ കൊണ്ടുവന്നാൽ പ്രശ്നങ്ങൾ തീരും. ഒരു ചെറിയ കാര്യത്തിനായി ജനം സർക്കാരാഫീസിൽ കയറിയിറങ്ങുന്നതിന് ഉത്തരവാദികളാകുന്നവർക്ക് മുൻകാല പ്രാബല്യത്തോടെ ശമ്പളം പരിഷ്ക്കരിച്ച് അധികം തുക കൊടുക്കുന്നതിലില്ലേ ഒരു അപാകത. ബഹുഭൂരിപക്ഷം വരുന്നവരെ സേവിക്കാനായി ചുമതലയേറ്റിട്ട് അവരെ ബുദ്ധിമുട്ടിക്കുകയാണോ വേണ്ടത് ?

നമ്മളിൽ നിക്ഷിപ്തമായ കടമകളും കർത്തവ്യങ്ങളും മറന്നും മടിപിടിച്ചിരുന്നും ഉത്തരവാദിത്വങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറിയും ജീവിക്കുന്നവർക്കും ബുദ്ധിമുട്ടുകൾ മറ്റൊരു വഴിയ്ക്ക് വരുന്നുണ്ട് പക്ഷെ എന്തിനാണ് അടി കിട്ടിയതെന്ന് മനസ്സിലാക്കാത്ത, അറിയാത്ത കുട്ടിയെപ്പോലെ വീണ്ടും തെറ്റുകൾ അവർ ആവർത്തിക്കുന്നു. അവന് അങ്ങിനെത്തന്നെ വേണം എന്ന് വിചാരിച്ച ആൾക്കും ലഭിക്കും ശിക്ഷ. ആദ്യം ക്ഷമിക്കാനും പിന്നെ ഉൾക്കൊള്ളാനും സാധിക്കണം. സമാധാനാന്തരീക്ഷം സൃഷ്ടിക്കാൻ നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കണം. വീട്ടിലായാലും നാട്ടിലായാലും ശരി സമാധാനാന്തരീക്ഷം സൃഷ്ടിക്കണം. നമ്മളെ മാതിരി തന്നെയാണ് അവരും. അവരും പ്രതികരിക്കും. കുറച്ചുനാളുകൾ പ്രതികരിക്കാതെ ഇരുന്ന് സഹിച്ചെന്നുവരും പിന്നെ പ്രതിഷേധം അലയടിക്കുക തന്നെ ചെയ്യും. അടിച്ചമർത്തലുകൾ കൊണ്ട് എക്കാലത്തും നിലനിൽക്കാനാവില്ല. ഒന്നും സ്ഥാപിച്ചെടുക്കാനുമാവില്ല.

വർഷങ്ങൾ എടുത്ത് കെട്ടിപ്പൊക്കിയ ഫ്ളാറ്റ് സമുച്ചയത്തെ വെറും ഒമ്പത് സെക്കന്റുകൊണ്ട് തരിപ്പണമാക്കി ചില മനുഷ്യർ അവരുടെ കഴിവ് തെളിയിച്ചു. ഓരോ സൈറണും ഭീതിയോടെ ശ്രവിച്ച പലരുടേയും ഉള്ളിൽ ദുഃഖം തളംകെട്ടിക്കിടന്നു. നമ്മുടെ ഫ്ളാറ്റ് അല്ലാഞ്ഞിട്ടും പൊളിക്കുകയല്ലേ, ഇതുപോലൊന്ന് പണിയാൻ എത്ര അദ്ധ്വാനം വേണ്ടിവരും പണം വേണ്ടിവരും. എന്തായിരിക്കും നഷ്ടപ്പെടുന്നവരുടെ വേദന എന്നെല്ലാം ഓർത്ത് ഇരിക്കുമ്പോൾ വരുന്നു രണ്ടാമത്തേയും പിന്നെ മൂന്നാമത്തേയും സൈറൺ. മുപ്പത് സെക്കന്റിനുശേഷം ആദ്യ സ്ഫോടനം. പിന്നെ താമസിച്ചില്ല. ഒമ്പത് സെക്കന്റിൽ എല്ലാം തരിപ്പണമായി. മുൻകാല പ്രാബല്യത്തോടെ ശമ്പളം കൊടുക്കുന്ന നമ്മുടെ സമ്പ്രദായം പോലെ ഭൂമിയെ മുൻപുണ്ടായിരുന്നതു പോലെയാക്കാനായൊരു ശ്രമം. എന്താല്ലേ ! കെട്ടിടനിർമ്മാണത്തിന്റെ ഒരുപാട് ഘട്ടങ്ങൾ കഴിഞ്ഞ് ഓരോ നിലയായി ഇത്രയും ഉയരും വരെ ആരും ഒന്നും കണ്ടില്ല. നമ്മുടെ ഓരോ നിയമങ്ങളും സംവിധാനങ്ങളും. ഇതിനുപുറകിലെ എല്ലാവരും ശിക്ഷിക്കപ്പെടണം. പക്ഷെ നമ്മുടെ നിയമവ്യവസ്ഥയല്ലേ ഒന്നും പേടിക്കാനില്ല. കേസ് നീട്ടിവെച്ച് നീട്ടി വെച്ച് കേസ് കൊടുക്കുന്നവന്റെ അഞ്ചാമത്തേയോ പത്താമത്തേയോ തലമുറയ്ക്ക് ഒരു മറുപടി കിട്ടും. ശിക്ഷ ലഭിക്കേണ്ടവൻ ജീവിതത്തിൽ നിന്നുതന്നെ വിരമിച്ച് ഇഹലോകവാസം വെടിഞ്ഞ് പോയിട്ടുണ്ടാകും. നമ്മുടെ ശ്രദ്ധയിൽ ഇതുവരെ കേട്ട കേസുകളുടെ സ്ഥിതികൾ പരിശോധിക്കുക. ചില രാഷ്ട്രീയക്കാരെ ലക്ഷ്യംവെച്ചുകൊണ്ടുള്ള കേസുകളാണെങ്കിൽ വീണ്ടും വിചിത്രം. ഇലക്ഷൻ ആകുമ്പോൾ ഒരു ഹിയറിംഗ് വെയ്ക്കും പിന്നെ അഞ്ച് കൊല്ലങ്ങൾക്കുശേഷം അടുത്ത തിരഞ്ഞെടുപ്പുകാലത്ത് വരും അതുമല്ലെങ്കിൽ എന്തെങ്കിലും സ്വരച്ചേർച്ച വരു

ബോൾ വീണ്ടും ആ കേസിനെ കുറിച്ച് കേൾക്കാം. എത്ര വിചിത്രം ! ഉന്നതങ്ങളിലുള്ളവർ വിചാരിച്ചാൽ ആരെ വേണമെങ്കിലും തീവ്രവാദിയായി ശിക്ഷിക്കാം. തീവ്രവാദി എന്നുകേട്ടാൽ പിന്നെ ആരും ഒരു സപ്പോർട്ടും കൊടുക്കില്ല പക്ഷെ കട്ടവനെ കിട്ടിയില്ലെങ്കിൽ കിട്ടിയവനെ കള്ളനാക്കാൻ കഴിയുന്ന ലോകത്ത് യഥാർത്ഥത്തിൽ ശിക്ഷിക്കപ്പെടുന്നവർ കുറ്റവാളികൾ തന്നെയോ ? അവരുടെ അടുത്ത് ഇടപഴകുന്നവർക്ക് അറിയാമായിരിക്കും സത്യം. പക്ഷെ ആര് അവരുടെ വാക്കുകൾ ശ്രദ്ധിക്കും. ബഹുഭൂരിപക്ഷത്തിന്റെ മുന്നിൽ അവർ കുറ്റക്കാരായിമാത്രം അവശേഷിക്കുന്നു.

എന്റെ പഴയ ബിൽഡിങ്ങ് ഓണർക്ക് അഞ്ച് രണ്ടായിരത്തിന്റെ നോട്ടു കൊടുത്താൽ മുഖത്ത് വിരിയുന്ന സന്തോഷത്തിന്റെ പത്തിരട്ടി കൂടുതലായിരിക്കും നൂറ് നൂറിന്റെ നോട്ടുകൊടുക്കുമ്പോൾ. നിറയെ നോട്ട് കിട്ടിയതിന്റെ സന്തോഷം. അതിന്റെ മൂല്യത്തിനെക്കുറിച്ച് വലിയ ചിന്തയില്ല. അതുപോലെയുള്ളവർക്ക് കളറ് കളറായി നോട്ട് കാണുമ്പോൾ എന്തൊരു സന്തോഷമെന്നോ. വേറെ ചിലർക്ക് ലോട്ടറി ടിക്കറ്റുകളോടൊപ്പം മാറിപ്പോകുമോ എന്ന് ചിന്തയുമുണ്ട് പക്ഷെ പണ്ട് കൊടുത്തിരുന്നതിനെക്കാളും കൊടുത്താലെ ഇന്ന് പെട്രോൾ ഉൾപ്പടെ പല സാധനങ്ങളും നമുക്ക് ലഭിക്കുകയുള്ളു. പണപ്പെരുപ്പം കൂടിവരുന്നു അതോടൊപ്പം അവശ്യസാധനങ്ങളുടെ വില വർദ്ധനയും സാധാരണക്കാരെ ബുദ്ധിമുട്ടിക്കുന്നുണ്ട്. അതിനിടയിലേയ്ക്കാണ് വർഗ്ഗീയ ചിന്തകൾ ഉണർത്തുന്ന പൗരത്വഭേദഗതി ബില്ലിന്റെ വരവ്. ആളില്ലാ പോസ്റ്റിൽ ഗോളടിക്കാൻ ഇനി സാധ്യമല്ല. എല്ലാവരും ഉണർന്നു. ഇനിയൊരു പുതിയ നിയമനിർമ്മാണവും ഭേദഗതിയും അത്രയ്ക്ക് എളുപ്പമാകില്ല. എവിടെ നോക്കിയാലും ചർച്ചയും ജാഥയും. ബില്ലിനെക്കുറിച്ച് ആർക്കുമൊന്നും ഇതുവരെ വ്യക്തമായിട്ടില്ല. എന്നാലും എന്തോ ഒരു പന്തികേട് പലർക്കും തോന്നുന്നുമുണ്ട്. ആകപ്പാടെ കുറുക്കന്റെ കൈയിൽ ആമയെ കിട്ടിയതുമാതിരിയുള്ളൊരു അവസ്ഥ. അങ്കമാലിയിലെ പ്രധാനമന്ത്രി എന്റെ അമ്മാവനാണ് എന്ന് നായിക കിലുക്കം സിനിമയിൽ പറയുന്നതിലെ പൊരുൾ ആദ്യം പിടികിട്ടാത്തതുപോലെ . . .

സ്കൂൾ തലങ്ങളിൽ കഞ്ചാവും മയക്കുമരുന്നും വ്യാപകമായി ഒഴുകുന്നു. അവശ്യസാധനങ്ങളുടെ വില കൂടിക്കൊണ്ടുപോകുന്നു. തൊഴിലില്ലാത്തവരുടെ എണ്ണം വർദ്ധിച്ചു വരുന്നു. വർഗ്ഗീയമായി ചിന്തിച്ച് രോഷം കൊള്ളുന്നവർ ഒഴിച്ച് ബാക്കിയെല്ലാവരും ചിന്തയിലാണ്, വേവലാതിയിലാണ്. കൈയ്യിലിരുപ്പ് തീരും വരെ മാത്രമേ വർഗ്ഗീയത പറയൂ. അത് കഴിയുമ്പോഴേ മനുഷ്യനായൊന്നിരുന്ന് ചിന്തിക്കൂ. അപ്പോഴേക്കും വേണ്ടപ്പെട്ടവരെല്ലാം ശത്രുക്കളും ചിലരൊക്കെ ചെറുത്തുനിൽപ്പുകൾക്കൊടുവിൽ മരണം പൂകിയിട്ടുണ്ടാകും.

റാംജിറാവ് സ്പീക്കിങ്ങ് എന്ന സിനിമയിൽ എന്താ നിങ്ങൾ ഇനിയും അവിടെനിന്ന് പുറപ്പെട്ടില്ലേ എന്ന ചോദ്യത്തിന് മറുപടിയായി ഇന്നസെന്റ് പറയുന്ന ഒരു ഡയലോഗ് ഉണ്ട്. അരമണിക്കൂർ മുമ്പ് പുറപ്പെട്ടു വേണമെങ്കിൽ ഒരുമണിക്കൂർ മുമ്പ് പുറപ്പെടാം എന്ന് പറയും പോലെ പ്ലാസ്റ്റിക് നിരോധിച്ചു വേണമെങ്കിൽ ഒന്നുകൂടി നിരോധിക്കാം. മനുഷ്യജീവിതവുമായി ഇത്രയേറെ ഇഴുകിച്ചേർന്ന പ്ലാസ്റ്റിക്കിനെ എങ്ങിനെ ഒഴിവാക്കും ? പ്ലാസ്റ്റിക്കിനെ സംസ്കരിക്കുന്ന, വേറൊരു ഉല്പന്നമായി മാറ്റാവുന്ന മെഷീനുകളെ ഓരോ ഇടത്തും സ്ഥാപിക്കുകയാണ് സാധ്യമായത്. കുറേപ്പേർക്ക് അതുവഴി തൊഴിൽ ലഭിക്കും. ചിലയിടങ്ങളിൽ റോഡുപണിക്കായി പ്ലാസ്റ്റിക് ഉപയോഗിക്കുന്നുണ്ട്. വെയിലത്ത് കിടന്ന് പഴുത്ത് അതിൽ നിന്നും പൊന്തുന്ന വാതകം വലിയ രോഗങ്ങൾ സമ്മാനിക്കുംവരെ അതേക്കുറിച്ച് നാം ചിന്തിക്കില്ല. വർഗ്ഗീയത പറഞ്ഞാൽ പെട്ടെന്ന് ഉണരുന്ന ബുദ്ധി, വേണ്ട കാര്യങ്ങൾക്ക് വൈകിയേ ഉണരൂ.

സഹജീവികൾക്ക് നല്ലതിനുവേണ്ടിയാണോ നിങ്ങൾ ശബ്ദമുയർത്തുന്നത് എന്ന് ഇടയ്ക്കിടെ പരിശോധിക്കണം. പേരു കൊണ്ടും ആചാരം കൊണ്ടും വസ്ത്രവിധാനം കൊണ്ടും ഭക്ഷണരീതി കൊണ്ടും നമ്മൾ വ്യത്യസ്തരാണെങ്കിലും നാം ഓരോരുത്തരും മനുഷ്യരാണ്. ഒരേ തരം ആധിയും വ്യാധിയും മനസ്സിനും ശരീരത്തിനും വരാവുന്നവർ. മറ്റുള്ളവരെ മനസ്സിലാക്കി സംസാരിക്കൂ ഒമ്പത് സെക്കന്റുകൊണ്ട് പതിനാറ് നിലകളിൽത്തീർത്ത ഫ്ളാറ്റിനെ തകർക്കാമെങ്കിലും അതിലും എത്രയോ വേഗത്തിൽ നിങ്ങൾക്ക് ഒരു നല്ല സുഹൃത്ബന്ധത്തെ തകർക്കാം. പിന്നീടൊരിക്കലും അതുപോലൊരു ബന്ധം സ്ഥാപിക്കുക എളുപ്പമല്ല. സൗഹൃദങ്ങൾ കാത്തുസൂക്ഷിക്കൂ. ഇട്ടാവട്ടത്തിനകത്ത് ചടഞ്ഞുകൂടിയിരിക്കുന്നവനേക്കാൾ സന്തോഷവാൻ നല്ല സുഹൃത്ബന്ധങ്ങൾ ഉള്ളവരാണ്. ആയതിനാൽ നല്ല സുഹൃത്ബന്ധങ്ങൾ സൃഷ്ടിക്കൂ, ഏവരേയും ഉപാധികളില്ലാതെ സ്നേഹിക്കൂ. എന്റെ ജാതിക്കാരനേ, മതക്കാരനേ മാത്രമേ ഞാൻ സഹായിക്കൂ. അവരോട്, അത്തരക്കാരോട് മാത്രമേ ഞാൻ കൂട്ടുകൂടൂ എന്നെല്ലാം വേണമെങ്കിൽ തീരുമാനിക്കാം. പക്ഷെ ഒരു കാര്യം, നമ്മളെ ആപത്ത് സമയത്ത് സഹായിക്കാൻ എത്തുന്നവൻ ഏത് ജാതിയിൽ, മതത്തിൽ, രാഷ്ട്രത്തിൽ പെട്ടവനായിരിക്കുമെന്നതിൽ സംശയമില്ലെങ്കിൽ ആവാം പക്ഷെ... അപ്പോഴും ഒരുപക്ഷെ ആ അനുഭവം വരെ കാത്തിരിക്കണം തിരിച്ചറിയാനായി. ●

നിങ്ങളുടെ പുസ്തകങ്ങൾ


**ഏറ്റവും കുറഞ്ഞ ചിലവിൽ**

**ഉന്നത നിലവാരത്തിൽ പ്രസിദ്ധീകരിക്കുവാൻ**

**ഏക തത്വ പബ്ലിക്കേഷൻ**
പാലക്കാട് –1

മൊബൈൽ : 9446443321, 9387118131

# സുവിധാസാമഗ്രികൾക്കായി അന്യാശ്രയം (Outsourcing) പശ്ചാത്തലം



**എം. എം. മേനോൻ**
**0491 – 2572939**

**ആ**ധുനിക ഭൗതികതയുടെ വിസ്ഫോടനമെന്ന നിലയിൽ വർദ്ധന കാരണം, മൗലിക മാനവ മൂല്യങ്ങളുടെ പാടെയുള്ള തിരസ്കാരത്തിൽ, ഭാവിയെ കൂരിരുട്ടിലോട്ടു തള്ളാനാണ് ഇന്നത്തെ പൊതുവെയുള്ള പ്രവണത. ഇതിന് എതിരായി, നമ്മുടെ പ്രഭാവശാലി മദ്ധ്യവർഗ്ഗത്തെ ജാഗരൂകരാക്കാൻ സഹായിക്കാവുന്ന പല ലേഖനങ്ങൾ ഏക തത്ത്വയിലൂടെ, ഉത്സാഹിയും പുരോഗമന മനോഭാവമുള്ളതുമായ ചീഫ് എഡിറ്റർ മുരളിയുടെ സഹയോഗത്താൽ, സുമാർ ഒമ്പതു വർഷങ്ങളായി പ്രകാശിതമായി വരുന്നുണ്ട് എന്ന് വായനക്കാർ അറിഞ്ഞിട്ടുണ്ടാവും. പഴഞ്ചൻ മട്ടുകളെ താഴ്ത്തിക്കാട്ടിയും ചുമതലാബോധം തീരെയില്ലാതെയുമായ ഇന്നത്തെ പോക്കിന്നെതിരെ 'ഏക തത്ത്വ'യുടെ ശ്രമത്തെ പുച്ഛിച്ചു, ഒരു മലയാളി 'അഭിപ്രായങ്ങളും പ്രതികരണങ്ങളും എന്നതിലൂടെ ഏക തത്ത്വയുടെ ഉദ്ദേശം ലോകത്തെ പാടെ മാറ്റിയെടുക്കാൻ ശ്രമമാണോ ?' എന്ന് ചോദിച്ചിരുന്നു ! ഇത്ര ഉയർന്ന ലക്ഷ്യം ഒരുപക്ഷെ 'ഏക തത്ത്വ' ക്കില്ല. എന്നാൽ മദ്ധ്യവർഗ്ഗത്തിലെ ഓരോരുത്തരും സ്വന്തം ഇഷ്ടാനിഷ്ടങ്ങളെ നിയന്ത്രിക്കാൻ ശ്രമിച്ചു, അവയാൽ 'കുരങ്ങു കളിപ്പിക്കാൻ' അനുവദിക്കാതെ, സ്വന്തം ഗുണത്തിന് (അതുവഴി സർവ്വജന ക്ഷേമത്തിനും) ശ്രമിക്കുന്ന പക്ഷം, ഇവിടെത്തന്നെ ഒരു ചെറുസ്വർഗ്ഗത്തെ സൃഷ്ടിക്കാൻ സാധ്യമാകാം എന്ന് ആശിച്ചുകൊണ്ട് (എനിക്ക് പറയാനുള്ളത് എന്ന് എഡിറ്റോറിയലിലൂടേയും) അശ്രാന്ത പരിശ്രമം നടക്കുന്നുണ്ട്, എന്ന് വായനക്കാർ മനസ്സിലാക്കിയിട്ടുണ്ടെന്ന് വിശ്വസിക്കുന്നു. (പലതര വിഘ്നങ്ങളെ തരണം ചെയ്യുവാൻ ധൈര്യത്തോടെ പോരാടി വരുന്ന ബ്രഹ്മ-വിഷ്ണു ദ്വയമായ എഡിറ്റർ ദമ്പതികൾക്ക് അഭിനന്ദനവും ശുഭാശംസകളും വീണ്ടും വീണ്ടും രേഖപ്പെടുത്തുന്നു!)

കർത്തവ്യബോധം തീരെ ലോപിച്ചുപോയി, കുബേരാരാധന മൂർദ്ധന്യത്തിലെത്തിയ ഇന്ന്, ജനപ്രീതിയാർജ്ജിച്ച (Popular) പദങ്ങളാണ്, NPA - Non Performing Asset (നിഷ്ക്രിയ ആസ്തി) ഉം Outsourcing ഉം. Non Performing Asset എന്ന തലക്കെട്ടിൽ രണ്ട് ലേഖനങ്ങൾ ഏക തത്ത്വ പുസ്തകം 9, ലക്കം 10ലും 11 ലും ഉണ്ടായിരുന്നു (Oct & Nov 2019). ഈ ലേഖനം outsourcing എന്ന പദത്തിന്റെ (ഇന്നത്തെ) വക്രീകൃത പ്രയോഗത്തെക്കുറിച്ചും ചേതാവനി നൽകാൻ ശ്രമിക്കുന്നുണ്ട് ! ഈ പദത്തിന്റെ മലയാളത്തിലെ വിവർത്തനം 'സുവിധാ സാമഗ്രികൾക്കായി അന്യാശ്രയം' എന്നതിനോട് ശക്തമായ എതിർപ്പുണ്ടാവുകയില്ലെന്ന് കരുതട്ടെ ! നാടോടിജീവിതം നയിച്ചിരുന്ന ആദികാലത്ത്, മനുഷ്യൻ തന്റെ അതിസീമിത ആവശ്യങ്ങളായ ആഹാരത്തിനായി ഫലമൂലാദികളും, ചെറുമൃഗങ്ങളും മത്സ്യങ്ങളും എന്നിവക്ക് പുറമെ സുരക്ഷക്കായി ഗുഹ, മറവ്, മരങ്ങൾ എന്നിവയെ ആശ്രയിച്ചു ഏറെക്കുറെ സ്വാവലമ്പനം / ആത്മനിർഭരതയോടെ ജീവിച്ചു കഴിഞ്ഞിട്ടുണ്ടാവണം. ജീവിത രീതി ഏറ്റവും സരളമായിരുന്നിരിക്കണം. പതുക്കെ പതുക്കെ കുടുംബം, സമൂഹം എന്നിവയുടെ രൂപീകരണത്തോടെ നാടോടി ജീവിതം വിട്ട് സ്ഥിരതാമസം തുടങ്ങിയതോടെ, ചെറു കുടി, പാർപ്പിടം എന്നിവ നിർമ്മിച്ചിട്ടുണ്ടാവണം. ആഹാരത്തിന് കൃഷി, തോട്ടം മുതലായവ സംഘടിപ്പിച്ചിട്ടുണ്ടാവണം. അപ്രതീക്ഷിതമായ പ്രകൃതിദുരന്തങ്ങളെ സഹിക്കുവാനും അഭയം/സഹായം എന്നിവക്കും ദൈവം, ക്ഷേത്രങ്ങൾ മുതലായവയെ ശരണം പ്രാപിച്ചിട്ടുണ്ടാവണം. ക്ഷേത്രങ്ങളും ഗ്രാമങ്ങളും, തറ, ചേരി എന്നിവയും താമസിയാതെ ത്തന്നെ വന്നിട്ടുണ്ടാവണം. കന്നുകാലികളും മറ്റും കൃഷിയോടൊപ്പം തന്നെ വളർത്തിയതോടെ അവർക്കു വേണ്ടി സൗകര്യങ്ങൾ ഏർപ്പാടാക്കി, ഓരോ പ്രദേശത്തും കൃഷി, ക്ഷേത്രം, തൊടി, കർമ്മചാരികൾക്കുള്ള കുടി/പാർപ്പിടവും മറ്റും ആശാരി, മൂശാരി, കൊല്ലൻ, ചെമ്പോട്ടി, കവറ, ചെരുപ്പുകുത്തി (ചക്കിലിയൻ) തട്ടാൻ, ശുചിത്വ കർമ്മചാരി (തോട്ടി), കുമ്പാരൻ (കുശവൻ), കവറ തുടങ്ങിയ അനേകം ഇത്തരം തൊഴിലാളികളും സ്ഥിരമായി വന്നിട്ടുണ്ടാവണം.

ഭൗതിക പ്രഗതി സൂചകമായി ആവശ്യങ്ങളുടെ വർദ്ധനയോടെ, തികച്ചും സ്വാവലമ്പനം/സ്വയം പൂർണ്ണത/. ആത്മനിർഭരത എന്നിവക്കു പകരം, ആവശ്യങ്ങളെ പൂർത്തി ചെയ്യുവാൻ അന്യരുമായി സഹകരണം, സുവിധാ സാമഗ്രികളുടെ കൈമാറ്റം, അന്യാശ്രയം എന്നിവ അനിവാര്യമായി വന്നു ! ഗീതയിലെ (അധ്യായം IV ശ്ലോകം 13) 'ചാതുർവർണ്യം മയാ സൃഷ്ടം ഗുണകർമ്മ വിഭാഗ ശഃ...' (പ്രവണതകളുടേയും കർമ്മങ്ങളുടേയും ആധാരത്തിൽ നാലു വർണ്ണങ്ങൾ എന്നാൽ സൃഷ്ടിക്കപ്പെട്ടു) എന്ന ശ്ലോകത്തിനെ, അനാവശ്യ തർക്കം സൃഷ്ടിക്കാതെ, ഇത്തരം പലതരം തൊഴിലുകളും വിഭാഗങ്ങളും ജനിച്ചതിന്റെ പ്രധാന കാരണമായി സ്വീകരിക്കുന്നത് സുഖ ശാന്തി വർദ്ധകം ആയിരിക്കും എന്നത് സ്പഷ്ടമല്ലേ ? ഉച്ച നീചത്വ ഭാവനയില്ലാതെ സഹായ സഹകരണത്തിന്റെ ആധാ

രത്തിലായിരിക്കണം വിഭാഗങ്ങളാരംഭിച്ചത് എന്ന് തീരുമാനിക്കുന്നതിൽ തെറ്റുണ്ടാവുകയില്ല.

ആവശ്യങ്ങൾ കുറഞ്ഞതിനാൽ ആർക്കും സമയക്കുറവുണ്ടായിരുന്നില്ല. ആത്മീയ ചിന്തനത്തിന് സമയവും സൗകര്യവും ഉണ്ടായിരുന്നതിനാൽ പൊതുവെ ക്ഷേമ വർദ്ധകമായ മൗലിക മാനവ മൂല്യങ്ങൾ ശക്തമായി വന്നിട്ടുണ്ടാവണം. സ്വയം പൂർണ്ണത എന്ന ആശയം/ ധാരണയുടെ ഉത്ഭവത്തിനുമുമ്പ്, സഹായ സഹകരണവും സ്നേഹത്തോടുള്ള കൈമാറ്റവും മൗലിക മാനവ മൂല്യങ്ങളുടെ അടിത്തറയായി രൂപീകരിക്കപ്പെട്ടിട്ടുണ്ടാവണം. ഇത്തരമുള്ള വാതാവരണത്തിൽ മാവേലി നാടു വാണീടും കാലം, മാനുഷരെല്ലാരും ഒന്നുപോലെ...' അല്ലെങ്കിൽ 'രാമ രാജ്യം' എന്നീ സങ്കല്പങ്ങൾ അവിശ്വസനീയം അല്ലല്ലൊ ! ചെയ്യേണ്ടി വരുന്നതിനെക്കുറിച്ച് അനാവശ്യ പരാതിയോ എതിർപ്പോ ഇല്ലാതെ, മനസ്താപമില്ലാതെ ഗീതയിൽ കൊടുത്തത് പോലെ 'സ്വധർമ്മെ നിധനം ശ്രേയഃ', ജീവിച്ചിട്ടുണ്ടാവും.

കാലക്രമേണ അധികരിച്ച ഭൗതിക ആർത്തിയോടെ, ആത്മീയ ശ്രദ്ധ കുറഞ്ഞു, മൗലിക മാനവ മൂല്യങ്ങളുടെ അവഗണന, തിരസ്കാരം എന്നിവയുണ്ടായിവന്നു. കുബേരാരാധന മൂർദ്ധന്യത്തിലെത്തി 'സുവിധാ സാമഗ്രികളെ സ്നേഹിക്കാനും ജീവികളെ ഉപയോഗിക്കാനും' (എന്തിന് ? ദുരുപയോഗിക്കാനും തന്നെ) തുടങ്ങി !

നിർമ്മാണം യന്ത്രങ്ങൾ മൂലം തുടങ്ങിയപ്പോൾ, അധികരിച്ച നിർമ്മിത വസ്തുക്കളോടൊപ്പം ഉണ്ടായ ഹാനികരമല്ലാത്തതും അതിഹാനികരമായതുമായ അവശിഷ്ടം/ കുപ്പയെ എടുക്കാനും നീക്കാനുമായി ദരിദ്രർ/അസഹായർ/അഭാഗർ എന്നിവരെ തേടി മാലിന്യങ്ങളെ അവരുടെ തലയിൽ കെട്ടാൻ അഹങ്കാരി ധനികർ ആരംഭിച്ചു.

പഴയ കപ്പലുകളിലെ ഹാനികരമായ Asbestos, പലവിധ Plastic മാലിന്യങ്ങൾ, ദോഷം ചെയ്യാവുന്ന chemical ഉം അന്യ ഇത്തരം വസ്തുക്കളെയും ദരിദ്ര രാജ്യങ്ങളിലേയ്ക്ക് അയക്കുന്നത് പതിവാക്കി. (കപ്പലൊടയ്ക്കുമ്പോൾ ഇരുമ്പ്/ഉരുക്ക് എന്നിവയ്ക്ക് പുറമെ Asbestos ഉള്ളതിനാൽ ഇത്തരം ഹാനികര പ്രവൃത്തികളെ Outsource ചെയ്യുന്നത് സാധാരണമായി.)

Outsourcing എന്നത് (അനാവശ്യ!) ആവശ്യങ്ങൾക്കായി ഉള്ള അന്യാശ്രയത്തിന് പുറമെ, അതിലും ദോഷകരമായ മാലിന്യവസ്തുക്കളുടെ ശ്രദ്ധീകരണം/കൈകാര്യം ചെയ്യൽ എന്നിവക്കായി അവികസിത/ ദരിദ്ര രാഷ്ട്രങ്ങളെ കുഴക്കി നാശം ചെയ്യുന്നത് എന്നതിനേയും സൂചിപ്പിക്കുന്നതുകൊണ്ട്, ആർത്തി, അഹങ്കാരം എന്നീ ഘൃണായോഗ്യമായ വികാരങ്ങളെ അടക്കി നിയന്ത്രിച്ചു സർവ്വജനക്ഷേമം എന്നതിനു ശ്രമിക്കേണ്ട അനിവാര്യതയെ എടുത്തു കാട്ടാൻ ശ്രമമാണ് ഇത് !

പ്രവൃദ്ധമായ അനാവശ്യ, ഹാനികരമായ ആവശ്യങ്ങളെ നിയന്ത്രിച്ചു, ചുരുക്കി, ലോകക്ഷേമത്തിനായി പ്രവർത്തിക്കേണ്ടത് നമ്മളേവരുടേയും ഒഴിച്ചുകൂടാത്ത ധർമ്മമാണ്. ശ്രദ്ധിക്കുവിൻ ! ഉണരുവിൻ !

■കവിത

# പാലിയേറ്റിവ് കെയർ

**അജയ് ബാലചന്ദ്രൻ**
**9895659050**



നാലു മറകൾക്കുള്ളിൽ
നേർത്തമറയും ധരിച്ച്
നല്ലൊരു നാളെയെ
നിത്യം കാക്കുമവർ,
നാമറിയാതെ നമുക്കുചുറ്റും
അങ്ങിനെയും ചിലർ,
അവർക്കായ്
ഞങ്ങൾ പാലിയേറ്റിവ് കെയർ.
കടമകൾക്കിടയിൽ
ജോലിക്കിടയിൽ
സമയത്തിൻ ചരടിനെ
പിടിച്ചുനിർത്തി
ആലംബഹീനർക്കായ്
ആശ്രയ ഹസ്തം നീട്ടുന്നവർ,
നാമറിയാതെ നമുക്കുചുറ്റും
അങ്ങിനെയും ചിലർ,
അവർക്കൊരു നാമം
പാലിയേറ്റിവ് കെയർ.

# നിഷ്കാമകർമ്മാർത്ഥമിദം ശരീരം

**സമ്പാ: ടി. ജെ. നായർ**
**9446630412**


**ഭ**ഗവദ്ഗീതയിലെ ഒരു ശ്ലോക ഭാഗത്തിന്റെ ആദ്യവരികളാണിത്. ഗീത രചിച്ചത് മഹാഭാരത യുദ്ധകാലത്തല്ല, അതിന് ശേഷമാണ് എന്നാണ് പലരുടേയും വിശ്വാസം. രണ്ടു മതങ്ങൾ തമ്മിൽ ഉണ്ടായ പ്രശ്നങ്ങളാണ് അതിന് കാരണമായി പറയുന്നത്. ഒരു വിഭാഗം മത്സ്യ-മാംസാഹാരങ്ങളും മറ്റും കർമ്മദോഷമാണ് എന്ന് വിശ്വസിച്ചിരുന്ന കാലഘട്ടം ! മറുവിഭാഗക്കാരോ ? ജന്തുബലിയാണ് ദൈവത്തെ പ്രീതിപ്പെടുത്തുവാൻ ഉത്തമമായ മാർഗ്ഗം എന്നും.

സുഖമായാലും ദുഃഖമായാലും രണ്ടും മനസ്സിനെ ബാധിക്കാതെ സന്തോഷപൂർവ്വം ജീവിക്കുവാനുള്ള ആത്മവിശ്വാസവും കഴിവുമാണ് നിഷ്കാമകർമ്മത്തിന്റെ കാതലായ രത്നച്ചുരുക്കം. ഗീതയിൽ കർമ്മയോഗത്തെ പറ്റി നമുക്ക് ഉപദേശിക്കുന്നത് ഇങ്ങിനെയാണ്. കർമ്മനിരതരായിട്ടിരിയ്ക്കുമ്പോൾ നാം ഏവരും ഏകാഗ്രതയോടെ ഇരിക്കണം. അഹങ്കാരം വിട്ട് ജീവിക്കുക. കാരണം ധർമ്മം എവിടെയാണ് അവിടെ മാത്രമാണ് വിജയം.

*സമം സർവ്വേഷു ഭൂതേഷു*
*നിഷ്ഠന്തം പരമേശ്വരാ*
*വിനശ്യത് സ്വവിനാശ്യന്തം യഃ*
*പശ്യതി സ പശ്യതി.*

സർവ്വചരാചരങ്ങളിലും നിലകൊള്ളുന്ന പരമേശ്വരനെ ദർശിക്കുന്നവനാണ് ഭാഗ്യവാൻ. സത്യം വദഃ ധർമ്മം ചരഃ എന്ന് ഭഗവദ് ഗീതയുടെ ആത്മസത്ത.

# കുറുങ്ങാട്ടെ കുറുപ്പും കൂറകളും



**മുക്കം ഭാസി**
**9846138693**

**ഹ**യർ എലിമെന്ററി സ്കൂളിൽ പഠിയ്ക്കുന്ന കാലത്ത് എല്ലാവരും 'കിഴുക്കൻ മാഷന്മാരാ'ണെന്ന് തെറ്റിദ്ധരിയ്ക്കരുത്. നല്ല കഥകൾ പറഞ്ഞുതരുന്നവരും, കവിത പഠിപ്പിയ്ക്കുന്നവരും ഒക്കെയുണ്ടായിരുന്നു. അക്കൂട്ടത്തിൽ രണ്ടുമൂന്നു പേരെ ഓർത്തുവെയ്ക്കട്ടെ. ഒരു നാണു മാസ്റ്റർ, ഒരു മേനോൻ മാസ്റ്റർ, ഒരു നമ്പ്യാര് മാസ്റ്റർ. നാണു മാസ്റ്റർ തികഞ്ഞ ഗാന്ധിയൻ, ഖദർധാരി, അരോഗദൃഢഗാത്രൻ, സുമുഖൻ, ബ്രഹ്മചാരി. ഒരുവർഷം മാഷ് മലയാളം പഠിപ്പിച്ചു. കവിതയെ പറ്റി പറഞ്ഞുതരുമ്പോൾ 'നിങ്ങൾക്ക് കവിത എഴുതാൻ പറ്റുമോ ?' എന്നൊരു ചോദ്യം അദ്ദേഹം ഞങ്ങളിലേയ്ക്കെറിഞ്ഞു ! നാലുവരി കവിത ബോർഡിൽ കുറിച്ചിട്ടു. അതിങ്ങനെ...

'അമ്മേ ! തരേണം മമ കഞ്ഞി വേഗം ചെമ്മേ, ഗമിയ്ക്കണം പാഠം പഠിയ്ക്കണം അല്ലായ്കിലമ്മേ മമ മാർക്ക് പോകും കൊല്ലാവസാനം ബത തോറ്റു പോകും.'

ഞങ്ങൾ കുട്ടികൾ ഈ കവിതാശകലവുമായി കെട്ടിമറിഞ്ഞു. എന്തൊക്കെയോ കുത്തിക്കുറിച്ച് അദ്ധ്യാപകന് കൈമാറി. ഞങ്ങൾക്കെന്ത് കവിത ?

പക്ഷെ ആ വരികൾ മനസ്സിൽ പൂണ്ടുകിടന്നു. മണ്ണിൽ പൊതിഞ്ഞ വിത്തുപോലെ. കാലം ചെന്നപ്പോൾ അത്ഭുതം ! അതിന് മുള പൊട്ടി. നൂറോളം കവിതകൾ ആ തായ്മരത്തിൽ പൂത്തുലഞ്ഞു. അത് അക്ഷരങ്ങളായി വായനക്കാരുടെ മനസ്സിൽ സ്ഥാനം പിടിച്ചു. അങ്ങനെ ഞാനും ഒരു കവിയായി !!

ഗുരോ ! അങ്ങയുടെ അക്ഷരശക്തിയും വിശുദ്ധിയും ഞാനിന്ന് തിരിച്ചറിയുന്നു. ഓർമ്മകളിലെ ആ നിറദീപത്തിനു മുന്നിൽ പ്രണാമം !

മേനോൻ മാസ്റ്റർ - അച്യുതമേനോൻ - നാടുവാഴിയുടെ മകൻ. പണ്ഡിതൻ, സ്നേഹസമ്പന്നൻ. പ്രഗത്ഭനായ അദ്ധ്യാപകൻ. കുട്ടികളെ ഹൃദയത്തോട് ചേർത്തുവെയ്ക്കുന്നവൻ. മിതഭാഷി. ഏത് വിഷയമെടുത്താലും അത് മനസ്സിൽ വെളിച്ചമായി ജ്വലിപ്പിയ്ക്കുന്ന അക്ഷരാഭ്യാസി. മരണം വരെ എനിയ്ക്ക് ആ അദ്ധ്യാപകനുമായി ബന്ധമുണ്ടായിരുന്നു.

അടുത്തയാൾ ഒരു നമ്പ്യാർ മാഷ് ! കുറുപ്പ് മാഷ് എന്നാണ് ഞങ്ങൾ വിളിയ്ക്കാറ്. കടത്തനാട്ടുകാരൻ - തച്ചോളി ഒതേനക്കുറുപ്പിന്റെ നാട്ടുകാരൻ. കളരിയഭ്യാസ വിദഗ്ദ്ധനാണെന്ന് മാഷ് തട്ടിവിടും. പത്തിരുപതുപേർ നേരിട്ടുവന്നാൽ മാഷ്ക്ക് പുല്ല് ! തച്ചോളി ഒതേനക്കുറുപ്പിനെ ഞങ്ങൾ മാഷിൽ സങ്കൽപ്പിയ്ക്കും. അതുകൊണ്ട് നമ്പ്യാര് മാഷെ, ഞങ്ങൾ കുറുപ്പ് മാഷാക്കി ! വിടൽസിൽ മാഷ് ഒട്ടും പിന്നിലല്ല. കഥകൾ പറഞ്ഞുതരും. അതുകൊണ്ട് മാഷെ ഞങ്ങൾക്ക് പെരുത്തിഷ്ടം !

ഒരിയ്ക്കൽ മാഷ് ഒരു കഥ പറഞ്ഞുതന്നു. കുറുങ്ങാട്ടെ കുറുപ്പിന്റെ കഥ. ധനാഢ്യൻ, ജന്മി. കിരീടം വെയ്ക്കാത്ത രാജാവ്. ഭൃത്യവർഗ്ഗം നിരവധി. തിരുവായ്ക്കെതിർവായില്ലാത്തവൻ ! കൊല്ലിനും കൊലയ്ക്കും അധികാരമുള്ളവൻ. തെറ്റിദ്ധരിയ്ക്കേണ്ട. വീരശൂര പരാക്രമിയൊന്നുമല്ല. അദ്ദേഹത്തിന്റെ ഹോബി കേട്ടാൽ നിങ്ങൾക്കത് മനസ്സിലാവും. മൃഷ്ടാന്നഭോജനവും കഴിഞ്ഞ്, അൽപസമയം ഉറങ്ങി വിശ്രമവും കഴിച്ചശേഷം കുറുപ്പിന് ഒരു ഹോബിയുണ്ട്. തന്റെ ഇരട്ടക്കുഴൽ തോക്ക് തുടച്ച് വൃത്തിയാക്കി, ഉണ്ട നിറച്ച് കുറുപ്പ് നാലുകെട്ടിൽ പ്രവേശിയ്ക്കും. പിന്നെ വെടിയൊച്ചയാണ്. എന്താണ് സംഭവമെന്നല്ലെ. നാലുകെട്ടിൽ അവിടവിടെ കാണുന്ന കൂറകളെ വെടിവെയ്ക്കയാണ് മൂപ്പർ ! എങ്ങനെയുണ്ട് ? ഞങ്ങൾ ചിരിയ്ക്കും. വീരശൂര പരാക്രമിയായ കുറുപ്പിനെയോർത്ത്!

വളർന്നുവലുതായതോടെ ഈ കഥ മനസ്സിൽ തികട്ടിവന്നു. അപ്പോഴാണറിയുന്നത് ഈ കഥയ്ക്ക് വലിയ അർത്ഥതലങ്ങളുണ്ടെന്ന്. പുരാണത്തിലും ചരിത്രത്തിലുമെല്ലാം കൂറയാക്കപ്പെട്ടവർ നിരവധിയാണെന്ന തിരിച്ചറിവ്. എല്ലാ യുഗങ്ങളിലുമുണ്ട് ഇത്തരം കൂറകൾ. ഒരോട്ടപ്രദക്ഷിണം നടത്തുമ്പോൾ അത്തരം കൂറകളെ നമുക്ക് കാണാൻ കഴിയും. ത്രേതായുഗത്തിലെ ശംബുകൻ, ദ്വാപരയുഗത്തിലെ ഘടോൽക്കചൻ, ഏകലവ്യൻ, കലിയുഗത്തിൽ വയനാട്ടിലെ ചുരം കണ്ടുപിടിച്ച കരിന്തണ്ടൻ !

ചരിത്രത്തിലാണെങ്കിൽ എല്ലാ സാമ്രാജ്യമോഹികളായ ചക്രവർത്തിമാരും സ്വാതന്ത്ര്യദാഹികളായ ജനതയെ കൂറകളാക്കി മാറ്റിയതായി നമുക്ക് കാണാം. നമ്മുടെ അശോക ചക്രവർത്തിയടക്കം. അക്ബർ ചക്രവർത്തിയുടെ മകൻ സലിം രാജകുമാരൻ (ജഹാംഗീർ) ഒരു കൊട്ടാരം ദാസിയുമായി പ്രണയത്തിലായി. ഇതറിഞ്ഞ മഹാനായ അക്ബർ ചക്രവർത്തി അവളെ - അനാർകലിയെ - ജീവനോടെ കുത്തനെ നിർത്തി ചുറ്റും കല്ലറ പണിത് അവസാന ശ്വാസം നിലയ്ക്കുന്നതുവരെ കണ്ടുരസിച്ചു !

'തന്നിലെളിയത് തനിക്കിര' എന്ന പ്രാകൃതമായ യുക്തിവാദം

മുഴക്കിയവരാണ് ഇവരെല്ലാം. വലിയ മത്സ്യം ചെറിയ മീനുകളെ വെട്ടി വിഴുങ്ങുന്നു. പാമ്പ് തവളയെ പിടിച്ചുതിന്നുന്നു. സിംഹവും, പുലികളും പാവം മാൻപേടകളെ കടിച്ചുകീറി കൊല്ലുന്നു, തിന്നുന്നു. ഇതാണ് പ്രകൃതി നമ്മെ പഠിപ്പിയ്ക്കുന്ന പാഠം എന്ന് ഒരു കൂട്ടർ. 'കൊന്നാൽ പാപം തിന്നാൽ തീരും' എന്ന് മറ്റൊരു കൂട്ടർ. അവിടെയാണ് ശ്രീബുദ്ധന്റെ പ്രവചനം – 'ജീവൻ നല്കാനാവാത്തവർക്ക് അതെടുക്കാൻ എന്ത് അധികാരം ?'

പ്രായോഗികമല്ലെങ്കിലും ആ പ്രവചനത്തോട് ചേർന്നുനില്ക്കാനാണ് എന്റെ മനസ്സ് കൊതിയ്ക്കുന്നത്. വിഡ്ഢി ! പമ്പരവിഡ്ഢി!! വായനക്കാരുടെ മനസ്സ് മന്ത്രിയ്ക്കുന്നത് ഞാൻ കേൾക്കുന്നു !! ●

# നേർവര



**ബിബിത് പാലക്കാട്**
**9567471727**

കരികൊണ്ടൊരു നേർവര
അതിനു മുകളിൽ
ഒറ്റക്കാലിൽ നിൽക്കണം
ഇടത്തോട്ടോ വലത്തോട്ടോ
മുന്നിലേയ്ക്കോ പിന്നിലേയ്ക്കോ
നീങ്ങരുത്, ചരിയരുത്...


ചാട്ടവാറിൽ ആണി തറച്ച്,
ചെവി മൂടിക്കെട്ടിയ
കാവൽക്കാർ
ചുറ്റിലും നിൽപ്പുണ്ട്...

രണ്ടും രണ്ടും
അഞ്ചെന്ന് പഠിപ്പിച്ച
പടച്ചോനും,
കണ്ണു തുറന്ന്
കാലിടറുന്നതും നോക്കി
നങ്കൂരമിട്ടിരിപ്പുണ്ട്..!



# മലയാള സിനിമ പിന്നണി ഗാനരംഗത്തെ ആദ്യകാല നക്ഷത്രങ്ങൾ





**ടി. വി. നാരായണൻ കുട്ടി**
**9446030344**

## ജിക്കി

**പി**ന്നണിഗാനരംഗത്ത് 'ജിക്കി' എന്നറിയപ്പെടുന്ന ഇവരുടെ പൂർണ്ണനാമം 'പി. ജി. കൃഷ്ണവേണി' എന്നാണ്. 1935 നവംബർ 3ന്ന് ഗണപതി നായഡുവിന്റേയും, രാജകാന്തമ്മയുടേയും മകളായി, പണ്ട് മദ്രാസ് പ്രസിഡൻസിക്ക് കീഴിലായിരുന്ന ആന്ധ്രപ്രദേശിലെ 'ചന്ദ്രഗിരി' എന്ന സ്ഥലത്താണ് ജനനം. തമിഴ്, കന്നട, തെലുങ്ക്, മലയാളം, ഹിന്ദി, സിംഹള ഭാഷകളിലായി ഏതാണ്ട് പത്തായിരത്തോളം ഗാനങ്ങളാലപിച്ചിട്ടുണ്ടാവുമെന്നാണ് പറയപ്പെടുന്നത്. തെലുങ്ക് മാതൃഭാഷയാണെങ്കിലും, തമിഴ് സ്പഷ്ടമായിവർ സംസാരിക്കും. തിരുപ്പതിക്കടുത്തുള്ള ചന്ദ്രഗിരിയിൽനിന്നും ജിക്കിയുടെ കുടുംബം ജീവിതവൃത്തിക്കായി ചെന്നൈയിലേക്ക് താമസം മാറ്റുകയാണുണ്ടായത്.

ജിക്കിയുടെ അമ്മാമനായ ദേവരാജനായഡു, അക്കാലത്ത് കന്നട നാടക-സിനിമ ലോകത്തെ പ്രശസ്തനായ 'ഗുബ്ബി വീരണ്ണ'യോടൊത്ത് സംഗീതസംവിധാനരംഗത്ത് പ്രവർത്തിച്ചിരുന്നു. ഇദ്ദേഹമാണ് നന്നേ ചെറുപ്പത്തിൽ തന്നെ കൃഷ്ണവേണിയെ സിനിമാലോകത്തേക്ക് ആനയിച്ചത്. അഭിനേതാക്കൾ തന്നെ പാടുന്ന സമ്പ്രദായമായിരുന്നു അക്കാലത്ത്. അതായത് 1943ൽ 'ഗൂഡവള്ളി രാമ ബ്രഹ്മം' സംവിധാനം ചെയ്ത 'പന്തുലമ്മ' എന്ന സിനിമയിൽ ഒരു ചെറിയ കഥാപാത്രത്തെ പ്രതിനിധാനം ചെയ്ത് ജിക്കി തന്റെ അരങ്ങേറ്റം കുറിച്ചു. തുടർന്ന് 1946ൽ 'എക്സ്ക്യൂസ്മി' എന്ന ഹോളിവുഡ് സിനിമയുടെ പുനർനിർമ്മാണമായ 'മംഗലസൂത്രം' എന്ന സിനിമയിലും അഭിനയിച്ചു. ഈ രണ്ട് സിനിമളിലും ഇവരുടെ ശബ്ദസൗകുമാര്യം ഏറെ ശ്രദ്ധിക്കപ്പെട്ടെങ്കിലും, തുടർന്ന് ശാസ്ത്രീയമായ സംഗീതാഭ്യസനത്തിനൊന്നും ഇവർ മുതിർന്നില്ല.

1948–ൽ 'ജ്ഞാനസൗന്ദരി' എന്ന തമിഴ് സിനിമയിൽ എസ്. വി. വെങ്കിട്ടരാമന്റെ സംഗീതസംവിധാനത്തിൽ പാടാനവസരം ലഭിച്ചു. ഇത് വമ്പിച്ച വിജയമായി. ഇതിലെ 'അരുൾ തരും മാതാവേ; ആദിയേ ഇമ്പജ്യോതി' എന്ന ഗാനം സൂപ്പർഹിറ്റായി. ജിക്കി എന്ന കൊച്ചുഗായികയെ ഏവരും അറിയാൻ ഈ ഗാനം ഇടയാക്കി. താമസിയാതെ തമിഴ്, തെലുങ്ക് ഭാഷകൾക്കു പുറമെ കന്നട, മലയാളം സിനിമകളിലും ഇവർക്കവസരം ലഭിച്ചു തുടങ്ങി.

1950ൽ ഇവർ, 'സംസാരം' എന്ന സിനിമയിലൂടെ എ. എം. രാജയെ പരിചയപ്പെടുകയും ഈ പരിചയം വിവാഹത്തിൽ കലാശിക്കുകയും ചെയ്തു. ഈ സിനിമയുടെ നിർമ്മാതാവ് എസ്. എസ്. വാസൻ ജിക്കിക്ക് അദ്ദേഹത്തിന്റെ നിർമ്മാണത്തിലിരിക്കുന്ന ഹിന്ദി സിനിമ 'മിസ്റ്റർ സമ്പത്തി'ലും പാടാനവസരം ന

ൽകി. ഇതിൽ പി. ബി. ശ്രീനിവാസും പാടുകയുണ്ടായി. സിംഹാളീസ് സിനിമകൾ അക്കാലത്ത് മദ്രാസിലാണ് നിർമ്മിച്ചിരുന്നത്. ഇതിനാൽ ഇവയിലും ജിക്കിക്ക് പാടാനവസരം ലഭിച്ചു. 1950 തുടക്കത്തിൽ പി. ലീലയോടൊത്ത് തെന്നിന്ത്യയിലെ മിക്ക ഭാഷകളിലും ജിക്കിക്ക് പാടുവാനായി. പി. സുശീലയുടെ വരവോടുകൂടിയാണ് തിരക്കല്പം കുറഞ്ഞത്. ഇവർ തമ്മിൽ ഈ രംഗത്ത് മത്സരമുണ്ടായിരുന്നെങ്കിലും പരസ്പരം സ്നേഹിക്കുകയും, സഹോദരിമാരെപ്പോലെ പെരുമാറുകയും ചെയ്യുമായിരുന്നു. മാത്രമല്ല ഒപ്പം അനേകം ഗാനങ്ങൾ പാടുകയും ചെയ്തു. സിനിമാഗാനങ്ങൾക്ക് പുറമെ ക്രിസ്തീയ ഭക്തിഗാനങ്ങളും ധാരാളം പാടുമായിരുന്നു. എസ്. വി. വെങ്കിട്ടരാമൻ മുതൽ എസ്. എം. സുബ്ബയ്യ നായിഡു, വിശ്വനാഥൻ രാമമൂർത്തി, ദക്ഷിണാമൂർത്തി, കെ. വരദപ്രസാദറാവു, ടി. എ. കല്യാണം, ടി. ജി. ലിങ്കപ്പ, ടി. ആർ. പാപ്പ, ഘണ്ടശാല, എ. എം. രാജ, എം. എസ്. വിശ്വനാഥൻ, ആർ. കെ. ശേഖർ, ശങ്കർ ഗണേഷ്, ഇളയരാജ, ദേവ, ശങ്കർ-ജയകിഷൻ തുടങ്ങി ഏകദേശം അറുപതിലേറെ സംഗീത സംവിധായകരുടെ കീഴിലിവർ പാടി.

ടി. എം. സൗന്ദരരാജൻ, ശീർകാഴി ഗോവിന്ദരാജൻ, തിരുച്ചി ലോകനാഥൻ, ഘണ്ടശാല, പി. ബി. എസ്., എ. എൽ. രാഘവൻ, എസ്. പി. ബി., കെ. ജെ. യേശുദാസ്, മലേഷ്യ വാസുദേവൻ, മനോ, സി. എസ്. ജയരാമൻ, ആർ. ബി. രാമചന്ദ്ര തുടങ്ങി അനേകം ഗായകരോടൊത്ത് പാടുകയും ചെയ്തു. ഗായികമാരിൽ പി. ലീല, പി. സുശീല, എം. എൽ. വസന്തകുമാരി, (സിനിമാ നടി ശ്രീവിദ്യയുടെ അമ്മ), എ. പി. കോമള, രാധാ-ജയലക്ഷ്മി, ശൂരമംഗലം രാജലക്ഷ്മി, ജമുന റാണി, എസ്. ജാനകി, വാണി ജയറാം, പി. എ. പെരിയനായകി എന്നിവരോടൊത്താണ് കൂടുതൽ പാടിയത്. എ. എം. രാജയോടൊത്ത് അനേകം യുഗ്മഗാനങ്ങൾ പാടാനിവർക്കവസരം ലഭിച്ചു. കൂടാതെ ഭർത്താവിന്റെ സംഗീതസംവിധാനത്തിലും അനേകം ഗാനങ്ങളിവർ ആലപിച്ചു. ഇവയെല്ലാം ഇന്നും ആകാശവാണിയിലൂടെ ഇടയ്ക്കിടെ പ്രക്ഷേപണം ചെയ്യുന്നു. മലേഷ്യ, സിങ്കപ്പൂർ, അമേരിക്ക തുടങ്ങി വിദേശരാജ്യങ്ങളിലെ പരിപാടികളിൽ ഇവർ രണ്ടുപേരും പങ്കെടുക്കുകയും പതിവായിരുന്നു.

തീവണ്ടി യാത്രയ്ക്കിടയിൽ അപകടമരണം സംഭവിച്ച എ. എം. രാജയിൽ ഇവർക്ക് 6 മക്കളുണ്ട്. രാജയുടെ മരണശേഷം കുറച്ചുകാലം ഇവർ വിട്ടുനിന്നു. ഇളയരാജയ്ക്ക് വേണ്ടി പാടിക്കൊണ്ടാണിവർ തിരിച്ചുവന്നത്. തന്റെ രണ്ട് മക്കളോടൊത്തൊരു സംഗീത ട്രൂപ്പുണ്ടാക്കി ഇന്ത്യയിലും വിദേശത്തും അനേകം സംഗീതപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തിരുന്നു. മറ്റുപല സംഗീതജ്ഞരെപ്പോലെ, പണത്തോടിവർക്ക് അത്രയൊന്നും ആർത്തിയില്ലായിരുന്നു. ഒരിക്കൽ ഒരു സിനിമയ്ക്ക് വേണ്ടി 5 ഗാനങ്ങൾ പാടിയ ശേഷം അതിന്റെ നിർമ്മാതാവിനോട് തന്റെ പ്രതിഫലം കുറയ്ക്കാനിവർ ആവശ്യപ്പെട്ടു. ഒരു സിനിമയിൽ ഇത്രയധികം ഗാനങ്ങൾ പാടാനവസരം തന്നത് തനിക്ക് നൽകിയ ഒരു ബഹുമതിയായി കണക്കാക്കിയാണീയാവശ്യമവർ ഉന്നയിച്ചത്. ഇവർക്ക് സ്വന്തം ജോലിയോടുള്ള ആത്മാർപ്പണത്തെ ഇത് സൂചിപ്പിക്കുന്നു.

ഒടുവിൽ സ്തനാർബുദം ബാധിച്ച്, ദുരിതങ്ങളനുഭവിച്ച ഇവർ ശസ്ത്രക്രിയയ്ക്ക് വിധേയയായെങ്കിലും, അർബുദം താമസിയാതെ കിഡ്നി, ലിവർ എന്നിവയേയും ബാധിച്ചു. രക്ഷിതാക്കൾ പരമാവധി ശ്രമിച്ചെങ്കിലും ഒടുവിൽ വിധിക്ക് കീഴടങ്ങി. ഇവരുടെ ചികിത്സാ ചിലവിന്നാവശ്യമായ പണം കണ്ടെത്താൻ സുഹൃത്ത് ജമുനാ റാണി പല സംഗീതപരിപാടികളും നടത്തിയിരുന്നു. കൂടാതെ ആന്ധ്ര, തമിഴ്നാട് സർക്കാരും സഹായിച്ചെങ്കിലും അതെല്ലാം വിഫലമായി. ഒടുവിൽ 2004 ആഗസ്റ്റ് 16ന് ചെന്നൈയിൽ അന്തരിച്ചു.

മദ്രാസ് തെലുങ്ക് അക്കാദമിയുടെ 'ഉഗഡി പുരസ്കാരം' തമിഴ്നാട് സർക്കാരിന്റെ 'കലൈമാമണി' പുരസ്കാരം എന്നിവ ലഭിച്ചു. നൂറോളം തെലുങ്ക് സിനിമകളിലും 75-ഓളം തമിഴ് സിനിമകളിലും, കൂടാതെ മലയാള സിനിമാലോകത്തും ഇവർ തന്റെ സംഗീതപാടവം തെളിയിച്ചിട്ടുണ്ട്.

**മലയാളത്തിലെ ചില ഗാനങ്ങൾ**

1. അൻപെഴും പ്രിയതോഴികളെ (ചന്ദ്രിക - 1959)

2) തുള്ളി തുള്ളി ഓ വെള്ളം, ഹാ ഇമ്പം കൊൾക നാം, ഉള്ളം തുള്ളും വിളയാടി (വനമാല - 1951)

3) ഇരുമിഴി തന്നിൽ (ആത്മസഖി - 1952)

4) ഹാ ഹാ ജയിച്ചുപോയി ഞാൻ (വിശപ്പിന്റെ വിളി - 1952)

5) ഗ്രാമത്തിൽ ഹൃദയമേ, മാരിവില്ലൊളി വീശിവന്നൊരു (ആത്മസഖി - 1953)

6) ഹരേ മുരാരേ (ആത്മസമർപ്പണം - 1956)

7) ഒരു കാറ്റും കാറ്റല്ല (അവരുണരുന്നു - 1956)

8) പൂവണിപൊയ്കയിൽ (മന്ത്രവാദി - 1956)

9) കുങ്കുമത്തിൻ പൊട്ടുകുത്തി (നാടോടികൾ - 1959)

10) നേരം പോയ് നട നട (സീത - 1960)

11) കദളിവാഴ കൈയ്യിലിരുന്ന്, രാരീരോ രാരീരാരോ, അപ്പം തിന്നാൻ തപ്പുകൊട്ട്, നിത്യസഹായ നാഥേ (ഉമ്മ - 1960)

12) കഥ പറയാമോ കാറ്റേ (സ്ത്രീഹൃദയം - 1960)



## സി. ഒ. ആന്റോ

1958 മുതൽ 2001 വരെ നാടകങ്ങളിലും സിനിമകളിലുമായി പിന്നണി പാടിയ, ഒരു പ്രത്യേക ശബ്ദത്തിന്നുടമയായ വ്യക്തിയായിരുന്നു സി. ഒ. ആന്റോ. കച്ചേരികളാ

യിരുന്നു തുടക്കം. കൂടാതെ അഭിനയവും തൊഴിലാക്കിയിരുന്നു. 'ഓടയിൽ നിന്ന്' എന്ന സിനിമയിൽ സത്യന്റെ കൂടെ ഒരു സപ്പോർട്ടിങ്ങ് റോൾ ചെയ്തതിന് ശേഷം ദേവരാജൻ മാസ്റ്ററാണ് 'കടലമ്മ' എന്ന സിനിമയ്ക്ക് വേണ്ടി ഇദ്ദേഹത്തെ ക്ഷണിച്ചത്. 'കുമ്മിയടിക്കുവിൻ' എന്ന ഗാനമാണ് ഇതിൽ പാടിയത്. തുടർന്ന് 160-ഓളം സിനിമകളിലായി 178-ഓളം ഗാനങ്ങൾ ഇദ്ദേഹം ആലപിച്ചിട്ടുണ്ട്. ഇദ്ദേഹത്തിന്റെ പ്രശസ്തമായൊരു നാടകഗാനം 'മധുരിക്കും ഓർമ്മകളെ മലർമഞ്ചൽ കൊണ്ടുവരൂ...' ഇന്നും ഏവരുടേയും ഇഷ്ടഗാനമായി തന്നെ തുടരുന്നു. 1962ൽ പാടിയ, എത്ര കേട്ടാലും മതിവരാത്ത ഈയൊരൊറ്റ ഗാനം മതി ഇദ്ദേഹത്തെ ഓർക്കാൻ. 1960-70 കാലങ്ങളിലാണേറെ ശോഭിച്ചത്. അഗ്നിപുഷ്പത്തിലെ 'ചിങ്ങക്കുളിർ കാറ്റേ', കടൽപ്പാലം നാടകത്തിലെ 'കണ്ണില്ലാത്തൊരു', 'വാസന്തരാവിൻ' എന്നിവയും ഇദ്ദേഹത്തിന്റെ മികച്ച ഗാനങ്ങളാണ്. 2001 ഫെബ്രുവരി 24-നാണിദ്ദേഹം അന്തരിച്ചത്.

**പ്രശസ്ത ഗാനങ്ങൾ**

1. കുമ്മിയടിക്കുവിൻ (കടലമ്മ - ദേവരാജൻ - 1963)
2. ഉണ്ണണം ഉറങ്ങണം (ഒരാൾ കൂടി കള്ളനായി - 1964)
3. വീടിന് പൊൻമണി വിളക്കുനീ (കുടുംബം - 1964)
4. പത്തുപറ വിത്തു പാകി (ഇണപ്രാവുകൾ - എൽ. ആർ. ഈശ്വരി - 1965)
5. പണമൊരു ബല്ലാത്ത പണ്ടാരക്കാലൻ (ലക്ഷപ്രഭു - 1968)
6. ഭൂഗോളം തിരിയുന്നു (പാടുന്ന പുഴ - ഉദയഭാനു - 1968)
7. ഹം തോ പ്യാർ കർനേ ആയേ ഹേ (രഹസ്യം - പി. ജയചന്ദ്രൻ, ബി. വസന്ത - 1969)
8. വേഷത്തിന് റേഷനായി (ബല്ലാത്ത പഹയൻ - 1969)
9. ഇന്നലെ ഞാനൊരു (വിരുന്നുകാരി - എസ്. ജാനകി - 1969)
10. കാലമെന്ന കാരണവർക്ക് (കള്ളിച്ചെല്ലമ്മ - പി. ലീല - 1969)
11. ഒരായിരം കിനാക്കളാൽ (റാംജി റാവ് സ്പീക്കിങ്ങ് - എം. ജി. ശ്രീകുമാർ, ഉണ്ണിമേനോൻ, കെ. എസ്. ചിത്ര - 1989)
12. കര കാണാകടലലമേലേ (നാടോടിക്കാറ്റ് - കെ. ജെ. യേശുദാസ് - 1987)
13. മിണ്ടണ്ട മിണ്ടണ്ട (വാചാലം - കൃഷ്ണചന്ദ്രൻ - 1997)
14. തെങ്ങിന്മേൽ കേറണതാര് (കാവടിയാട്ടം - ജി. വേണുഗോപാൽ - 1998)
15. പാണ്ടിമദ്ദളം (ഇലവങ്കോട് ദേശം - സുജാത - 1998)
16. കൊച്ചു കുട്ടിയേ (മുത്തശ്ശി - അരുന്ധതി - 2001)
17. ചിങ്ങക്കുളിർ കാറ്റേ (അഗ്നിപുഷ്പം - എം. ജി. ശ്രീകുമാർ - 2001)

***അടുത്ത ലക്കം : 1) വാണി ജയറാം 2) ജാനമ്മ ഡേവിഡ്***

■ കവിത

# പനങ്കൊറ്റൻ



**രാജീവ് മാമ്പുള്ളി**
**9961070707**

കാഴ്ചപ്പാടു മാറ്റും
സമഗ്ര കാഴ്ചകൾ
കാണാമീയൊറ്റപ്പന
യുയരത്തിൽ നിന്ന്

മേൽക്കൂര കൊണ്ടു
മറച്ചാലും, ചുമരുകീറി
പുറത്തു വരാതിരിക്കില്ല
അരുതാതിളകാഴ്ചകൾ!

കുളം, തോട്, വീട്, തൊടി
ഇടവഴികളിലെ
രഹസ്യദേശങ്ങൾ
നിരപ്പിൽ നിന്നും
കാണാത്തതെന്തും

ഒരിടത്ത്, ഒരേ സമയത്ത്,
ജനനമരണങ്ങൾ,
വിവാഹങ്ങൾ, വിരഹങ്ങൾ,
വീടിരിക്കലുകൾ,
പലായനങ്ങൾ,
പ്രതിഷേധ സമ്മേളനങ്ങൾ,
തീപ്പന്ത ജാഥകൾ,
തീർപ്പുകൾ,
തീണ്ടലുകൾ,
തിളചിന്താതളപ്പിൽ
ഉരഞ്ഞ്

ഉന്നതിയിലെത്തും
ധിഷണാ ചേർച്ചകൾ,
വിളയുത്സവങ്ങൾ,
വിത്ത് പാട്ടുകൾ,
പ്രണയോൽക്കർഷങ്ങൾ,
ഇണചേർച്ചകൾ,
വാക്കേറ്റങ്ങൾ,
കൈയ്യാങ്കളികൾ,
കച്ചവട പ്രലോഭനങ്ങൾ,
അഴിയാ പതർച്ചകൾ,
കണയെറിഞ്ഞു വീഴ്ത്തി
മറഞ്ഞിരിക്കുന്ന
കുടില രാഷ്ട്രീയ ചന്തകൾ,
വിരൽ വിടവകലങ്ങളിലെ
വൈരുദ്ധ്യങ്ങൾ,
വൈവിദ്ധ്യങ്ങൾ,
പതിരുകൾ വീണു
തഴച്ചുവളരുന്ന
വിണ്ടമണ്ണിടങ്ങൾ

വിടർന്നുറയ്ക്കാത്ത
കാഴ്ചപ്പാടുകളെ
ആകെമാറ്റും ആകാശകാഴ്ച

തീ തളയൊന്നു വേണമീ
കരിമ്പനയൊന്നു കേറാൻ

പോറലുകൾ
തിണർത്തുണങ്ങിയ
നെഞ്ചിൻ തഴമ്പുരഞ്ഞ്
മുകളിലെത്താൻ


ഒറ്റ കൂമ്പിലൂറും
കള്ളൊന്നു കുടിച്ചുമദിച്ചു
പനങ്കൊറ്റനായി
ഉള്ളുയരംതേടി നിറയാൻ!

# നാടിനെ അറിയാം, നാട്ടാരേം
# പത്തനംതിട്ട ജില്ല (രണ്ടാം ഭാഗം)




**പു**ണ്യനദിയുടെ (പമ്പ) നാടായ പത്തനംതിട്ട സമാനതകൾ ഇല്ലാത്തവിധം സവിശേഷതകൾ നിറഞ്ഞ ഒരു നാടാണ്. കേരളത്തിലെ ആദ്യത്തെ പഞ്ചസാര ഫാക്ടറി പുളിക്കീഴിലാണ് സ്ഥാപിതമായത്. ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡ് (TSCL) എന്ന പേരിൽ അറിയപ്പെടുന്ന ഈ സർക്കാർ കമ്പനി 1948 മുതൽ വ്യവസായാടിസ്ഥാനത്തിൽ ഉത്പാദനം തുടങ്ങി. കടുത്ത കരിമ്പ് ക്ഷാമത്തെ തുടർന്ന് 1998 മുതൽ പഞ്ചസാര ഉത്പാദനം നിർത്തിവെച്ചെങ്കിലും അതിന്റെ ഡിസ്റ്റലറി വിഭാഗം ഇന്നും പ്രവർത്തന ക്ഷമമാണ്. മദ്യ ഉത്പാദനത്തോടൊപ്പം സ്പിരിറ്റ് നിർമ്മാണവും വിതരണവും ഈ ഫാക്ടറി നടത്തുന്നുണ്ട്. ചെറുകിട വരുമാനക്കാരുടേയും പാവപ്പെട്ടവരുടേയും, മുഴുക്കുടിയന്മാരുടേയും വിലകുറഞ്ഞ ബ്രാൻഡ് ആയ Jawan Deluxe XXX Rum ഉത്പാദിപ്പിക്കുന്നത് ഈ ഫാക്ടറിയിൽ നിന്നാണ്.

സർക്കാർ ഉടമസ്ഥതയിൽ ഉള്ള കേരളത്തിലെ ഏക താറാവ് വളർത്തൽ കേന്ദ്രം (Duck Farm) തിരുവല്ലയ്ക്ക് അടുത്ത് സ്ഥിതി ചെയ്യുന്ന നിരണത്താണ്. മൃഗസംരക്ഷണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള



ഡോ. ഒ. സി. പ്രമോദ്
9446071421

ഈ സ്ഥാപനം ആരംഭിച്ചത് 1966ൽ ആണ്. വിവിധ ഇനത്തിലുള്ള താറാവിൻ കുഞ്ഞുങ്ങളേയും താറാവിനേയും അവയുടെ മുട്ടയും ആവശ്യക്കാർക്ക് നൽകുന്നത് കൂടാതെ താറാവ് വളർത്തലിനുള്ള പരിശീലനവും ഇവിടെ നൽകാറുണ്ട്.

ഭക്തി പ്രസ്ഥാനത്തിലൂടെ ശ്രദ്ധേയരായ കണ്ണശ്ശ കവികളുടെ (നിരണം കവികൾ) ജന്മസ്ഥലവും നിരണത്ത് തന്നെയാണ്. മൂന്ന് പേരുള്ള ഇവർ 'നായർ കവികളെ'ന്നും അറിയപ്പെടുന്നു. 1350നും 1450നും ഇടയിൽ ജീവിച്ചിരുന്നവരാണ് ഇവരെന്നും മാധവപ്പണിക്കർ, ശങ്കരപ്പണിക്കർ, രാമപ്പണിക്കർ എന്നുമായിരുന്നു ഇവരുടെ പേരുകളെന്നും സാക്ഷ്യപ്പെടുത്തുന്നു. രാമപ്പണിക്കരുടെ അമ്മാവന്മാരായിരുന്നു മറ്റ് രണ്ടുപേരും എന്ന് വിശ്വസിക്കപ്പെടുന്നു. മാധവപ്പണിക്കരുടെ പ്രധാനസൃഷ്ടികൾ ഭാഷാ ഭഗവത് ഗീത, ഭഗവത് ഗീതയുടെ മലയാളം വിവർത്തനം എന്നിവയാണ്. ശങ്കരപ്പണിക്കരുടെ 'ഭാരതം' മഹാഭാരതത്തിന്റെ മലയാള വിവർത്തനമാണ്. ഇവരിൽ പ്രധാനി രാമപ്പണിക്കരാണ്. അദ്ദേഹത്തിന്റെ 'കണ്ണശ്ശ രാമായണ'വും 'കണ്ണശ്ശ ഭാരത'വും നിലവാരത്തിൽ മുമ്പിട്ട് നിൽക്കുന്ന ഗ്രന്ഥങ്ങളാണ്.

സരസകവി മൂലൂർ എസ്. പത്മനാഭപ്പണിക്കരുടെ (1869 - 1931) ജന്മസ്ഥലം ഇലവുംതിട്ടയിലുള്ള മൂലൂർ എന്ന സ്ഥലത്താണ്. കവി എന്നതിൽ ഉപരി, വിവിധ കർമ്മമണ്ഡലങ്ങളിൽ പ്രവർത്തിച്ച പ്രതിഭ കൂടിയായിരുന്നു മൂലൂർ. സാമൂഹിക പരിഷ്ക്കർത്താവ്, ശ്രീമൂലം പ്രജാസഭാംഗം, വൈദ്യൻ, കളരി ഗുരു, SNDP യോഗം വൈസ് പ്രസിഡന്റ് തുടങ്ങിയ സ്ഥാനങ്ങളിലും തിളങ്ങിയിട്ടുണ്ട്. ശ്രീനാരായണ ഗുരുവുമായി അടുത്ത ബന്ധം ഉണ്ടായിരുന്നതിനാൽ അദ്ദേഹത്തിന്റെ ഭവനത്തിൽ ഗുരു പലവട്ടം എത്തുകയും അന്തിയുറങ്ങുകയും ചെയ്തിട്ടുണ്ട്. കവിരാമായണം, ആസന്നമരണ ചിന്താശതകം, നള ചരിതം, കൃഷ്ണാർജ്ജുന വിജയം, കിരാതം, കുചേലവൃത്തം, കോകില സന്ദേശം, അവസരോക്തിമാല, തീണ്ടൽ ഗാഥ തുടങ്ങിയ ഒട്ടേറെ ഗ്രന്ഥങ്ങളുടെ കർത്താവാണ് മൂലൂർ. അദ്ദേഹത്തിന്റെ വീട് കേരള സാംസ്കാരിക വകുപ്പ് ഏറ്റെടുത്ത് സ്മാരകമായി സൂക്ഷിക്കുന്നു. എല്ലാ വിദ്യാരംഭ ദിനത്തിലും നൂറ് കണക്കിന് കുരുന്നുകൾ ആദ്യാക്ഷരം കുറിക്കാൻ ഈ സരസകാവ്യ സന്നിധിയിലെത്തിച്ചേരാറുണ്ട്.

മഹാകവി പന്തളം കേരളവർമ്മ (1879-1919) പന്തളം രാജവംശത്തിലെ അംഗമാണ്. മലയാളത്തിൽ ആദ്യമായി ഒരു മഹാകാവ്യം രചിച്ചത് ഇദ്ദേഹമാണ്. രുഗ്മാംഗദ ചരിതം, വിജയോദയം എന്നീ രണ്ട് മഹാകാവ്യം ഇദ്ദേഹത്തിന്റെ സംഭാവനയാണ്. മലയാളത്തിലെ ആദ്യ തുടർ പ്ര

സിദ്ധീകരണമായ 'കവന കൗമുദി' യുടെ ഉടമസ്ഥനും അതിന്റെ ചീഫ് എഡിറ്ററും ആയിരുന്നു ഇദ്ദേഹം. പദം കൊണ്ട് പന്താടിയ പന്തളം, കേരളത്തിലെ സ്കൂളുകളിൽ, മുഴങ്ങിക്കേൾക്കുന്ന 'അഖിലാണ്ഡ മണ്ഡലം അണിയിച്ചൊരുക്കി...' എന്ന പ്രാർത്ഥനഗീതം എഴുതിയ വ്യക്തിയാണ്.

കടമ്മനിട്ട എന്ന ഗ്രാമം മലയാളികളുടെ മനസ്സിൽ ഇടം പിടിച്ചത് രണ്ട് തരത്തിലാണ്. പടയണിയെന്ന അനുഷ്ഠാനകലാരൂപം വളർന്ന് വന്നത് കടമ്മനിട്ട എന്ന ഗ്രാമത്തിലാണ്. കടമ്മനിട്ട രാമകൃഷ്ണ പിള്ള എന്ന ഗ്രാമീണ കവിയിലൂടേയും ഈ നാടിന്റെ പ്രശസ്തി കടലുകടന്ന് മലയാളികളുള്ളിടത്തെല്ലാം എത്തിച്ചേർന്നു. പടയണി (പടേണി) പത്തനംതിട്ടയിലെ പല ക്ഷേത്രങ്ങളിലും നടക്കുന്നുണ്ടെങ്കിലും കവിയുടെ പ്രശസ്തിയോടെ കടമ്മനിട്ട പടയണിയും കൂടുതൽ സ്വീകാര്യമായി. ഇന്ന് കടമ്മനിട്ട ഗ്രാമത്തെ 'പടയണി ഗ്രാമം' ആയി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

കോൺഗ്രസ്സിലും നായർ സർവ്വീസ് സൊസൈറ്റിയിലും പ്രവർത്തിച്ച് പിന്നീട് റാഡിക്കലിസത്തിന്റെയും കമ്മ്യൂണിസ്റ്റ് പാർട്ടിയുടേയും (CPI) നേതൃത്വം അലങ്കരിച്ച വ്യക്തിത്വത്തിനുടമയാണ് എം. എൻ. ഗോവിന്ദൻ നായർ (1910–1984). ഗാന്ധിജിയോടൊപ്പം വാർദ്ധ ആശ്രമത്തിൽ ഒരുവർഷ പരിശീലനം നേടിയിട്ടുണ്ട്. എം. എൽ. എ., എം. പി., മന്ത്രി എന്നീ നിലകളിൽ ശോഭനീയമായ മാതൃകകൾ കാട്ടിത്തന്ന ഇദ്ദേഹമാണ് കേരളത്തിൽ 'ലക്ഷം വീട്' പദ്ധതിക്ക് രൂപം കൊടുത്തത്.

തിരുവിതാംകൂറിൽ 1931–38 കാലഘട്ടത്തിൽ അലയടിച്ച നിവർത്തന പ്രക്ഷോഭത്തോടനുബന്ധിച്ച് പ്രക്ഷോഭനേതാവായിരുന്ന സി. കേശവൻ 1935ൽ നടത്തിയ 'കോഴഞ്ചേരി പ്രസംഗം' ചരിത്രതാളുകളിൽ ഇടം തേടുകയും തുടർന്ന് അദ്ദേഹത്തിന് കാരാഗ്രഹ വാസം നടത്തേണ്ടതായും വന്നു. നിയമസഭയിൽ (പ്രജാമണ്ഡലം സഭ) ജനസംഖ്യാനുപാതമായി സീറ്റുകൾ വേണമെന്ന് ആവശ്യപ്പെട്ട് ക്രിസ്ത്യാനികൾ, മുസ്ലീങ്ങൾ, ഈഴവർ തുടങ്ങിയ സംയുക്ത സമരസമിതി നടത്തിയ പ്രക്ഷോഭമായിരുന്നു നിവർത്തന പ്രക്ഷോഭം.

മഹാകവി കെ. വി. സൈമൺ (1883–1944) ജനിച്ചത് ഇടയാറന്മുളയിലാണ്. വേദ വിഹാരം (മഹാകാവ്യം) നല്ല ശമര്യൻ (പദ്യകൃതി), സംഗീത രത്നാവലി തുടങ്ങിയവ അദ്ദേഹത്തിന്റെ പ്രധാന കൃതികളാണ്.

കോട്ടയം കേന്ദ്രമായി പ്രവർത്തിക്കുന്ന മലയാള മനോരമ പത്രത്തിന്റെ സ്ഥാപകൻ ശ്രീ. വറുഗീസ് മാപ്പിള കണ്ടത്തിൽ (1858–1904) ജനിച്ചത് തിരുവല്ലയ്ക്ക് അടുത്തുള്ള നിരണം എന്ന പ്രദേശത്താണ്. സാഹിത്യപോഷണം ലക്ഷ്യമാക്കി 'ഭാഷാപോഷിണി' ആരംഭിച്ചതും ഇദ്ദേഹം തന്നെയാണ്. 1904 ൽ തിരുവല്ലയ്ക്ക് സമീപത്തുള്ള തിരുമൂലപുരത്ത് പെൺകുട്ടികളുടെ പഠനം ലക്ഷ്യമാക്കി അദ്ദേഹം സ്ഥാപിച്ച ബാലികമഠം സ്കൂൾ ഇന്ന് വളർന്ന് പന്തലിച്ച് ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് ആശ്രയമാകുന്ന വിദ്യാഭ്യാസ സ്ഥാപനമായി വളർന്നത് അദ്ദേഹത്തിന്റെ ദീർഘദൃഷ്ടി കൊണ്ടുമാത്രമാണ്.

സ്കൂളുകളും കോളേജുകളും എല്ലാ ജില്ലകളിലും ധാരാളമുണ്ടെങ്കിലും വേറിട്ട സ്വഭാവ സവിശേഷതകൾ ഉള്ള പല സ്കൂളുകളും ഈ ജില്ലയിൽ കാണാം. ഒരുപക്ഷെ ജനസംഖ്യാനുപാതികമായി ഏറ്റവും കൂടുതൽ ആളുകൾ വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന പ്രദേശത്തുകാരായതിനാലാവാം വിദേശരാജ്യങ്ങളിലെ പല സവിശേഷതകളും കടമെടുക്കുന്ന രീതി ഇവിടെ ദർശിക്കാവുന്നത്. പൂജ്യം ശതമാനം മാത്രം ജനസംഖ്യ വർദ്ധനവും ജനസാന്ദ്രത വളരെ കുറവും ഉള്ള ഈ ദേശത്ത് പലരും കുടുംബത്തോടെയോ, കുറഞ്ഞപക്ഷം ഒരു വീട്ടിൽ നിന്ന് ഒരാളെങ്കിലുമോ വിദേശരാജ്യങ്ങളിൽ, പ്രത്യേകിച്ച് യൂറോപ്യൻ രാജ്യങ്ങളിൽ ജോലി ചെയ്യുന്നതും അവരിൽ ബഹുഭൂരിപക്ഷവും വിദ്യാസമ്പന്നരും ആണെന്നതും ആണ് സവിശേഷത (എണ്ണം കൊണ്ട് ഏറ്റവും കൂടുതൽ പേർ വിദേശത്ത് ജോലി ചെയ്യുന്നവർ മലപ്പുറത്തുകാരാണ്. പക്ഷെ അവരുടെ ജില്ലയിലെ ജനസംഖ്യ ഇവിടുള്ളതിനേക്കാൾ എത്രയോ ഇരട്ടിയാണ്). ജർമ്മനിയിലേയും ഇറ്റലിയിലേയും എന്ന് വേണ്ട ഒട്ടുമിക്ക യൂറോപ്യൻ അമേരിക്കൻ രാജ്യങ്ങളിൽ ജോലി ചെയ്യുന്നവരുടെ ബന്ധുക്കളെ പത്തനംതിട്ട ജില്ലയിൽ കാണാം.

ആറന്മുളയ്ക്ക് അടുത്തുള്ള മാലക്കര എന്ന ദേശത്ത് ശ്രീ. അദ്വൈദാനന്ദ പബ്ലിക് സ്കൂൾ എന്ന പേരിൽ ഒരു ICSE സ്കൂൾ ഉണ്ട്. 8 വയസ്സുവരെയുള്ള കുട്ടികൾക്ക് അതാത് ദിവസത്തെ സ്കൂൾ പ്രവർത്തനം തീരുമാനിക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. ഇന്നത്തെ ദിവസം കളി വേണോ പഠനം വേണോ എന്ന് തീരുമാനിക്കുന്നത് കുട്ടികളാണ്. കളികളാണെങ്കിൽ ഏത് കളി, എത്ര സമയം എന്നൊക്കെ അവർ തീരുമാനിക്കും. അദ്ധ്യാപകർ കുട്ടികളുടെ ചൊൽപ്പടിക്ക് നിൽക്കും. 8 മുതൽ 11 വയസ്സുവരെയുള്ള കുട്ടികൾ (യു. പി. ക്ലാസ്സ്) ഗ്രൂപ്പുകളായി പ്രൊജക്റ്റുകൾ ചെയ്യുന്നു. എന്നാൽ അവരുടെ പരീക്ഷയ്ക്ക് കുട്ടികൾ പരസ്പരം സഹായിക്കുന്നതും പറഞ്ഞെഴുതുന്നതുമായ രീതിയാണ് കാണുന്നത്. 12 മുതൽ 14 വരെയുള്ള വയസ്സുകൾ (High School) മുൻപ് കിട്ടിയ ശിക്ഷണത്താൽ മിടുക്കരായി തീരുന്ന കാഴ്ചയാണ് ഈ സ്കൂളിൽ കാണുന്നത്. വിഭിന്ന രീതിയിലുള്ള പഠന രീതികൾ അനുവർത്തിക്കുന്ന പല CBSE/ICSE സ്കൂളുകൾ ഈ ജില്ലയിൽ കാണാം.

സ്വാതന്ത്രസമരകാലത്ത് നിരോധിക്കപ്പെട്ട ഒരു മലയാള പത്രമാണ് 'സ്വദേശാഭിമാനി' എന്നും അതിന്റെ പത്രാധിപരായ രാമകൃഷ്ണ പിള്ളയെ നാടുകടത്തി എന്നും ഒക്കെ മലയാളികൾക്ക് അറിവുള്ള കാര്യമാണല്ലോ. ഈ പത്രം പിന്നീട് പുനരുദ്ധരിക്കുകയും തുടർന്ന് അതിന്റെ പത്രാധിപരായി പ്രവർത്തിക്കുകയും ചെയ്ത ഒരു ഗാന്ധിയൻ പത്തനംതിട്ടയിലുണ്ട്. കെ. കുമാർജി (ഇലന്തൂർ

ഗാന്ധി, 1894-1973) യുടെ ജനന സ്ഥലം ഇലന്തൂരിലാണ്. ഗാന്ധിജിയോടൊപ്പം താമസിക്കുകയും പല സമരപരിപാടികളിലും പങ്കെടുക്കുകയും ചെയ്ത അദ്ദേഹം ഗാന്ധിജിയുടെ പ്രസംഗങ്ങൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്ത് കൊടുത്ത വിശ്വസ്തനായിരുന്നു. തിരുവിതാംകൂർ കോൺഗ്രസ്സ് കമ്മറ്റിയുടെ പ്രസിഡന്റും AICC വർക്കിങ്ങ് കമ്മിറ്റി അംഗവും ഒക്കെയായിരുന്നു. നെഹ്റു സർക്കാരിന്റെ ഉപദേശകനായും അദ്ദേഹം സേവനം അനുഷ്ഠിച്ചിരുന്നു. അധികാര രാഷ്ട്രീയം അറിഞ്ഞുകൂടാത്ത അദ്ദേഹത്തിന് നവ രാഷ്ട്രീയക്കാരുടെ മുമ്പിൽ പിടിച്ചു നിൽക്കാൻ സാധിക്കാതെ പോയി. 1973ൽ അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു.

സ്വകാര്യബാങ്കുകളിൽ മുത്തൂറ്റ് ബാങ്കിന് ശ്രേഷ്ഠമായ സ്ഥാനമാണ് ഉള്ളത്. കോഴഞ്ചേരിയിൽ ചിട്ടി ഇടപാടുകളിലൂടെ ആരംഭം കുറിച്ച് ഇന്ന് ഇന്ത്യയിലെ പ്രധാന ഇടങ്ങളിലെല്ലാം വളർന്ന് പന്തലിച്ച ഈ സ്ഥാപനത്തിന് ബാങ്കിങ്ങ് ഇടപാടുകൾക്ക് പുറമെ ആശുപത്രികൾ, സ്കൂളുകൾ, നഴ്സിംഗ് കോളേജുകൾ, പാരാ മെഡിക്കൽ സ്ഥാപനങ്ങൾ, കാറ്റാടിപ്പാടങ്ങൾ, ഓട്ടോമൊബൈൽ ഡീലർഷിപ്പ്, ഹോട്ടലുകൾ, റിസോർട്ടുകൾ, ഷെയർ മാർക്കറ്റുകൾ തുടങ്ങിയ പല മേഖലകളിലും കൈവച്ചിരിക്കുന്നു. പ്രധാനമായും മുത്തൂറ്റിന് രണ്ട് ഗ്രൂപ്പുകളാണ് ഉള്ളത് എങ്കിലും ഒരു കുടുംബത്തിൽ ഉള്ളവരാണ് ഇവരെന്നതാണ് സത്യം. മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പിന് (MPG) തിരുവനന്തപുരത്താണ് ഹെഡ് ആഫീസ്. ഇവരെ നീലമുത്തൂറ്റ (ബോർഡ് നീല നിറത്തിലാണ്)എന്ന് പറയുന്ന The Muthoot Group ന്റെ ചെയർമാൻ (ചുവന്ന മുത്തൂറ്റ്) എം. ജി. ജോർജ്ജ് മുത്തൂറ്റാണ്. അതിന്റെ കേന്ദ്ര ആഫീസ് കൊച്ചിയാണ്. തുടക്ക സമയത്ത് ലഭിച്ച കള്ളപ്പണമാണ് മുത്തൂറ്റിന്റെ പ്രധാന മൂലധനം എന്ന് നാട്ടുകാർ അടക്കം പറയുന്നുണ്ടെങ്കിലും അത് തെളിയിക്കാൻ രഹസ്യ പോലീസ് എൻഫോഴ്സുമെന്റ് അധികാരികൾക്ക് ഇതുവരെ കഴിഞ്ഞിട്ടില്ല. പലതരത്തിലുള്ള അന്വേഷണം പല വകുപ്പുകൾ മുൻകാലങ്ങളിൽ നടത്തിയെങ്കിലും മൂത്തൂറ്റിന്റെ പ്രഭാവലയത്തിൽ അതെല്ലാം നിഷ്ഫലമായിപ്പോയി എന്ന് പറയേണ്ടതില്ലല്ലോ!

കോഴഞ്ചേരി ആസ്ഥാനമായി പ്രവർത്തിക്കുന്ന മറ്റൊരു പ്രമുഖ ബാങ്കിങ്ങ് സ്ഥാപനമാണ് മുളമൂട്ടിൽ ഫൈനാൻസിയേഴ്സ്. സംസ്ഥാനത്ത് പല ഭാഗങ്ങളിലും ബാങ്കിങ്ങ് സ്ഥാപനങ്ങളും സ്കൂളുകളും ഇവർക്കുണ്ട്.

സർക്കാരിന്റെ ഉടമസ്ഥതയിലുള്ള വാസ്തുവിദ്യ ഗുരുകുലം ആറന്മുളയിലാണ് സ്ഥിതിചെയ്യുന്നത്. തച്ചുശാസ്ത്രവും വാസ്തു ശാസ്ത്രവും ചുമർ ചിത്രപഠനങ്ങളും മറ്റും ഉൾക്കൊള്ളുന്ന ഈ വിദ്യാലയം ഇന്ന് ഒരു കല്പിത സർവ്വകലാശാലയാണ്. വള്ളംകളിക്ക് പേരുകേട്ട ആറന്മുള, വള്ളങ്ങളുടെ നിർമ്മാണശാല കൂടിയാണ്. വഞ്ചിപ്പാട്ടിന് പ്രശസ്തമാണ് ആറന്മുള. അത്ഭുതപ്പെടുത്തുന്ന കൂട്ടാണ് ആറന്മുള കണ്ണാടിയിൽ ഉപയോഗിക്കുന്നത്. 2018-ലെ വെള്ളപ്പൊക്കം കഴിഞ്ഞ് തെളിഞ്ഞു വന്ന മൺപ്രതിമകൾ ഒരു പുരാതന സംസ്കാരത്തിന് ഉടമകളായിരുന്നു ആറന്മുള വാസികളെന്ന് വ്യക്തമാക്കുന്നു.

കോന്നിയിലെ ആനക്കൂട്ട് വളരെ പ്രസിദ്ധമാണ്. 1977ൽ ആന പിടുത്തം നിരോധിച്ചെങ്കിലും പഴയ കിടങ്ങുകളിലും മറ്റും വീണ് പരിക്കുപറ്റുന്ന ആനകളെ കൊണ്ടുവന്ന് പരിചരണം നൽകുന്ന സ്ഥലമാണ് ഇത്. കുഞ്ഞനാനകളുടെ കുസൃതികൾ കാണേണ്ട കാഴ്ച തന്നെയാണ്. ആന സവാരിയും ആനയൂട്ടും മറ്റും സഞ്ചാരികളെ ആകർഷിക്കുന്ന വിഭവമാണ്. കോന്നി ടൂറിസത്തിന്റെ ഭാഗമായാണ് അടവിയിലെ എക്കോ ടൂറിസം നിലകൊള്ളുന്നത്. ആദിവാസി ക്ഷേമം ഉറപ്പുവരുത്തുവാൻ ഉദ്ദേശിച്ച് ഉണ്ടാക്കിയ ഈ പദ്ധതി ഇന്ന് ആയിരക്കണക്കിന് ടൂറിസ്റ്റുകളെ ആകർഷിക്കുന്നു. കാട്ടിലൂടെയുള്ള കൂട്ടത്തോണി സവാരിയും മുള വീടുകളും ഒക്കെ ഇവിടുത്തെ ആകർഷണമാണ്.

ദേവീ-ദേവന്മാരുടെ ഇഷ്ടങ്ങൾ, കാലത്തിനും ദേശത്തിനും അനുസരിച്ച് വിഭിന്നങ്ങൾ ആവാം, തിരുവല്ല, ശ്രീ വല്ലഭ ക്ഷേത്രത്തിലെ ദേവന് (മഹാവിഷ്ണു) കഥകളി പ്രിയനത്രേ ! ആയതിനാൽ ഭക്തജനങ്ങൾ കഥകളി വഴിപാടായി ഇവിടെ നടത്തുന്നു. കാഴ്ച്ചക്കാർക്ക് വേണ്ടിയല്ലാതെ ഭഗവാന് കാണുവാനൊരു കലാരൂപം എന്ന നിലയിലാണ് ഇവിടെ കഥകളി അരങ്ങേറുന്നത്. ഉണക്കസ്രാവിനോടുള്ള ഇഷ്ടം കാണിക്കാറുള്ള തെള്ളിയൂർകാവിലെ ദേവിയും വിശ്വാസികളെ അമ്പരപ്പിക്കും.

ഓർഡിനറി സിനിമയിലെ ഗവി എന്ന ദേശം പത്തനംതിട്ട ജില്ലയുടെ ഭാഗമാണ്. സിനിമ പ്രധാനമായും ചിത്രീകരിച്ചത് പത്തനംതിട്ടയിലെ വിവിധ ഭാഗങ്ങളിലും ഇടുക്കി ജില്ലയിലും വെച്ചാണ്. ഗവിയുടെ സൗന്ദര്യം നുകരാൻ വേണ്ടി പത്തനം തിട്ടയിൽ നിന്ന് ഗവി വഴി കുമളിയിലേക്ക് KSRTC ഓർഡിനറി ബസ് സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. വനം മേഖലയായതിനാൽ ചില നിയന്ത്രണങ്ങൾ ഒക്കെ കാണാവുന്നതാണ്. സീതത്തോട് പഞ്ചായത്തിലാണ് ഗവി ഗ്രാമം. തെക്കെ ഇന്ത്യയിലെ പല പ്രദേശങ്ങളും രാമായണവുമായി ബന്ധപ്പെട്ടിരിക്കുന്നു. വനവാസക്കാലത്ത് സീത കുളിച്ചിരുന്ന തോടാണ് സീതത്തോട് ആയതെന്ന് വിശ്വാസികൾ പറയുന്നു. പെരുന്തേനരുവിയിൽ പോയാൽ ഒരു പാറയുടെ നടുവിലൂടെ സമാന്തരമായി രണ്ട് ചാലുകൾ വളരെയേറെ ദൂരത്തിൽ പോകുന്നത് കാണാം. ശ്രീരാമൻ രഥം കൊണ്ടുപോയ അടയാളം ആയി അതിനെ വിശ്വാസികൾ കരുതുന്നു. പെരുന്തേനരുവി വെള്ളച്ചാട്ടം സഞ്ചാരികളെ ആകർഷിക്കുന്ന ഒരു പ്രദേശമാണ്. കക്കി, കൊച്ചുപമ്പ അണക്കെട്ടുകളും മറ്റും ഈ വനമേഖലയിലെ വിവിധ സ്ഥലങ്ങളിലായി കാണുവാൻ സാധിക്കുന്നതാണ്. തമിഴ് വംശജരെ പുരധിവസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഇന്ദിരാഗാന്ധി-സിരിമാവോ ബണ്ഡാരനായകെ ഒരു കരാറിൽ ഒപ്പിടുകയും അവരുടെ കുറേപ്പേരെ പുന

ലൂരിനടുത്തുള്ള കുളത്തൂപ്പുഴയിലും കുറച്ചുപേരെ ഗവിയിലും പുനരധിവസിപ്പിക്കുകയുണ്ടായി. അതിനുവേണ്ടിയാണ് പ്രധാനമായും കേരള ഫോറസ്റ്റ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ (KFDC) ഉണ്ടാക്കിയതെന്ന് പറയുന്നു.

സർക്കാർ പല പദ്ധതികളിലായി പാവപ്പെട്ടവരെ സംരക്ഷിക്കുന്ന നടപടികൾ കാലാകാലങ്ങളായി ചെയ്തപ്പോൾ ചെങ്ങറ നിവാസികൾ തങ്ങളുടെ തൊട്ടടുത്ത സ്വകാര്യ റബ്ബർപ്ലാന്റേഷൻ കൈവശപ്പെടുത്തുകയും കുടിൽ കെട്ടി അവിടെ സ്ഥിരതാമസം ആരംഭിക്കുകയും ചെയ്തു. തോട്ടമുടമകളായ മലയാളം പ്ലാന്റേഷൻ അവരെ ഇറക്കിവിടാനുള്ള പണി പതിനെട്ടും നോക്കിയിട്ടും വിജയം കണ്ടില്ല. ഈ സമരത്തെയാണ് ചെങ്ങറ സമരം എന്ന് അറിയപ്പെടുന്നത്.

ശബരിമല ഭക്തന്മാർ വന്ന് മറിയുന്ന പ്രദേശമായതിനാൽ അക്കാലയളവിൽ വൈദ്യസഹായ കേന്ദ്രങ്ങൾ പലപ്പോഴും പര്യാപ്തമല്ലാതാകാറുണ്ട്. ജില്ലാ ആശുപത്രി കൂടാതെ രണ്ട് ജനറൽ ആശുപത്രികളും ഉണ്ട്. ഏക സർക്കാർ മെഡിക്കൽ കോളേജ് കോന്നിയിൽ പൂർത്തീകരിച്ചുവരുന്നു.

സ്വതന്ത്രാനന്തര ഭാരതത്തിൽ ഇലക്ഷൻ പ്രചരണത്തിന്റെ ഭാഗമായി ജവഹർലാൽ നെഹ്റു കോന്നി സന്ദർശിച്ചപ്പോൾ അവിടെ ത്രിവർണ്ണ കൊടികൾ നിറഞ്ഞ് നിന്നിരുന്നു. എന്നാൽ തൊട്ടടുത്ത കവലയിൽ എത്തിയപ്പോൾ അവിടെ മുഴുവൻ കമ്മ്യൂണിസ്റ്റുകാരുടെ ചുവന്ന കൊടികൾക്ക് ആണത്രെ പ്രാധാന്യം ഉണ്ടായിരുന്നത്. ആ കവലയെ നെഹ്റു, ചൈന ജംഗ്ഷൻ (ചൈന മുക്ക്) എന്ന് വിളിച്ചതിനെ തുടർന്ന് ആ പേരിൽ ആണ് ഈ സ്ഥലം ഇന്നറിയപ്പെടുന്നത്.

കേരളത്തിലെ ഒട്ടുമിക്ക രാഷ്ട്രീയ നേതാക്കളും രഹസ്യ ചർച്ചകൾ നടത്താനും ക്യാമ്പുകൾ നടത്താനും തെരഞ്ഞെടുക്കുന്നത് ചരൽക്കുന്നിലെ ക്യാമ്പ് സെന്റർ ആണ്. കോഴഞ്ചേരിയിൽ നിന്ന് 10 കിലോമീറ്റർ മാത്രമാണ് ഇവിടേക്കുള്ള ദൂരമെന്നതും പൊതുജന ശ്രദ്ധ കുറഞ്ഞതും ജനങ്ങളുടെ സാന്നിദ്ധ്യം കുറഞ്ഞ ഹിൽ സ്റ്റേഷൻ എന്നതിനാലുമാണ് രാഷ്ട്രീയ നേതാക്കളെ ഇവിടേക്ക് ആകർഷിപ്പിക്കുന്നത്.

കേരളത്തിലെ ആദ്യത്തെ പച്ചത്തുരുത്ത് പഞ്ചായത്ത് ഈ ജില്ലയിലെ കൊടുമൺ പഞ്ചായത്തിന് സ്വന്തം. ഈ പഞ്ചായത്തിലെ ഓരോ വാർഡിലും ഒരു ചെറിയ വനമോ കാവോ സംരക്ഷിച്ച് പ്രകൃതി സംതുലനം നിലനിർത്തുന്നതിന്റെ ഭാഗമായാണ് പച്ചത്തുരുത്ത് പദ്ധതി ആസൂത്രണം ചെയ്യപ്പെട്ടത്. (കഥകളിക്കു വേണ്ടി ഒരു ഗ്രാമം തന്നെ ഈ ജില്ലയിലുണ്ട്. അയിരൂർ എന്നാണ് ആ ഗ്രാമത്തിന്റെ പേര്.) ഈ മണ്ണിൽ ജനിച്ചതും മരണമടഞ്ഞവരുമായ (ചിലർ നമ്മോടൊപ്പം ഇപ്പോഴുമുണ്ട്) കുറച്ചാളുകളെപ്പറ്റി പരാമർശിക്കാതെ പോകുന്നത് നന്ദികേടായതിനാൽ അവയും ഇതോടൊപ്പം ചേർക്കുന്നു. അടൂർ ഭാസി (1927-1990) - യഥാർത്ഥ നാമം ഭാസ്ക്കരൻ നായർ, മലയാളസിനിമയിലെ ഹാസ്യസാമ്രാട്ട്. അടൂർ ഭവാനി (1927-2009), അടൂർ പങ്കജം (1925-2010) - സഹോദരിമാരായ ഇവരെ അടൂർ സഹോദരിമാർ എന്ന പേരിൽ സിനിമാലോകത്ത് അറിയപ്പെട്ടു.

അടൂർ ഗോപാലകൃഷ്ണൻ (1941) - മലയാളത്തിൽ ഒരുപിടി കലാമൂല്യമുള്ള സിനിമകൾക്ക് കഥയെഴുതി നമ്മോടൊപ്പം ഇപ്പോഴും ജീവിക്കുന്ന ആൾ.

കവിയൂർ പൊന്നമ്മ (1945) ഇപ്പോഴും നമ്മോടൊപ്പം ഉള്ള സിനിമ നടി. ഒരുപിടി അമ്മ കഥാപാത്രങ്ങൾ നമ്മുടെ ഏവരുടേയും കൺമുമ്പിലൂടെ കടന്നുപോകുന്നു.

ജസ്റ്റിസ് ഫാത്തിമാബീവി (1927) സുപ്രീം കോടതിയിലെ ആദ്യ വനിത ജഡ്ജി ഒരു മലയാളിയായതിൽ നമുക്ക് അഭിമാനിക്കാം. പത്തനംതിട്ട ബസ് സ്റ്റാന്റിനടുത്ത് വീട്. തമിഴ്നാട് ഗവർണ്ണർ ആയും സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

അയിരൂർ സദാശിവൻ (1939-2015) - മലയാള സിനിമ ഗായകൻ. 1960-കളിലെ പ്രശസ്ത നാടക ഗായകൻ ആയിരുന്നു. 1970-കളിൽ സിനിമരംഗത്ത് കൈവെച്ചു. 1985 വരെ സിനിമരംഗത്ത് സജീവമായിരുന്നു. പിന്നീട് സിനിമയിൽ നിന്ന് പിൻവലിഞ്ഞു. ആൽബങ്ങളിലും ഇദ്ദേഹം പാടിയിട്ടുണ്ട്. ആറന്മുള പൊന്നമ്മ (1914-2011) - മലയാള സിനിമയ്ക്ക് വേണ്ട സമഗ്ര സംഭാവനകൾ പരിഗണിച്ച് ജെ. സി. ഡാനിയേൽ പുരസ്കാരം ലഭിച്ച മലയാള സിനിമ നടി.

തിലകൻ (കെ. സുരേന്ദ്രനാഥ്, 1935-2012) - പത്മശ്രീ ലഭിച്ച ഒരു മലയാള നടൻ. യുക്തിവാദിയും കമ്മ്യൂണിസ്റ്റ് ചിന്താഗതിക്കാരനും ആയിരുന്നു തിലകൻ. അയിരൂർ പ്ലാങ്കമണ്ണിൽ ജനിച്ച് വളർന്നു. ഷമ്മി തിലകൻ (1986), ഷോബി തിലകൻ - തിലകന്റെ മക്കളായ ഷമ്മിയും ഷോബിയും സജീവ മലയാള നടന്മാരാണ്.

പാർവ്വതി ജയറാം (അശ്വതി കുറുപ്പ്, 1970) നടൻ ജയറാമുമായുള്ള വിവാഹത്തോടെ അഭിനയം നിർത്തിയ മലയാള നടി. 1980- കളുടെ അവസാനത്തിലും 1992 വരെയും മലയാള സിനിമയിൽ നിറഞ്ഞു നിന്ന നടി. തിരുവല്ലയിൽ ജനനം.

KPAC ലളിത (മഹേശ്വരി അമ്മ, 1947) - ആറന്മുളയിൽ ജനനം. മലയാള സിനിമയിലെ നിറഞ്ഞ സാന്നിദ്ധ്യം. അന്തരിച്ച സിനിമ സംവിധായകൻ ഭരതന്റെ ഭാര്യയാണ്. മോഹൻലാൽ (1960) - സൂപ്പർ മെഗാസ്റ്റാർ മോഹൻലാൽ ജനിച്ചത് ഈ ജില്ലയിലുള്ള ഇലന്തൂർ ഗ്രാമത്തിലാണ്. ഏറ്റവും നല്ല നടനുള്ള ദേശീയ അവാർഡ് രണ്ട് പ്രാവശ്യവും, 3 പ്രാവശ്യം മറ്റ് പല വിഭാഗങ്ങളിലായി ദേശീയ അവാർഡും നേടിയിട്ടുണ്ട്. പത്മഭൂഷൺ, ലെഫ്റ്റനന്റ് കേണൽ തുടങ്ങിയ അംഗീകാരങ്ങളും കേരളത്തിലെ രണ്ട് സർവ്വകലാശാലകളിൽ നിന്നും ഡോക്ടറേറ്റും നേടിയിട്ടുണ്ട്. ബ്ലസ്സി - സിനിമ സംവിധായകനായ ബ്ലസ്സി തിരുവല്ലക്കാരനാണ്.

എം. ജി. സോമൻ (1941 - 1997) - മലയാള സിനിമയ്ക്ക് തന്റേതാ

യ പരിവേഷം നൽകിയ സോമനും തിരുവല്ലക്കാരനാണ്. സിനിമയിൽ എത്തുംമുമ്പേ വായുസേനയിൽ ഉദ്യോഗസ്ഥനായിരുന്നു. ക്യാപ്റ്റൻ രാജു (1950–2018) – ഇന്ത്യൻ ആർമിയിൽ ക്യാപ്റ്റനായി അനുഷ്ഠിച്ചതിനുശേഷമാണ് മലയാള സിനിമയിൽ രാജു ദാനിയേൽ എന്ന ക്യാപ്റ്റൻ രാജു എത്തിയത്. ഓമല്ലൂരിൽ ആയിരുന്നു ജനിച്ചത്. നിത്യചൈതന്യയതി (1924–1999) – കെ. ആർ. ജയചന്ദ്രപ്പണിക്കർ എന്ന യതി, സരസ കവി മൂലൂരിന്റെ അനന്തിരവനാണ്. നടരാജ ഗുരുവിന്റെ (പൽപ്പുവിന്റെ മകൻ) ശിഷ്യനായിരുന്നു. തത്ത്വജ്ഞാനി, മനശാസ്ത്രജ്ഞൻ, ഗ്രന്ഥകാരൻ, കവി തുടങ്ങിയ മേഖലകളിൽ ശ്രദ്ധ നേടി.

വെണ്ണിക്കുളം ഗോപാലക്കുറുപ്പ് (1902–1980) – കവി, നാടകകൃത്ത്, വിവർത്തകൻ, കഥാകൃത്ത്, നിഘണ്ടു കർത്താവ് തുടങ്ങിയ മേഖലകളിൽ ശ്രദ്ധ നേടിയ വെണ്ണിക്കുളംകാരൻ. മാർ ക്രിസോസ്റ്റം തിരുമേനി (1999) മർത്തോമ സഭയിലെ വലിയ തിരുമേനിയുടെ യഥാർത്ഥ പേര് ഫിലിപ്പ് ഉമ്മൻ എന്നാണ്. നൂറ് വയസ്സ് പിന്നിട്ട അദ്ദേഹം എന്തിനേയും ഫലിതത്തോടെയാണ് നോക്കിക്കാണുന്നത്. ആയതിനാൽ സർവ്വമത വിഭാഗക്കാർക്കും പ്രിയപ്പെട്ടവനാണ് ഈ തിരുമേനി.

പ്രതാപചന്ദ്രൻ, നയൻ താര, മീരാ ജാസ്മിൻ, കാവേരി, സംയുക്ത വർമ്മ, ഊർമ്മിള ഉണ്ണി, ഉത്തര ഉണ്ണി (ഊർമ്മിള ഉണ്ണിയുടെ മകൾ), കെ. ജി. ജോർജ്ജ്, അജു വർഗ്ഗീസ് തുടങ്ങിയ സിനിമാ താരങ്ങളും പത്തനംതിട്ടയുടെ പൊന്നോമനകളാണ്. കടമ്മനിട്ട വാസുദേവൻ പിള്ള (1947) പടയണിയുടെ അിാര്യൻ എന്ന നിലയിൽ ആണ് പ്രശസ്തി. ഗണിതശാസ്ത്ര വകുപ്പ് മേധാവിയായിരുന്നു. കേരള ഫോക്ക്ലോർ അക്കാഡമിയുടെ വൈസ് ചെയർമാൻ ആയിരുന്നു. കടമ്മനിട്ട രാമകൃഷ്ണ പിള്ളയുടെ സുഹൃത്തും ബന്ധുവുമാണ്.

മാത്യു ടി. തോമസ് (1961), പന്തളം സുധാകരൻ (1955) ജനതാദളിന്റെ മുൻ മന്ത്രിയായ മാത്യു ടി. തോമസ് തിരുവല്ലക്കാരനും പന്തളം സുധാകരൻ കോൺഗ്രസ്സിലൂടെ വളർന്നുവന്ന് എം. എൽ. എ.യും മറ്റ് സ്ഥാനങ്ങളും വഹിക്കുന്ന നേതാവുമാണ്.

രാജു എബ്രഹാം (1961) റാന്നിയുടെ വികസന നായകൻ എന്ന നിലയിലാണ് രാജു എബ്രഹാം അറിയപ്പെടുന്നത്. 25 വർഷത്തോളമായി റാന്നി എം. എൽ. എ.യാണ്. ബെന്യമിൻ (1971) ഒരുപിടി കഥകൾ എഴുതിയ കഥാകാരൻ. അദ്ദേഹത്തിന്റെ 'ആടുജീവിതം' എന്ന കൃതി ഒരു പ്രവാസിയുടെ കണ്ണീരിന്റെ കഥ വർണ്ണിക്കുന്നു.

ഡോ. ബിജു (1971) ഫിലിം സംവിധായകനായ പന്തളത്തെ കുടശ്ശനാട്ടിൽ ജനിച്ചു. അഡ്വ. എസ്. ജിതേഷ്, അബു വർഗ്ഗീസ് തുടങ്ങിയവർ കാർട്ടൂണിസ്റ്റ് മേഖലയിൽ പ്രാവീണ്യം തെളിയിച്ചവരാണ്. ഡോ. എ. റ്റി. കോവൂർ – ലോക പ്രശസ്ത യുക്തിവാദിയും മനശാസ്ത്രജ്ഞനുമായ എബ്രഹാം ടി. കോവൂർ (1898 – 1978) ജനിച്ചത് തിരുവല്ലയിലാണ്. അന്ധവിശ്വാസങ്ങൾ അടിയുറച്ച കാലഘട്ടത്തിൽ, പലർക്കും അദ്ദേഹത്തിന്റെ ശാസ്ത്രവിശദീകരണങ്ങൾ ഉൾക്കൊള്ളാൻ സാധിച്ചിരുന്നില്ല. എന്നാൽ ചിലർക്കെങ്കിലും അറിവിന്റെ പൊൻകിരണങ്ങൾ ചൊരിയാൻ സാധിച്ചു എന്നത് ഒരുനേട്ടമാണ്. കൊളമ്പോയിൽ പ്രൊഫസറായി ജോലി നോക്കവെ അവിടുത്തെ പൗരത്വം സ്വീകരിച്ചെങ്കിലും ഇന്ത്യ അദ്ദേഹത്തിന്റെ പ്രധാന തട്ടകമായിരുന്നു. റിട്ടയർമെന്റിന് ശേഷം മുഴുവൻ സമയം യുക്തിവാദ – ശാസ്ത്ര പ്രചരണങ്ങൾക്കായി മാറ്റിവെച്ചു. പല ഭാഷകളിൽ അദ്ദേഹത്തിന്റെ കൃതികൾ വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. മരണശേഷം അദ്ദേഹത്തിന്റെയും ഭാര്യയുടേയും മൃതദേഹം മെ

■ കഥ

# മനഃസ്സാക്ഷിക്കോടതി



ഇന്ദു മാരാത്ത്
9947678213

"**ബ**ഹുമാനപ്പെട്ട കോടതി മുമ്പാകെ എനിക്കൊന്നേ ബോധിപ്പിക്കാനുള്ളു. എന്റെ ജീവിതത്തെ ക്രൂരമായി നശിപ്പിച്ച ഇയാൾ മരണശിക്ഷയിൽ കുറഞ്ഞൊന്നും അർഹിക്കുന്നില്ല. മാത്രമല്ല, എന്റെ കൈകൊണ്ട് തന്നെ ആ കൃത്യം ചെയ്യാൻ എന്നെ അനുവദിക്കണമെന്ന് കോടതി മുമ്പാകെ അപേക്ഷിക്കയാണ്."

"കുറ്റം ചെയ്തവന് ശിക്ഷ വിധിക്കുന്നത് കോടതിയെന്നറിഞ്ഞുകൊണ്ട് പ്രതിയെ കൊല്ലാൻ നിങ്ങൾക്കനുവാദം നൽകണമെന്നതിൽ എന്ത് ന്യായമാണുള്ളത് ?"

എതിർഭാഗം വക്കീൽ ആവേശത്തോടെ വാദിക്കുമ്പോൾ ശ്രദ്ധിച്ചു എന്റെ മുഖം പോലാണല്ലോ അയാളുടേതുമെന്ന് ....!

"അയാൾ നിങ്ങളോട് കാട്ടിയ ക്രൂരതയുടെ ഭീകരത കണക്കാക്കി നിങ്ങളുടെ കയ്യാൽ തന്നെ കുറ്റവാളിക്ക് ശിക്ഷ കൊടുക്കാൻ ഈ കോടതി ഉത്തരവിടുന്നു."

വിധിയറിയിപ്പിൽ സന്തുഷ്ടിയോടെ തോറ്റുപോയ വക്കീലിന്റെ മുഖത്തുനിന്നും നോട്ടം ജഡ്ജിയുടെ മുഖത്തെത്തിയപ്പോൾ ഒന്നുകൂടി പകച്ചു. ജഡ്ജിക്കും എന്റെ മുഖച്ഛായ..!!

ഒറ്റക്കുത്തിനു തന്നെ കൊല്ലണമെന്ന ഉന്നത്തിൽ ആ ഹൃദയം ലക്ഷ്യമാക്കി അലറിയടുക്കുമ്പോൾ ഒരുനിമിഷം തലയുയർത്തി നോക്കി.


എന്റെ ജീവിതത്തെ നിഷ്ക്കരുണം പിച്ചിച്ചീന്തിയ ദുഷ്ട മുഖത്തിന്റെ സ്ഥാനത്ത് ഞാനും നീയും ചേർന്ന അർദ്ധനാരീശ്വര രൂപം...!!! ●

ഡിക്കൽ കോളേജ് വിദ്യാർത്ഥികളുടെ പഠനാവശ്യങ്ങൾക്കായി നൽകണമെന്നും ഒരിക്കലും ശരീരം മറവു ചെയ്യരുതെന്നും തന്റെ വിൽപ്പത്രത്തിലും തന്റെ ഏക മകനോടും പറഞ്ഞിരുന്നു. കണ്ണുകളും ദാനം ചെയ്യാൻ ഏർപ്പാട് ചെയ്തിരുന്നു. അന്നത്തെ കാലത്ത് ഇത്തരം കാര്യങ്ങൾ ആളുകൾ ചെയ്യാൻ മടിച്ചിരുന്ന കാലത്ത് വിപ്ലവകരമായ തീരുമാനങ്ങളായിരുന്നു അത്. അമാനുഷിക ശക്തിയുണ്ടെന്ന് പറയുന്ന മനുഷ്യദൈവങ്ങളെ അദ്ദേഹം വെല്ലുവിളിച്ചു. സാധാരണക്കാരുടേയും മഠയന്മാരുടേയും മുമ്പിൽ വീമ്പിളക്കുന്ന ഇത്തരക്കാർ തന്റെയോ താൻ നിർദ്ദേശിക്കുന്ന വ്യക്തിയുടേയോ മുമ്പിൽ ഇത്തരം ചെപ്പടിവിദ്യകൾ കാണിച്ച് കഴിവ് തെളിയിച്ചാൽ (23 തരത്തിലുള്ള ദിവ്യത്വങ്ങളിൽ ഏതെങ്കിലും ഒന്ന്) ഒരു ലക്ഷം രൂപ നൽകും എന്ന് പ്രഖ്യാപിച്ചിരുന്നു. (1963-ൽ ഒരു ലക്ഷം രൂപ ഒരു വലിയ സംഖ്യ ആയിരുന്നു). കോവൂരിന്റെ മരണം വരെ ആരും വെല്ലുവിളി സ്വീകരിക്കാൻ ധൈര്യപ്പെട്ടിട്ടില്ലായിരുന്നു. ചിലർ വീരവാദം പറഞ്ഞെങ്കിലും പിന്നീട് തടിതപ്പി. കോവൂരിന്റെ മരണശേഷം ശ്രീലങ്കൻ യുക്തിവാദി സംഘവും ഇന്ത്യൻ യുക്തിവാദി സംഘവും അത് ഏറ്റെടുത്ത് വാഗ്ദാന തുക പത്തു ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. ശാസ്ത്രസത്യങ്ങളെ പ്രചരിപ്പിച്ചതിനും യുക്തിവാദ പോരാട്ടം നടത്തിക്കൊണ്ടിരിക്കുന്നതും പരിഗണിച്ച് അമേരിക്കയിലെ മിനസോട്ട യൂണിവേഴ്സിറ്റി കോവൂരിന് ഓണററി ഡോക്ടറേറ്റ് നൽകി ആദരിച്ചിട്ടുണ്ട്. ●

**ഏക തത്ത്വയിലേയ്ക്ക്**
**മികവുറ്റ സൃഷ്ടികൾ അയച്ചുതരുക.**
**അയക്കേണ്ട വിലാസം:**

**Eka Thathwa**
**Post Box No. 70**
**Palakkad - 678001**





**ഡോ. സി. രാമകൃഷ്ണൻ**
**9447358663**

(Psoriasis)

# സോറിയാസിസ്

ഇത് പകരുന്ന രോഗമല്ലാത്തതും ശരീരഘടനാപരമായതും (Constitutional) ആയ ഒരു രോഗമാകുന്നു. പാരമ്പര്യമോ, പോഷകക്കുറവുമൂലമോ, മാനസിക സംഘർഷം മൂലമോ പ്രതിരോധശക്തിക്കുറവു മൂലമോ, ജീവകങ്ങളുടെ (Vitamins) കുറവുമൂലമോ ഉണ്ടാകാവുന്ന ഈ രോഗം അധികം പേർക്കും തീരെ വിട്ടുമാറാത്ത രോഗമായി പരിണമിക്കുന്നു. 'ചൊറിയാസിസ്' എന്ന് തമാശരൂപത്തിൽ വിളിക്കുന്നപക്ഷം രോഗത്തിന്റെ പ്രധാന ലക്ഷണം ഈ പേരിൽ അടങ്ങിയതായി കാണപ്പെടുന്നു. തലയോട്ടിയിലായിരിക്കും (Scalp) മിക്കപേർക്കും ആദ്യമായി കാണപ്പെടുക. പിന്നീട് ശരീരത്തിന്റെ നഖങ്ങളടക്കം പല ഭാഗങ്ങളിലും കാണാവുന്നതാണ്. ബാല്യകാലങ്ങളിലോ, മദ്ധ്യപ്രായങ്ങളിലോ ആയിരിക്കും അധികവും കണ്ടുവരുന്നത്. ശൈശവ കാലങ്ങളിലോ വാർദ്ധക്യ കാലങ്ങളിലോ കാണുന്നത് അപൂർവ്വമായിരിക്കും. ഇളം ചുവപ്പോടുകൂടിയ ചെറിയ കുരുക്കളായിട്ടായിരിക്കും ആദ്യം കാണപ്പെടുക. പിന്നീട് ചിതമ്പലോടുകൂടിയ (Scales) പരന്നതായി പല ഭാഗങ്ങളായി വ്യാപിക്കുന്നു. ഒരു നാണയത്തിന്റെ വലുപ്പത്തിലോ അല്ലെങ്കിൽ കുറച്ചുകൂടി വലുതായിട്ടോ ആയിരിക്കും കാണപ്പെടുക. പിന്നീട് സമീപത്തുള്ളവ ഇതോടൊപ്പം യോജിക്കുകയും വൃത്താകൃതിയിൽ എണ്ണമയത്തോടുകൂടി ഒട്ടിപ്പിടിക്കുന്നതായും കണ്ടുവരുന്നുണ്ട്. ഇതിന്റെ പൂർണ്ണ വളർച്ച എത്തിയതിനുശേഷം, പിന്നീട് രോഗത്തിന്റെ കാഠിന്യം കുറഞ്ഞുവന്ന് താൽക്കാലികമായി രോഗം അപ്രത്യക്ഷമാവുകയും ചെയ്യുന്നു. രോഗലക്ഷണം ഒറ്റത്തവണ പ്രത്യക്ഷപ്പെടുന്ന സ്വഭാവം വളരെ അപൂർവ്വമായിരിക്കും. രോഗാരംഭത്തിൽ മരുന്നുകളുടെ പ്രയോഗം മൂലം രോഗശമനം ലഭിച്ചാലും കുറച്ചുകാലത്തിന്നു ശേഷം വീണ്ടും രോഗലക്ഷണങ്ങൾ പ്രത്യക്ഷപ്പെടുന്നതായിട്ടു കണ്ടുവരുന്നുണ്ട്. ശരീരത്തിന്റെ മേൽഭാഗങ്ങളിലായിരിക്കും രോഗലക്ഷണങ്ങൾ അധികവും കാണപ്പെടുവാൻ സാദ്ധ്യത. വ്രണങ്ങളാവുന്ന അവസ്ഥയിൽ എത്തിച്ചേരുന്നു. സ്ത്രീകളെക്കാൾ അധികവും പുരുഷന്മാർക്കാണ് ഈ രോഗം കണ്ടുവരുന്നത്.

വിട്ടുമാറാത്ത ഒരു ചർമ്മരോഗമെന്ന് സ്ഥിരീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഫലപ്രദമായ ചികിത്സ എടുക്കാതിരിക്കുന്നത് ഉചിതമല്ല. അതുകൊണ്ട് രോഗത്തെ തിരിച്ചറിഞ്ഞ് ആരംഭത്തിൽ തന്നെ ചികിത്സിക്കുന്നത് ഗുണകരമായിരിക്കും. മറ്റു ചില ചർമ്മരോഗങ്ങളെ ഈ രോഗമെന്ന് തെറ്റിദ്ധരിച്ച് തെറ്റായി ചികിത്സിക്കുന്നതുകൊണ്ട് രോഗത്തിന്റെ കാഠിന്യം വർദ്ധിക്കുന്നതാണ്. ഇതിന്നുള്ള എല്ലാതരത്തിലുള്ള ചികിത്സാ സംവിധാനങ്ങൾ ഉണ്ടെങ്കിലും ഹോമിയോ ചികിത്സ പ്രാധാന്യം അർഹിക്കുന്നു. രോഗികളുടെ ശരീരഘടനയെ (Constitutional) ആസ്പദമാക്കിയുള്ള ചികിത്സയാണ് ഹോമിയോപതിയിൽ. പ്രസ്തുത ചികിത്സാ രീതിയിൽ രോഗത്തിന്ന് ശാശ്വത പരിഹാരത്തിന്നുള്ള സാദ്ധ്യത വളരെയേറെയാണ്. ഫലപ്രദമായ ചികിത്സ ലഭിക്കണമെങ്കിൽ ചികിത്സയിൽ പ്രാവീണ്യം നേടീട്ടുള്ളവർ തന്നെയായിരിക്കണം ചികിത്സിക്കേണ്ടത്. ഇതിന്ന് പരിചയസമ്പന്നത ഒരു പ്രധാന ഘടകമാണ്. ●

# ചരിത്രമുറങ്ങുന്ന തെന്മലയുടെ താഴ്‌വര

# മുതലമട

**സോഫിയ ബീവി കെ. എസ്.**
**9037946635**

*'പച്ചയാം വിരിപ്പിട്ട*
*സഹ്യനിൽത്തലവെച്ചും*
*സ്വച്ഛാബ്ധി മണൽത്തിട്ടാം*
*പാദോപധാനം പൂണ്ടും*
*പള്ളി കൊണ്ടീടുന്ന നിൻ*
*പാർശ്വയുഗ്മത്തെ കാത്തു*
*കൊള്ളുന്നു, കുമാരിയും*
*ഗോകർണേശനുമമ്മേ.'*
*(വള്ളത്തോൾ)*

സഹ്യനിൽ തലവച്ചുറങ്ങുന്ന ഒരു പാലക്കാടൻ ഗ്രാമമാണ് മുതലമട. മാമ്പൂക്കളുടെ നറുമണവും ഡാമുകളുടെ ദൃശ്യചാരുതയും കാനനസൗന്ദര്യത്തിന്റെ വശ്യതയും തെന്മലയുടെ താഴ്‌വരയിലുള്ള ഈ ഗ്രാമത്തിന്റെ ഭംഗിക്ക് മാറ്റ് കൂട്ടുന്നു.

## മുതലമട ചരിത്രത്തിന്റെ നാൾവഴിയിലൂടെ:

മുതലമടയുടെ ആസ്ഥാനം നെന്മേനി ആയിരുന്നു. രാജ്യത്തിന്റെ വമ്പിച്ച വരുമാനവും ഭൂസ്വത്തും ഉള്ളതുകൊണ്ടാണ് ഇപ്രദേശത്തെ മുതൽമേട എന്ന് വിളിച്ചുവന്നത്. ചേരസാമ്രാജ്യത്തിന്റെ ഭാഗമായിരുന്ന മുതലമേടയ്ക്ക് ഇന്നത്തെ പാപ്പാൻ ചള്ളയിൽ ഒരു കോട്ടയുണ്ടായിരുന്നു.

6,7 നൂറ്റാണ്ടുകളിലെ ചോളരുടേയും കളഭ്രരുടേയും ആക്രമണ ഫലമായി കൊട്ടാരവും കോട്ടയും നാമവശേഷമായി. തുടർന്ന് ആദ്യത്തെ മുതൽമേടരാജ്യം പലതായി. കുറുനീലമന്നർ എന്നറിയപ്പെടുന്ന ചെറുകിട രാജാക്കന്മാർ മലമുകൾ ആസ്ഥാനമാക്കി ഭരണം തുടങ്ങി. അങ്ങനെ പറമ്പുമല അരചനും (മൂച്ചങ്കുണ്ട്) നെല്ലിയാമ്പതി അരചനും ഉണ്ടായി.

മൂച്ചങ്കുണ്ട് അരചന്റെ കീഴിലായിരുന്നു ഇന്ന് പാപ്പാൻചള്ള എന്ന പേരിലറിയപ്പെടുന്ന സ്ഥലവും അവിടെ ഉണ്ടായിരുന്ന കോട്ടയും. ഇക്കാലത്ത് മുതൽമടയിലെ (നെന്മേനി) രാജവംശത്തിൽ പെട്ട ഒരാൾ പാപ്പാൻ (ബ്രാഹ്മണവേഷത്തിൽ ഭിക്ഷ യാചിച്ചുനടക്കുന്ന ആൾ) ആയി വന്ന് മുതലമട കോട്ടയിലെ കാവൽക്കാരനായി കൂടി. അതുകൊണ്ട് കോട്ട നിന്നിരുന്ന സ്ഥലം പാപ്പാൻചള്ള എന്ന് പിൻകാലത്ത് അറിയപ്പെട്ടു.

മൂച്ചങ്കുണ്ട് അരചൻ പാപ്പാൻചള്ളയിലെ കോട്ട പുനർ നിർമ്മിച്ചു. കോട്ടയിലുണ്ടായിരുന്ന കുളത്തിൽ മുതലകളെ വളർത്തുകയും ശത്രുക്കളെ അതിലിട്ട് കൊല്ലുകയും ചെയ്യുമായിരുന്നു. അങ്ങനെ 'മുതൽമേട്' 'മുതലമട'യായി. മുതലമട പ്രദേശം വൻ കാടായിരുന്നതുകൊണ്ടുതന്നെ കാട്ടുപോത്തും ആനയും കുതിരയും കരടിയും എല്ലാം സ്ഥലനാമങ്ങളിൽ കടന്നുവന്നു. പോത്തമ്പാടം, ആനമാറി, കുതിരമൂളി, കരടിക്കുന്ന് മുതലായ സ്ഥലനാമങ്ങൾ ഇതിന് തെളിവ് നൽകുന്നു.

മുതലമട പ്രദേശത്തിലൂടെ മുസ്സിരീസിലേക്ക് സഞ്ചാരപഥങ്ങൾ ഉണ്ടായിരുന്നു എന്നതിന് തെളിവുകൾ ഉണ്ട്. ചിലപ്പതികാരത്തിലെ നായികയായ കണ്ണകി കൊടുങ്ങല്ലൂർക്ക് പോയത് ഈ വഴിയാണെന്നും പറമ്പിക്കുളത്ത് കന്നിമാരിയിൽ വിശ്രമിച്ചു എന്നും വിശ്വസിക്കുന്നവരുണ്ട്. മുതലമടയിലെ ചെമ്മണാംപതിയിലൂടെ നെല്ലിയാമ്പതിയിലേക്കും കോട്ടക്കു സമീപമുള്ള മക്കാറുവെട്ടി പാതയിലൂടെ കൊടുങ്ങല്ലൂർക്കും സഞ്ചാരപഥങ്ങൾ ഉണ്ടായിരുന്നു. ഉരിയറി പുഴയോരത്തുള്ള കോട്ടയുടെ സമീപത്തെ ഒരിക്കലും വറ്റാത്ത കയത്തിൽ നിന്നും പടിഞ്ഞാറോട്ട് ഒരു വഴിയുണ്ടെന്നും അത് കോട്ടയമ്പലത്തിൽ എത്തിച്ചേരുമെന്നും പഴമക്കാർ പറയുന്നു. ആനമാറിക്ക് സമീപമുള്ള കോട്ടയമ്പലം പണ്ട് ഗോഡൗൺ ആയിരുന്നു.

## പോർട്ടുഗീസുകാരുടെ വരവിന് മുമ്പ്

പറങ്കികളുടെ വരവിന് മുമ്പ് മുതലമടയുടെ തെക്കുഭാഗം വെങ്ങുനാട് (കൊല്ലങ്കോട്) കോവിലകത്തിന്റേയും വടക്കുഭാഗം പാലക്കാട് രാജാക്കന്മാരുടേയും കൈവശമായിരുന്നു. പാലക്കാട് രാജാക്കന്മാരുടെ ആസ്ഥാനമായിരുന്ന ആതവനാട് അംശം ആഴ്‌വാഞ്ചേരി തമ്പ്രാക്കൾക്ക് കൊടുത്തിട്ട് പകരം പാലക്കാട് ചിറ്റൂർ പ്രദേശങ്ങൾ അദ്ദേഹത്തിന്റെ പക്കൽനിന്നും വാങ്ങിയതാണെന്നും പറയപ്പെടുന്നു. പിൻകാലത്ത് കൊങ്ങൻപടയുടെ ആക്രമണത്തിൽ മുതലമടയിലെ പുനർനിർമ്മിച്ച കോട്ട തരിപ്പണമായിത്തീർന്നു.

## ബ്രിട്ടീഷ് ഭരണകാലം

ബ്രിട്ടീഷുകാരുടെ മലബാർ ഭരണകാലത്ത് മുതലമടയും അവരുടെ അധീനതയിലായി പാലക്കാട് രാജാവും കൊല്ലങ്കോട് രാജാവും ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യ കമ്പനിയുടെ അടിത്തൂൺ പറ്റി പിരിഞ്ഞു. ഇക്കാലത്ത് ബ്രിട്ടീഷുകാർ പറമ്പിക്കുളത്തിൽ നിന്നും തേക്കു കൊണ്ടുപോകാൻ ഒരു റെയിൽ പാത നിർമ്മിച്ചു. (1800 മെയ് 21ന്) പഴയ മക്കാറുവെട്ടി പാതക്കുസമീപം കള്ളക്കടത്ത് തടയാനുള്ള കച്ചേരി സ്ഥാപിച്ചു. മുതലമടയുടെ കിഴക്കുഭാഗത്തുള്ള എം. പുതൂരിൽ അക്കാലത്ത് ഒരു തമിഴ് വിദ്യാലയം ആരംഭിച്ചു. അതിനുമുമ്പ് അക്ഷരപഠനത്തിനായ് നാഗർപാടം,

അച്ചനാംകോട്, നണ്ടൻകിഴായ, പള്ളം എന്നിവിടങ്ങളിൽ പൂഴിയെഴുത്ത് കേന്ദ്രങ്ങൾ ഉണ്ടായിരുന്നു. ടിപ്പുവിന്റെ പടയോട്ടക്കാലം മുതലമടക്കാർക്ക് ഏറെ നാശനഷ്ടങ്ങൾ വരുത്തിയിട്ടുണ്ട്.

ഇത്രയും ചരിത്ര പ്രാധാന്യമുള്ള ഇപ്രദേശം ചരിത്രരേഖകളിൽ വേണ്ടത്ര സ്ഥാനം നേടിയില്ല എന്നുള്ളത് നിർഭാഗ്യകരമായ സത്യമാണ്. ഇതിനു പ്രധാനകാരണമായിത്തീർന്നത് കേരളത്തിൽ എത്തിച്ചേർന്ന് വിദേശികളും ചരിത്രപഠനസഞ്ചാരികളും പാലക്കാടിന്റെ കിഴക്കു ഭാഗത്തുകൂടി വന്നതായി കാണുന്നില്ല എന്നുള്ളതാണ്. മാത്രമല്ല ഇവിടെ നിന്നു ലഭിച്ച ശിലാലിഖിതങ്ങളും ശിലാനിർമ്മിതികളും പഠനവിധേയമാക്കാൻ ചരിത്രകാരൻമാർ പരിശ്രമിച്ചില്ല. അതുകൊണ്ടുതന്നെ ചരിത്രമുറങ്ങുന്ന മുതലമടയും ചരിത്രത്തിന്റെ മുതൽകൂട്ടായ മുതലമട കോട്ടയും ലോകത്തിന് മുന്നിൽ ഇന്നും അന്യമായി നിൽക്കുന്നു.

എങ്കിലും ശിലായുഗ കാലത്തെ ഗുഹകളും ആയുധങ്ങളും ഈ പ്രദേശങ്ങളിൽ പ്രത്യേകിച്ച് പറമ്പിക്കുളം ഭാഗത്ത് കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. അതുപോലെത്തന്നെ മഹാശിലായുഗത്തിലെ ശ്മശാന സംസ്കാരത്തിന്റെ നേർകാഴ്ചകളായി കല്ലറകളും മുനിയറകളും നാട്ടുകല്ലുകളും മൂച്ചങ്കുണ്ട് ചുള്ളിയാർ കിളിമല ഗോവിന്ദാമല ഭാഗങ്ങളിൽ നിന്ന് ധാരാളമായി കണ്ടുകിട്ടിയിട്ടുണ്ട്. കൂടാതെ നാമവശേഷമായ കൊട്ടാരത്തിന്റെ അവശിഷ്ടങ്ങൾ സ്വർണ്ണ നാണയങ്ങൾ ഉൾപ്പടെ നെൻമേനിയിൽ നിന്ന് പുരാവസ്തു ഗവേഷകർ കണ്ടെത്തിയിട്ടുണ്ട്.

### മുതലമട ഇന്ന്

പ്രകൃതി സൗന്ദര്യം കൊണ്ട് അനുഗ്രഹീതമായ ഈ പ്രദേശം വിനോദസഞ്ചാരികളുടേയും ചലച്ചിത്ര ചിത്രീകരണക്കാരുടേയും ആകർഷക കേന്ദ്രമാണ്. നമ്മുടെ ദേശീയ മൃഗമായ കടുവ ഇവിടുത്തെ പറമ്പിക്കുളം കടുവാ സംരക്ഷണ കേന്ദ്രത്തിൽ സംരക്ഷിക്കപ്പെടുന്നുണ്ട്. ഭാരത സർക്കാരിന്റെ 'മഹാവൃക്ഷ പുരസ്ക്കാർ' നേടിയ കന്നിമാരി തേക്കും പറമ്പിക്കുളത്തിൽ കാണാൻ കഴിയും.

കേരളത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ പഞ്ചായത്തായ മുതലമട അഞ്ച് ഡാമുകളുടെ സാന്നിദ്ധ്യം കൊണ്ട് അനുഗ്രഹീതമാണ്. വൈവിധ്യമാർന്ന കാർഷിക സമ്പത്തുള്ള ഈ പ്രദേശം കേരളത്തിലെ 'Mango City' എന്ന് അറിയപ്പെടുന്നു. ഈ കിഴക്കൻ ജനതയുടെ ഭാഷയിലും സംസ്കാരത്തിലും തമിഴിന്റെ സ്വാധീനം പ്രകടമായി കാണാം.

പൊങ്കൽ പോലുള്ള ആഘോഷങ്ങളിലും കുംഭക്കളി പോലുള്ള നാടൻ കലാരൂപങ്ങളിലും കാളയോട്ടം പോലുള്ള വിനോദങ്ങളിലും തമിഴിന്റെ സ്വാധീനം വളരെ പ്രകടമാണ്.

കാർഷിക വിളകളുടെ വൈവിധ്യവും കാനന ഭംഗിയുടെ വശ്യതയും ചാരുതയാർന്ന ഭൂ പ്രകൃതിയും തമിഴ് സംസ്കൃതിയുടെ സ്വാധീനവും മുതലമടക്ക് മറ്റുപാലക്കാടൻ ഗ്രാമങ്ങളിൽ നിന്നും വേറിട്ട തനിമ നൽകുന്നു. ●

■ കവിത

# എനിക്ക്



ജലജാപ്രസാദ്
9074676288

പുതയുന്ന തണുപ്പിനെ
സ്വന്തം കൈകൊണ്ടൊന്ന്
പുതപ്പിക്കണം

പൊള്ളുന്ന ചൂടിനെ
നിഴലുകൊണ്ടൊന്ന് തണുപ്പിക്കണം


ഉരുകുന്ന ഉള്ളത്തെ
കണ്ണീരുകൊണ്ട് കഴുകണം

ഇരുണ്ടവെറുപ്പിനെ
ചിരി കൊണ്ട് വെളുപ്പിക്കണം.

മുറുകുന്ന പകയെ
ധ്യാനം കൊണ്ടഴിക്കണം.

കവിയുന്ന ചിന്തയെ
മഷികൊണ്ടുഴിയണം

## ദൈവനാമത്തിൽ



മുഹമ്മദ് കനി
8086293957

# ഭിന്നത

ജഗദീശ്വരന് (അല്ലാഹു) മതമോ, ജാതിയോ ഇല്ല. അവന്റെ വിശിഷ്ട സൃഷ്ടികളായ നാം ജാതിയുടേയും മതത്തിന്റേയും പേരിൽ കലഹിയ്ക്കുന്നതും ഭിന്നിയ്ക്കുന്നതും അവൻ വെറുക്കുന്നു. ഈശ്വരന്റെ ഇഷ്ടക്കാരാവണമെന്നാഗ്രഹിക്കുന്നവർ മതമേതായാലും, മനുഷ്യൻ നന്നായാൽ മതിയെന്ന ഗുരുവാക്യമനുസരിച്ച് ജീവിതത്തെ ചിട്ടപ്പെടുത്തേണ്ടിയിരിയ്ക്കുന്നു.

മുഹമ്മദ് നബി (സ) ഇങ്ങിനെ പറഞ്ഞു!

"വർഗ്ഗീയതയെക്കുറിച്ച് ചിന്തിയ്ക്കുന്നവൻ നമ്മിൽ പെട്ടവനല്ല."

"വർഗ്ഗീയതയെക്കുറിച്ചു സംസാരിക്കുന്നവൻ നമ്മിൽ പെട്ടവനല്ല"

"വർഗ്ഗീയതയ്ക്കുവേണ്ടി മരിച്ചവൻ നമ്മിൽ പെട്ടവനല്ല."

ജാതി ഭേദം മതദ്വേഷം ഏതുമില്ലാതെ സർവ്വരും, സോദരത്വേന വാഴുന്ന മാതൃകാ രാജ്യമാക്കി മാറ്റാം നാം നമ്മുടെ മാതൃഭൂമിയെ.

ഭാരത മാതാവിന്റെ മക്കളായ നാമെല്ലാവരും സാഹോദര്യം നടപ്പിലാക്കിക്കൊണ്ട് ആത്മാർത്ഥമായി 'ഭാരതമാതാ കീ ജയ്' എന്ന് വിളിയ്ക്കാം. ജയിയ്ക്കുവാൻ വേണ്ടി പ്രയത്നിക്കാം. ജയ് ഹിന്ദ്.

ഈശ്വരന് സ്തുതി ●



ബിന്ദു. കെ
9446422321

# ഉറച്ച തീരുമാനം

**ഡോ**ക്ടർ മേത്ത എന്നെ കാണാമെന്ന പ്രതീക്ഷയിൽ തിങ്കളാഴ്ച വിക്ടോറിയ ഹോട്ടലിൽ ചെന്നു. അവർ അവിടം വിട്ടതായി അറിയുകയും പുതിയ മേൽവിലാസം മനസ്സിലാക്കി അദ്ദേഹം മുറിയിലെത്തി ഗാന്ധിജിയെ കാണുകയും ചെയ്തു. കപ്പലിൽ വെച്ച് ഗാന്ധിജിക്ക് അറിവില്ലായ്മ കൊണ്ട് പുഴുക്കടി പിടിപെട്ടിരുന്നു. കുളിക്കുന്നതിനും അലക്കുന്നതിനും കടൽവെള്ളമാണ് ലഭിച്ചിരുന്നത്. അതിൽ സോപ്പ് അലിയുകയില്ല. എങ്കിലും ഒരു പരിഷ്കാരത്തിന്റെ ഭാഗമെന്ന നിലയ്ക്ക് ഗാന്ധിജി സോപ്പ് ഉപയോഗിച്ചിരുന്നു. അതിന്റെ ഫലം ദേഹം വൃത്തിയാക്കുന്നതിനുപകരം തൊലിയിൽ അത് പറ്റിപ്പിടിക്കുകയായിരുന്നു. പുഴുക്കടി അതിൽ നിന്നുണ്ടാവുകയും ചെയ്തു. ഗാന്ധിജി അത് ഡോ. മേത്തയെ കാണിച്ചു. അസറ്റിക് ആസിഡ് പുരട്ടിയാൽ മതിയെന്ന് അദ്ദേഹം പറഞ്ഞു. ആ പൊള്ളിക്കുന്ന ആസിഡ് ഗാന്ധിജിയെ വല്ലാതെ കരയിച്ചു. ഡോ. മേത്ത ഗാന്ധിജിയുടെ മുറിയും അതിലെ ഏർപ്പാടുകളും പരിശോധിച്ചിട്ട് അതൊന്നും പോരെന്ന ഭാവത്തിൽ തലയാട്ടി. "ഈ സ്ഥലം കൊള്ളുകയില്ല. നമ്മൾ ഇംഗ്ലണ്ടിൽ വരുന്നത് പഠിക്കുക എന്നതിനെക്കാളേറെ ഇംഗ്ലീഷ് ജീവിതരീതിയിലും ആചാരത്തിലും പരിചയം നേടാൻ വേണ്ടിയാണ്. അതിന് ഒരു കുടുംബത്തോടൊപ്പം നിങ്ങൾ താമസിക്കണം. എന്നാൽ അതിനുമുൻപ് കുറച്ചുനാളത്തെ പ്രാഥമിക പരിശീലനത്തിനായി ഞാൻ ഒരാളിന്റെ അടുത്ത് കൊണ്ടുപോകാം. അയാളുടെ കൂടെ പരിശീലിക്കുന്നത് നന്നായിരിക്കും. "ഈ നിർദ്ദേശം ഗാന്ധിജി കൃതജ്ഞതാപൂർവ്വം സ്വീകരിക്കുകയും ആ സ്നേഹിതന്റെ താമസസ്ഥലത്തേയ്ക്ക് മാറുകയും ചെയ്തു. അദ്ദേഹം എന്നോട് ദയയും താൽപര്യവും കാണിച്ചു. സ്വന്തം സഹോദരനെപ്പോലെ ഗാന്ധിജിയെ കണക്കാക്കി അദ്ദേഹം ഇംഗ്ലീഷ് രീതികളും മര്യാദകളും പരിചയപ്പെടുത്തുകയും ഇംഗ്ലീഷ് പറയാൻ പരിശീലിപ്പിക്കുകയും ചെയ്തു. എന്നാൽ ഭക്ഷണം, ഗാന്ധിജിക്ക് ഗൗരവമുള്ള ഒരു പ്രശ്നമായി മാറി. ഉപ്പും മസാലയും ചേർക്കാതെ വേവിച്ച സസ്യഭക്ഷണം ഗാന്ധിജിയ്ക്ക് രുചിച്ചില്ല. ഗാന്ധിജിക്കുവേണ്ടി എന്തു ഭക്ഷണമാണ് തയ്യാറാക്കേണ്ടത് എന്നറിയാതെ ഗൃഹനാഥ കുഴങ്ങി. രാവിലത്തെ ഭക്ഷണം ഓട്സുപൊടി കൊണ്ടുള്ള കഞ്ഞിയാണ്. അത് ഒരുവിധം നിറയെ കഴിക്കാം. എന്നാൽ ഉച്ചയ്ക്കും രാത്രിയിലും സദാ പട്ടിണിതന്നെ. സുഹൃത്ത് മാംസം കഴിക്കാൻ നിരന്തരം ന്യായവാദം ചെയ്തുകൊണ്ടിരുന്നു. ഗാന്ധിജി തന്റെ പ്രതിജ്ഞയെപ്പറ്റി പറഞ്ഞ് മിണ്ടാതിരിക്കും. മുത്താഴത്തിനും അത്താഴത്തിനും ഇലക്കറിയും (Spinach) റൊട്ടിയും ജാമും കൂടി ഉണ്ടായിരുന്നു. ഗാന്ധിജി നല്ലൊരു തീറ്റക്കാരനും വലിയ വയറുള്ളവനുമായിരുന്നു. എങ്കിലും രണ്ടോ മൂന്നോ കഷണത്തിലധികം റൊട്ടി ആവശ്യപ്പെടുന്നത് ശരിയല്ലെന്നു തോന്നുകയാൽ കൂടുതൽ ചോദിക്കാൻ ഗാന്ധിജിക്ക് മടിയായിരുന്നു. ഇതിനുപുറമെ മുത്താഴത്തിനോ അത്താഴത്തിനോ പാല് ഇല്ലായിരുന്നുതാനും. ഈ സ്ഥിതിവിശേഷത്തിൽ ആ സ്നേഹിതൻ തികച്ചും നിരാശനായി പറഞ്ഞു "നിങ്ങൾ എന്റെ സ്വന്തം സഹോദരനായിരുന്നെങ്കിൽ ഇവിടെനിന്നും നിങ്ങളെ കെട്ടുകെട്ടിച്ചേനെ. അക്ഷരജ്ഞാനമില്ലാത്ത അമ്മയുടെ അടുത്ത് ഇവിടുത്തെ അവസ്ഥയറിയാതെ നടത്തിയ പ്രതിജ്ഞയ്ക്ക് എന്ത് വിലയാണുള്ളത് ? അത് ഒരു പ്രതിജ്ഞയേ അല്ല. നിയമപ്രകാരം അത് പ്രതിജ്ഞയായി കണക്കാക്കപ്പെടുകയില്ല. അത്തരമൊരു വാഗ്ദാനത്തിൽ മുറുകെപ്പിടിക്കുക കേവലം അന്ധവിശ്വാസമാണ്. ഈ ശാഠ്യം ഇവിടെനിന്ന് ഒന്നും നേടാൻ നിങ്ങളെ സഹായിക്കില്ലെന്ന് ഞാൻ പറയുന്നു. നിങ്ങൾ മാംസം തിന്നിട്ടുണ്ടെന്നും അത് രുചികരമായിരുന്നെന്നും തുറന്നുപറഞ്ഞല്ലോ. തീരെ ആവശ്യമില്ലാതിരുന്നിടത്ത് നിങ്ങൾ അത് കഴിച്ചു. അത്യാവശ്യമുള്ളിടത്ത് കഴിക്കുകയില്ല. എത്ര ദയനീയം !"

ഗാന്ധിജി പക്ഷെ ഉറച്ചുനിന്നു. എല്ലാ ദിവസവും ആ സ്നേഹിതൻ ഇങ്ങനെ വാദിക്കും. ഗാന്ധിജിയാകട്ടെ സ്ഥിരം നിഷേധമറുപടി കൊണ്ട് അദ്ദേഹത്തെ നേരിടുകയും ചെയ്തു. എത്രയധികം അദ്ദേഹം വാദിച്ചുവോ അത്രയധികം ഗാന്ധിജി ഉറച്ചുനിൽക്കാനും തുടങ്ങി. ദിവസവും ഗാന്ധിജി ഈശ്വര സംരക്ഷണത്തിനായി പ്രാർത്ഥിക്കുകയും അത് കിട്ടുകയും ചെയ്യും. ഗാന്ധിജിക്ക് ഈശ്വരനെപ്പറ്റി എന്തെങ്കിലും വിവരമുണ്ടായിരുന്നിട്ടല്ല വിശ്വാസമാണ് പ്രവർത്തിച്ചിരുന്നത്. തന്റെ വളർത്തമ്മ രംഭ ഗാന്ധിജിയിൽ നട്ടിരുന്ന ആ വിശ്വാസത്തിന്റെ വിത്തിൽ നിന്ന് വളർന്ന വിശ്വാസമാണ്.

ഒരുദിവസം ആ സ്നേഹിതൻ ബന്താമിന്റെ പ്രയോജന സിദ്ധാന്തം (Theory of Utility) ഗാന്ധിജിയെ വായിച്ചുകേൾപ്പിക്കാൻ തുടങ്ങി. ഗാന്ധിജി ഒരു സമ്മൂഢാവസ്ഥയിലായി. അതിലെ ഭാഷ മനസ്സിലാക്കാൻ വളരെ പ്രയാസമുള്ളതായിരുന്നു. അദ്ദേഹം അത് വിശദമാക്കാൻ ആരംഭിച്ചു. അപ്പോൾ ഗാന്ധിജി പറഞ്ഞു "ദയവായി എന്നോട് ക്ഷമിക്കുക. ഇത്തരം ഗഹനമായ കാര്യങ്ങൾ എനിക്ക് മനസ്സിലാവില്ല. മാംസം കഴിക്കേണ്ടത് ആവശ്യമാണെന്ന് ഞാൻ സമ്മതിക്കുന്നു. പക്ഷെ എ

ന്റെ പ്രതിജ്ഞ ലംഘിക്കാൻ എനിക്ക് സാദ്ധ്യമല്ല. അതേപ്പറ്റി എനിക്ക് വാദിക്കാനും വയ്യ. വാദപ്രതിവാദത്തിൽ താങ്കളെ നേരിടാനുള്ള കഴിവ് എനിക്കില്ലെന്ന് തീർച്ച. ദയവായി എന്നെ ഒരു വിഡ്ഢിയോ ശാഠ്യക്കാരനോ ആയി ഉപേക്ഷിച്ചേക്കുക. എന്നോടുള്ള താങ്കളുടെ സ്നേഹത്തെ ഞാൻ ആദരിക്കുന്നു. എന്റെ ഗുണകാംക്ഷിയാണ് താങ്കൾ എന്നും എനിക്കറിയാം. എന്റെ കാര്യത്തിൽ പ്രത്യേക താത്പര്യമുള്ളതുകൊണ്ടാണ് വീണ്ടും വീണ്ടും ഇതേപ്പറ്റി പറയുന്നതെന്നും എനിക്കറിയാം. എന്നാൽ ഞാൻ നിസ്സഹായനാണ്. ഒരു പ്രതിജ്ഞ പ്രതിജ്ഞയാണ്. അത് ലംഘിക്കാൻ പാടില്ല.''

ആ സ്നേഹിതൻ അത്ഭുതത്തോടെ ഗാന്ധിജിയെ നോക്കി. അദ്ദേഹം പുസ്തകം മടക്കിവെച്ചുകൊണ്ട് പറഞ്ഞു: ''ശരി ഞാനിനി ഇതേപ്പറ്റി വാദിക്കുകയില്ല.'' ഗാന്ധിജിക്ക് സന്തോഷമായി. പിന്നീടൊരിക്കലും അദ്ദേഹം ആ വിഷയം ചർച്ച ചെയ്തില്ല. എന്നാൽ ഗാന്ധിജിയെപ്പറ്റി ഉത്കണ്ഠപ്പെടുന്നത് അദ്ദേഹം നിർത്തിയില്ല. അദ്ദേഹം പുക വലിയ്ക്കുകയും മദ്യപിക്കുകയും ചെയ്തു. പക്ഷെ ഗാന്ധിജിയോട് ഒരിക്കലും അങ്ങനെ ചെയ്യാൻ പറഞ്ഞില്ല. വാസ്തവത്തിൽ അവ രണ്ടും ശീലിക്കാതിരിക്കാൻ അദ്ദേഹം ഗാന്ധിജിയോട് പറയുകയും ചെയ്തു. അദ്ദേഹത്തിന്റെ ഏക വൈഷമ്യം മാംസം കഴിക്കായ്കയാൽ ഗാന്ധിജി വല്ലാതെ ക്ഷീണിച്ചുപോവുകയും ഇംഗ്ലണ്ട് ഗാന്ധിജിക്ക് തീരെ അസുഖകരമായി തോന്നുകയും ചെയ്യുമല്ലോ എന്നായിരുന്നു.

അങ്ങനെയാണ് ഗാന്ധിജി തന്റെ ഒരു മാസത്തെ പ്രാഥമിക പരിശീലനം നടത്തിയത്. ആ സ്നേഹിതന്റെ വീട് റിച്ച്മണ്ടിലായിരുന്നു. അവിടെ നിന്ന് ആഴ്ചയിൽ ഒന്നോ രണ്ടോ പ്രാവശ്യത്തിലധികം ലണ്ടനിൽ പോകാൻ സാധിക്കുമായിരുന്നില്ല. അതിനാൽ ഗാന്ധിജിയെ ഏതെങ്കിലും കുടുംബത്തോടൊപ്പം താമസിപ്പിക്കണമെന്ന് ഡോ. മേത്തയും ശ്രീ. ദല്പത്റാം ശുക്ലയും കൂടി തീരുമാനിച്ചു. ശ്രീ. ശുക്ല വെസ്റ്റ് കെൻസിങ്ടണിലെ ഒരു ആംഗ്ലോ ഇന്ത്യൻ കുടുംബവുമായി ബന്ധപ്പെടുകയും ഗാന്ധിജിയെ അവിടെ താമസിപ്പിക്കുകയും ചെയ്തു. അവിടത്തെ ഗൃഹനായിക ഒരു വിധവ ആയിരുന്നു. അവരോട് ഗാന്ധിജി തന്റെ പ്രതിജ്ഞയെപ്പറ്റി പറഞ്ഞപ്പോൾ അവർ ഗാന്ധിജിയെ ഉചിതമായി സംരക്ഷിച്ചുകൊള്ളാമെന്ന് ഏറ്റു. അങ്ങനെ ഗാന്ധിജി ആ വീട്ടിൽ താമസമാക്കി. പക്ഷെ അവിടേയും ഫലത്തിൽ ഗാന്ധിജി പട്ടിണിയായിരുന്നു. മധുരപലഹാരങ്ങളും മറ്റു ഭക്ഷണ പദാർത്ഥങ്ങളും അയച്ചുതരുവാൻ ഗാന്ധിജി വീട്ടിലേക്കെഴുതിയിരുന്നെങ്കിലും ഒന്നും എത്തിയിരുന്നില്ല. എല്ലാം അരുചികരമായിരുന്നു അവിടത്തെ ഭക്ഷണം. ഗാന്ധിജിക്ക് ഭക്ഷണം ഇഷ്ടമായോ എന്ന് ആ വൃദ്ധസ്ത്രീ ദിവസവും ചോദിക്കുമായിരുന്നു. പക്ഷെ അവർക്ക് ഒന്നും ചെയ്യാൻ കഴിയുമായിരുന്നില്ല. ഗാന്ധിജിക്ക് അപ്പോഴും മുമ്പത്തെപ്പോലെ നാണമായിരുന്നു. തന്റെ മുൻപിൽ വിളമ്പിയതിലധികം ആവശ്യപ്പെടാൻ ഗാന്ധിജിക്ക് ധൈര്യമില്ലായിരുന്നു. ആ സ്ത്രീക്ക് രണ്ട് പെൺമക്കൾ ആയിരുന്നു. അവർ ഒന്നോ രണ്ടോ കഷണം റൊട്ടി കൂടി എനിക്ക് തരുന്നതിൽ നിഷ്ഠ കാണിച്ചിരുന്നു. എന്നാൽ ഒരു മുഴുവൻ റൊട്ടിയിൽ കുറഞ്ഞ യാതൊന്നും ഗാന്ധിജിയുടെ വയർ നിറക്കുകയില്ലെന്ന് അവർക്കറിയില്ലായിരുന്നു.

അപ്പോഴേക്കും ഗാന്ധിജി ആ മണ്ണിൽ കാലുറച്ചുതുടങ്ങിയിരുന്നു. ക്രമപ്രകാരമുള്ള പഠനം ഗാന്ധിജി ഇനിയും ആരംഭിച്ചിരുന്നില്ല. ശ്രീ. ശുക്ലയുടെ പ്രേരണയാൽ വർത്തമാന പത്രങ്ങൾ ഗാന്ധിജി വായിക്കാൻ തുടങ്ങിയിരുന്നു. പ ക്ഷെ ഇന്ത്യയിൽ ഒരിക്കലും ഗാന്ധിജി പത്രം വായിച്ചിരുന്നില്ല. എന്നാൽ ഇംഗ്ലണ്ടിൽ നിത്യപാരായണം കൊണ്ട് അവയെ ഇഷ്ടപ്പെടുന്നതിൽ ഗാന്ധിജി വിജയിച്ചു. ഡെയ്‌ലി ന്യൂസ്, ദി ഡെയ്‌ലി ടെലിഗ്രാഫ്, ദി പാൾമാൾ ഗസ്റ്റ് എന്നിവ ഗാന്ധിജി നിത്യവും നോക്കിയിരുന്നു. അതിന് ഗാന്ധിജിക്ക് കഷ്ടിച്ച് ഒരു മണിക്കൂർ മതിയാ യിരുന്നു. അതുകൊണ്ട് ഗാന്ധിജി ഓ രോ സ്ഥലങ്ങളിൽ ചുറ്റി നടക്കാൻ തുടങ്ങി. ഒരു സസ്യഭക്ഷണ ശാല കണ്ടെത്താനായി ഗാന്ധിജി അന്വേഷണം ആരംഭിച്ചു. അത്തരം സ്ഥലങ്ങൾ നഗരത്തിലുണ്ടെന്ന് ആ ഗൃഹനായിക പറഞ്ഞിരുന്നു. ദിവസവും പത്തോ പന്ത്രണ്ടോ മൈൽ നടന്ന് ചെലവു കുറഞ്ഞ റെസ്റ്റോറന്റിൽ കയറി വയറുനിറയെ റൊട്ടിയും മറ്റും കഴിച്ചിരുന്നെങ്കിലും ഗാന്ധിജി ഒരിക്കലും തൃപ്തനായിരുന്നില്ല. ഈ ചുറ്റിത്തിരിയലുകൾക്കിടയ്ക്ക് ഒരിക്കൽ ഫാറിങ്ടൺ തെരുവിൽ ഒരു സസ്യഭക്ഷണശാല കണ്ടെത്തി.

ഒരു കുട്ടിക്ക് കൊതിച്ച വസ്തു കിട്ടുമ്പോഴുണ്ടാകുന്ന അതേ അഹ്ലാദമാണ് ഈ കാഴ്ച ഗാന്ധിജിയിൽ ഉളവാക്കിയത്. അകത്ത് പ്രവേശിക്കുംമുൻപ് വാതിലിനടുത്ത് ഗ്ലാസ് ജനലിന് താഴെ പ്രദർശനത്തിന് വച്ചിരുന്ന പുസ്തകങ്ങൾ ശ്രദ്ധിച്ചു. അവയുടെ കൂട്ടത്തിൽ സസ്യഭക്ഷണവാദം (Plea for Vegetarianism) എന്ന സാൾട്ടിന്റെ (Salt) പുസ്തകം ഗാന്ധിജി കണ്ടു. ഒരു ഷില്ലിങ്ങ് കൊടുത്ത് അത് വാങ്ങിക്കൊണ്ട് ഗാന്ധിജി ഭക്ഷണമുറിയിലേക്ക് നേരേ ചെന്നു. ഇംഗ്ലണ്ടിൽ ചെന്നതിനുശേഷമുള്ള ഗാന്ധിജിയുടെ ആദ്യത്തെ ഹൃദ്യമായ ഭക്ഷണം അതായിരുന്നു. ഈശ്വരൻ ഗാന്ധിജിയുടെ സഹായത്തിനെത്തിയിരുന്നു !

സാൾട്ടിന്റെ പുസ്തകം ആദ്യവസാനം ഗാന്ധിജി വായിച്ചു. ഗാന്ധിജിക്കത് വളരെ ഇഷ്ടപ്പെട്ടു. ആ പുസ്തകം വായിച്ച ദിവസം മുതൽ ഗാന്ധിജി തന്റെ ഇഷ്ടപ്രകാരം ഒരു സസ്യഭുക്കായി എന്ന് അവകാശപ്പെടാം. തന്റെ അമ്മയുടെ മുൻപിൽ വെച്ച് ആ പ്രതിജ്ഞ എടുത്ത ദിവസത്തെ ഗാന്ധിജി ആഹ്ലാദത്തോടെ ഓർത്തു. നാളിതുവരെ മാംസഭക്ഷണത്തിൽ നിന്ന് ഗാന്ധിജി വിട്ടുനിന്നത് സത്യത്തിലും ഗാന്ധിജി എടുത്ത പ്രതിജ്ഞയിലും ഉള്ള താത്പര്യം കൊണ്ടാണ്. അതേസമയം എല്ലാ ഇന്ത്യക്കാരും സസ്യഭുക്കുകൾ ആകണ

മെന്ന് ഗാന്ധിജി ആഗ്രഹിച്ചിരുന്നു. എന്നുമാത്രമല്ല സ്വാതന്ത്ര്യത്തോടെ പരസ്യമായി ഒരു സസ്യഭുക്കാകുവാനും അതിന് മറ്റുള്ളവരെ പ്രേരിപ്പിക്കുവാനും കഴിയുന്ന ഒരു അവസരം കാത്തിരിക്കുകയായിരുന്നു ഗാന്ധിജി. സസ്യഭക്ഷണ വാദത്തിന് അനുകൂലമായി ഗാന്ധിജി ബോധപൂർവ്വം ഒരു തീരുമാനം അപ്പോൾ എടുത്തിരുന്നു. അവിടന്നങ്ങോട്ട് അതിന്റെ പ്രചാരണമായിരുന്നു ഗാന്ധിജിയുടെ ദൗത്യം. ●

■ പാചകം

# പൊങ്കൽ



**ജയ ചന്ദ്രൻ**
**8593949935**

### ആവശ്യമായവ:

1. പച്ചരി - 1 കപ്പ്
2. ചെറുപരിപ്പ് വറുത്തത് - $^1/_2$ കപ്പ്
3. പച്ചമുളക് - 2
4. ഇഞ്ചി - 1 ചെറിയ കഷണം

(3-ഉം 4-ഉം അരച്ചുവെയ്ക്കണം)

5. കുരുമുളക് - 2 വലിയ സ്പൂൺ
6. പാചക എണ്ണ - 2 വലിയ സ്പൂൺ
7. നെയ്യ് - 2 വലിയ സ്പൂൺ
8. അണ്ടിപ്പരിപ്പ് - കുറച്ച്
9. വെള്ളം - 3 കപ്പ്
10. ഉപ്പ് - പാകത്തിന്
11. മല്ലിയില - കുറച്ച്

### പാകം ചെയ്യുന്ന വിധം

കുക്കർ അടുപ്പിൽവെച്ച് ചൂടാകുമ്പോൾ എണ്ണ ഒഴിച്ച് ഇഞ്ചി-പച്ചമുളക് അരച്ചത്, കുരുമുളക് ഇവ വഴറ്റണം. കഴുകി വൃത്തിയാക്കിയ അരിയും ചെറുപരുപ്പും ചേർത്തിളക്കി വെള്ളമൊഴിച്ച് ഒരു വിസിൽ വരും വരെ വേവിക്കുക, നെയ്യിൽ അണ്ടിപ്പരിപ്പ് വറുത്തു ചേർത്തശേഷം മല്ലിയില അരിഞ്ഞതും ചേർത്ത് നല്ലപോലെ ഇളക്കിക്കൊടുക്കുക. ഒരുപാട് കുഴഞ്ഞുപോകരുത്.

NB: ഇതിൽ ഒഴിച്ചുകഴിക്കാൻ തേങ്ങാ ചട്നിയാണ് ഉത്തമം. വെളുത്തുള്ളിയുടെ മണം ഇഷ്ടമുള്ളവർക്ക് 1 അല്ലി ചേർത്തരക്കാം. ●



# ചരിത്രപാതകളിലെ അവഗണനകൾ...



**ഈശ്വർകുമാർ തരവത്ത്**
**9946655277**

**പ**റയത്തക്ക ചിട്ടപ്പെടുത്തലുകളൊന്നുമില്ലാതെ കെട്ടിപ്പൊക്കിയ എന്റെ ജീവിതം, രസകരമായ കുറേ അനുഭവങ്ങളുടെ കടലാണെന്ന് ഞാൻ പറയും. അതിന്റെ ആദ്യ പുറപ്പാടുകളെല്ലാം തോൽവികളുടേതായിരുന്നുവെന്ന് അതോടു ചേർത്ത് പറയേണ്ടിയും വരും. ഉള്ളിൽ ശൂന്യത വന്നുനിറയുമ്പോഴെല്ലാം, പണ്ടുതൊട്ടേ രക്ഷക്കായി തെരഞ്ഞെടുക്കുക, പഴമകളുറങ്ങിക്കിടക്കുന്ന ഭൂമികകളിലേക്കുള്ള ചെറിയ ചെറിയ കറക്കങ്ങളായിരുന്നു.

ഇല്ലിക്കൂട്ടങ്ങൾ നാലതിരിട്ട വളയൻകുന്നും, അതിലെ പൂജ നിലച്ച ഭഗവതിക്കാവും, കറുത്ത കുന്നമ്പാറയും അതിലെ കറുത്തിരുണ്ട ഗുഹയും, തേരുരുളുന്ന അയ്യർമല താഴ്വരകളും, കോടമഞ്ഞിറങ്ങുന്ന കല്ലടിക്കോടൻ കാറ്റുവഴികളും അന്നും എന്റെ ചെറുമനസ്സിനെ അത്ഭുതത്തോടെ തൊട്ടുഴിയുമായിരുന്നു.

വീട്ടിനടുത്ത കു(കൊ)ന്നലാലിനടുത്ത് കച്ചവടംചെയ്തിരുന്ന വീരാവുറാവുത്തരിൽ നിന്നും, നൂറ്റൊന്നു പിന്നിട്ട കുറുപ്പത്തെ കുട്ടൻ നായരിൽനിന്നുമുള്ള നാട്ടുമ്പുറക്കഥകൾ, ജിന്നായും, ശെയ്ത്താനായും, ഒടിയനായും, കണ്ടാകർണ്ണനായും കരിങ്കുട്ടിയായും എനിക്കു ചുറ്റും പഴങ്കഥപ്പടർപ്പുകളായി പിണർന്നു കിടന്നിട്ടുണ്ട്. ഉള്ളിലെ ശൂന്യതയെ ഉരുക്കഴിക്കാൻ ശ്രമിക്കുമ്പോഴൊക്കെ, കഥകളുടെ കാവൽക്കാരായ അവർ, എന്റെ ഉള്ളിലുറയുന്ന ശൂന്യതയെനോക്കി ഊറിയൂറിച്ചിരിക്കുന്ന പോലെ തോന്നിയിട്ടുമുണ്ട്.

എന്റെ യാത്രകൾ അന്നു തൊട്ടു തുടങ്ങിയതാണ്. പറളിപ്പുഴയോരം മുതൽ, പുതിയ പുറംലോകങ്ങൾ വരെ നീളുന്നവ... വർഷങ്ങൾക്കുമുമ്പു അത്തരമൊരു ശൂന്യത തന്നെയാണ്, എന്നെ ബംഗളൂരുവിൽ നിന്ന് ഏതാണ്ട് 200 കി.മീറ്റർ ദൂരെയുള്ള, ഹാലേബീഡ് എന്ന സ്ഥലത്തുമെത്തിച്ചത്. എന്തുകൊണ്ട് ചില സൃഷ്ടികളെമാത്രം ലോകാത്ഭുതങ്ങളായി കണക്കാക്കുന്നുവെന്ന ചോദ്യത്തിന്, വൈവിധ്യമേറിയ ഉത്തരങ്ങളാവും ലഭിക്കുക. ഔദ്യോഗിക ജീവിതത്തിനിടയിൽ എനിക്ക് ഇറ്റലിയിലെ പിസാ ഗോപുരം കാണാൻ സാധിച്ചിട്ടുണ്ട്. നിർമ്മാണത്തിലെ ന്യൂനതകൾകൊണ്ട് ചെരിഞ്ഞുപോയ ആ ഗോപുരത്തെവരെ ലോകാത്ഭുതങ്ങളിലൊന്നായി കണക്കാക്കി വരുന്നതുതന്നെ, അതിന്റെ കണക്കെടുപ്പുകളിലെ അപാകതകളെ ലോകത്തിനു മുന്നിൽ തുറന്നുകാണിക്കുന്നതാണ്. പ്രശസ്ത ഗ്രീക്ക് ചരിത്രകാരനായ ഹേറോഡോറ്റസ് ആണ് ലോകാത്ഭുതങ്ങളുടെ കണക്കെടുപ്പുകളുടെ തുടക്കക്കാരനെന്നാണ് കരുതപ്പെടുന്നത്. അന്നത്തെ അദ്ദേഹത്തിന്റെ 'ലോക'മെന്നത്, മെഡിറ്ററേനിയൻ തീരം മാത്രമായിരുന്നു. അവിടെ അദ്ദേഹത്തിനു വിചിത്രമെന്നുതോന്നിയ കുറച്ചു നിർമ്മിതികളെ, അദ്ദേഹം 'ലോകാത്ഭുതങ്ങ'ളായി കണ്ടിരിക്കാം .ആ തീരത്തെ അദ്ദേഹം 'ലോക' മായി കണ്ടെങ്കിൽ പിന്നീടുള്ള പലരുടേയും ലോകം അതിലുമേറെ ഇടുങ്ങിയതായിരുന്നു...! അതിനാൽ അറിഞ്ഞോ അറിയാതെയോ ലോകത്തെ മറ്റു പല മഹത്തായ നിർമ്മിതികളും സ്വാഭാവികമായും തിരശീലക്കു പിന്നിലായിപ്പോയി. നിലവിലുള്ള ഇ

ന്നത്തെ സപ്താത്ഭുതങ്ങളെ വെല്ലുന്ന ഒട്ടനവധി മനുഷ്യനിർമ്മിതികളും, പ്രകൃതി നിർമ്മിതികളും ലോകത്തിന്റെ വിവിധ തലങ്ങളിൽ ഒളിഞ്ഞും തെളിഞ്ഞും കിടപ്പുണ്ട്...!! അക്കൂട്ടത്തിലൊന്നാണ് കർണ്ണാടകത്തിലുള്ള ഹാലേബീഡിലെ ഹൊയ്സാലേശ്വര ക്ഷേത്രസമുച്ചയം...!

ശിവ പ്രതിഷ്ഠയോടു കൂടിയ ഈ ക്ഷേത്ര എടുപ്പുകൾക്കു 800 ലേറെ വർഷത്തെ പഴക്കമുണ്ട്. അത്ഭുതങ്ങളുടെ കലവറയായ ഈ ക്ഷേത്ര നിർമ്മിതി, ഹൊയ്സാല രാജവംശത്തിലെ മഹാരാജാവായിരുന്ന വിഷ്ണുവർദ്ധന്റെ കാലത്താണെന്നു കാണുന്നു. ഹാലേബീഡ് ഇന്ന് ഒരു ചെറുപട്ടണമാണ്. അധിനിവേശ ശക്തികൾ പലതവണ ആക്രമിച്ചു തകർക്കാൻ ശ്രമിച്ചിട്ടും തകരാതെ ഇപ്പോഴും തലയുയർത്തി നിൽക്കുന്നു, ഈ വിസ്മയ സമുച്ചയം! കൃഷ്ണശില കൊണ്ടുണ്ടാക്കിയ നിരവധി തൂണുകളോടെയാണ്, ഈ അതിമനോഹര നിർമ്മിതി ...!

അത്യാധുനിക യന്ത്രങ്ങളാൽ കടഞ്ഞെടുത്തതിന് സമാനമാണ് ഈ കൽത്തൂണുകൾ. ഇതു കാണുമ്പോൾ, അക്കാലത്ത് എങ്ങിനെ ഇതു കടഞ്ഞെടുത്തുവെന്ന അജ്ഞാത ചിന്തയോടൊപ്പം തന്നെ അത്ഭുതവും നമ്മെ കീഴ്പ്പെടുത്തും...! കട്ടച്ചിലിനുപയോഗിച്ച ആയുധങ്ങളുണ്ടാക്കിയ വർത്തുള രേഖകൾ ഇപ്പോഴും ഈ തൂണുകളിൽ കാണാനുണ്ട്. അതികഠിനമായ ശിലകളിൽ, അതിസൂക്ഷ്മവും, അതിസങ്കീർണ്ണവും, അതിസുന്ദരവുമായ കൊത്തുപണികളാൽ വിസ്മയങ്ങൾ തീർത്തത് മഹാവൈഭവശാലികളായ കലാകാരൻമാരായ ശിൽപികളാവാതെ തരമില്ല. അത്രയ്ക്ക് സങ്കീർണ്ണവും മനോഹരവുമാണത് ...!!

ശിലകൾ അതിസൂക്ഷ്മമായി തുരന്നുണ്ടാക്കിയ ഹൊയ്സാലേശ്വര ക്ഷേത്ര ശിൽപങ്ങൾക്ക്, ഇന്ത്യയിലല്ലാതെ മറ്റെവിടേയും സമാനതകൾ കാണാനുമില്ല.... മഹേശ്വര ക്ഷേത്രമാണെങ്കിലും, കൊത്തുപണികളിൽ പലയിടങ്ങളിലായി വിഷ്ണുരൂപങ്ങളും കാണാൻ കഴിയുന്നുണ്ട്.

ക്ഷേത്രസമുച്ചയത്തിന്റെ തെക്കും വടക്കുമായി അതിമനോഹരങ്ങളായ രണ്ടു നന്ദീ പ്രതിമകൾ കാണാം. തിളങ്ങുന്ന വിധത്തിൽ മിനുസപ്പെടുത്തി രൂപകൽപന ചെയ്യപ്പെട്ട ഇവരണ്ടും, എട്ടുനൂറ്റാണ്ടുകളുടെ പ്രകൃതി പ്രഹരങ്ങളുടെ താഡനമേറ്റിട്ടും പൂർണ്ണതയ്ക്കൊരു കോട്ടവുമേൽക്കാതെ നിലനിന്നുവരുന്നു... ഒറ്റക്കല്ലിൽ കൊത്തിയെടുത്ത ഈ വിഗ്രഹങ്ങൾ ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ നന്ദി വിഗ്രഹങ്ങളിൽ ഉൾപ്പെടുത്താമെന്നു പറയുന്നു. ഈ സമുച്ചയത്തിലെ ഓരോ നിർമ്മിതിയും നേരിട്ടു കാണുമ്പോൾ, പുരാതന ഭാരതീയ ശിൽപ കലയുടേയും കലാകാരൻമാരുടേയും അഭൗമ കഴിവും കാഴ്ചപ്പാടുകളും നേരിട്ടനുഭവിച്ചറിയാൻ കഴിയും.

ഉള്ളിലെ ശൂന്യതയൊഴിഞ്ഞ്, ഇവിടെ നിന്നിറങ്ങുമ്പോൾ, നിർമ്മാണത്തിലെ അപാകതകൊണ്ടു ചെരിഞ്ഞുപോയ പിസാ ഗോപുര നിർമ്മിതിയെ കുറച്ചുകാണാതെതന്നെ, ഹോയ്സാലേശ്വര സമുച്ചയത്തിന്റെ നിർമ്മാണ പൂർണ്ണതയെ ഓർക്കേണ്ടിയും വന്നു ..!! എന്തായാലും ഒന്നുപറയാതെ വയ്യ, ലോകത്തിന്റെ ഏതു കോണിലായാലും, പൂർണ്ണത സ്പർശിക്കുന്ന മഹത് നിർമ്മിതികൾ വിസ്മൃതമാകുന്നത് ഖേദകരം തന്നെ...





# അണിയറയിലെ കോമാളി

**സജു. ആർ**
**7025701996**

അരങ്ങിൽ ചിരിപ്പിച്ചു
നിന്നൊരാകോമാളി-
ക്കണിയറയിൽ ദുഃഖത്തിൻ
തീച്ചൂളകൾ
അത് എരിയുന്നു പുകയുന്നു
ഉള്ളിലാണെങ്കിലും
പുറമെ ശാന്തമാം പുഞ്ചിരിയും.
നിറങ്ങൾ ചാലിച്ച
മുഖദാവിലെന്നുമേ
ഭാവങ്ങൾ പലതും
മാറിമറയുമ്പോൾ
ചുണ്ടിലെ പുഞ്ചിരി
പൂച്ചെണ്ടും പേറിയാ
കോമാളി കൈയ്യടി നേടിടുന്നു.
അന്യന്റെ ആത്മാവിലാനന്ദം നൽകി
പർവ്വങ്ങൾ ഓരോന്നു
കയറിടുമ്പോൾ
ചേമ്പില കുമ്പിളിൽ
വെള്ളത്തെപ്പോലവൻ
ദുഃഖത്തിൻ
കണ്ണീരുമൊഴുകിപ്പോയി...
അണിയറ ദുഃഖങ്ങൾ
വേഷപ്പകർച്ചയിൽ
അറിയാതെ
വന്നൊന്നലട്ടീടുമ്പോൾ
കണ്ണീർ തടത്തിലെ ഭിത്തിയിൽ
അവനാ
കണ്ണീർ പതിയെ തുടച്ചിടുന്നു.
അവനിലെ കണ്ണുനീർ അപരന്റെ
കണ്ണുകൾ-
ക്കാനന്ദംമേറേ പകർന്നീടുമ്പോൾ
അവനരുളീടുന്നതിങ്ങനെ
എന്തെന്നാൽ
പിറവിക്കും മൃത്യുക്കുമിടയിലായ്
ജീവിപ്പൂ
മർത്യാ നിനക്കെന്തിനീ യാതനകൾ
ചിരിപ്പിക്കുക അപരന്റെ കണ്ണീർ
ശമിപ്പാൻ
ചിരിക്കുക ആത്മാവിലാനന്ദം
തേടിടാൻ.



# നിറദീപ്തി

എം. കെ. ശശിധരൻ
9847838361

സ്വയം അഭിമാനിക്കാൻ
പറ്റുന്നതിനാലാണ് അസ്തിത്വത്തിന്
അർത്ഥം വരുന്നതെന്ന്
ഞാൻ ചിന്തിക്കുന്നു.
ആത്മനിന്ദ വ്യസനമാണ്
അതിന്റെ നീരാളിക്കൈകളിൽ
ബന്ധിതമായാൽ
മോചനത്തെ പ്രത്യാശിക്കാൻ
ഒരിട കിട്ടിയെന്നുവരില്ല
ഏതെങ്കിലുമൊരു തലത്തിൽ
നന്മ എല്ലാവരിലുമുണ്ട്
ചെയ്തവയെ പറ്റിയൊ
സഫലമായ ക്രിയകളെ പറ്റിയോ
വിശകലനത്തിൽ
അഭിമാനിക്കാനെന്തെങ്കിലും
വീണുകിട്ടാതിരിക്കില്ല
ഒരു കച്ചിത്തുരുമ്പുമതി,
വ്യസനത്തിന്റെ കയത്തിൽ നിന്ന്
ഉപരിതലത്തിൽ വന്ന്
നീന്തി കരകയറാൻ.
വർണ്ണവൈവിദ്ധ്യങ്ങൾ
നിറഞ്ഞ ചിത്രകടലാസ്സിൽ
കറുപ്പ് വേണ്ടിടത്ത്
കറുത്ത ചായം ലേപനം
ചെയ്യേണ്ടിവരുമ്പോൾ
കറുത്ത കണ്ണുകളും തലമുടിയും
യഥാ അഴകുള്ളതാണെന്ന്
ഉൾക്കൊള്ളുമെങ്കിലും
പലപ്പോഴും കറുപ്പ്
മരണത്തിന്റെ തമസ്സായി
എന്നെ പിന്തിരിപ്പിക്കാറുണ്ട്.
സ്വയം ശപിക്കുന്ന പരാജയത്തിൽ
ഇരുണ്ട ദുഃഖം പൊതിഞ്ഞു
മൂടി നില്ക്കുമ്പോൾ
കാർമേഘങ്ങളോടെന്ന പോലെ
അപേക്ഷിക്കുന്നു
പെയ്തൊഴിയുക, മാഞ്ഞുപോവുക,
തെളിഞ്ഞുയരുക, സ്ഫടിക-
സമാനമായ് സ്വർണ്ണനിറത്തിൽ
ഉജ്ജ്വല പ്രകാശത്തിൽ
എനിക്കഭിമാനിക്കാനായി
ഒരുമൂർത്ത ബിന്ദുവായി
ഹൃദയത്തിൽ തെളിയൂ...



# പൊതുവിജ്ഞാനം



നൗഷാദ് ഖാൻ
9846454199

1. പാവപ്പെട്ട 20 ലക്ഷം കുടുംബങ്ങൾക്ക് സൗജന്യ ഹൈ സ്പീഡ് ഇന്റർനെറ്റ് കണക്ഷൻ നൽകാൻ ലക്ഷ്യമിട്ട് കേരള സർക്കാർ നടപ്പിലാക്കുന്ന പദ്ധതി?
ഉ. കെ-ഫോൺ

2. കേരള സംസ്ഥാന ഭാഗ്യക്കുറി ആരംഭിച്ച ധനകാര്യ മന്ത്രിയാര് ?
ഉ. പി. കെ. കുഞ്ഞു

3. ലോക സുനാമി ബോധവൽക്കരണ ദിനം ?
ഉ. നവംബർ 5

4. പുതിയ റോക്കറ്റ് ലോഞ്ച് പാഡ് കേന്ദ്ര സർക്കാർ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത് എവിടെ ?
ഉ. കുലശേഖര പട്ടണം (തമിഴ്നാട്)

5. അനുശീലൻ എന്നു വിപ്ലവ സംഘടനയ്ക്ക് രൂപം കൊടുത്തത് ?
ഉ. ബാരിന്ദ്ര കുമാർ ഘോഷ്

6. സൗരയൂഥം പിന്നിട്ട ആദ്യ മനുഷ്യനിർമ്മിത പേടകം ?
ഉ. വോയേജർ - 1

7. 'ആർദ്ര ഗംഗ' എന്നറിയപ്പെടുന്ന നദി?
ഉ. കൃഷ്ണ

8. 'ഇന്റർനാഷണൽ മോണിറ്ററി ഫണ്ട്' ചീഫ് എകണോമിസ്റ്റായി തിരഞ്ഞെടുത്ത ഇന്ത്യൻ വംശജ ?
ഉ. ഗീത ഗോപിനാഥ്

9. ഐ. എസ്. തലവൻ അബൂബക്കർ അൽ ബാഗ്ദാദിയെ പിടികൂടാൻ അമേരിക്ക നടത്തിയ ഓപ്പറേഷന്റെ പേര് ?
ഉ. ഓപ്പറേഷൻ കൈലാ മുള്ളർ

10. അമ്പതാം ഗോവ അന്താരാഷ്ട്ര ചലച്ചിത്രമേളയിൽ മികച്ച ചിത്രത്തിനുള്ള സുവർണ്ണ മയൂരം നേടിയ ചിത്രം ?
ഉ. പാർട്ടിക്കൾസ്



# ചണ്ഡിഗറിലെ ശിലോദ്യാനം



**ഡോ സുനീത് മാത്യു**
**09486382600**

**ഒ**രു നഗരം, ഒരു യൂണിയൻ ടെറിട്ടറി, രണ്ടു സംസ്ഥാനങ്ങളുടെ തലസ്ഥാനം എന്നീ പദവികൾ വഹിക്കുന്ന ഒരൊറ്റ നഗരമേ ഇന്ന് ഇന്ത്യയിലുള്ളു. യൂണിയൻ ടെറിട്ടറിയുടെ ഭരണാധികാരിയായ അഡ്മിനിസ്ട്രേറ്ററും, നഗര പിതാവായ മേയറും, പഞ്ചാബിന്റെയും ഹരിയാനയുടെയുമായി രണ്ടു ഗവർണർമാരും രണ്ടു മുഖ്യമന്ത്രിമാരും ഭരണത്തിലിരിക്കുന്ന ഒരു നഗരം. അതാണ് ഈ രണ്ടു സംസ്ഥാനങ്ങളിലും ഉൾപ്പെടാത്തതും ലോക നിലവാരത്തിൽ ആസൂത്രണം ചെയ്തിരിക്കുന്നതുമായ ചണ്ഡിഗർ എന്ന അതിമനോഹരമായ വടക്കേ ഇന്ത്യൻ നഗരം.

ആധുനികവൽക്കരണത്തിനൊപ്പം പ്രകൃതിയെ അതിന്റെ പ്രാധാന്യത്തോടെ നിലനിർത്തിയി രിക്കുന്നു എന്നൊരു പ്രത്യേകത കൂടിയുണ്ട് ഈ നഗരത്തിന്. സുരക്ഷക്ക്, പ്രത്യേകിച്ചു സ്ത്രീ സുരക്ഷക്ക് പേരുകേട്ട ഈ നഗരം കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ മറ്റേതൊരു ഇന്ത്യൻ നഗരത്തിനും പിന്നിലാണ് എന്ന് കണക്കുകൾ വ്യക്തമാക്കുന്നു. പ്രശസ്തനായിരുന്നു ഫ്രഞ്ച് ശില്പി എഡ്വേഡ് ലീ കോർബ്യൂസിർ ആണ് ഈ നഗരത്തിന്റെ ശില്പി. പ്രധാനമായും നാല് ഭാഗങ്ങളായി തിരിച്ചിരിക്കുന്ന ഈ നഗരത്തിന്റെ വടക്കു ഭാഗത്താണ് സൈക്രട്ടറിയേറ്റും, അസംബ്ലിയും ഹൈക്കോടതിയുമടങ്ങുന്ന ദി ക്യാപിറ്റോൾ കോംപ്ലക്സ് എന്ന തലസ്ഥാന മന്ദിരം സ്ഥിതി ചെയ്യുന്നത്. സെക്ടർ 17 എന്നറിയപ്പെടുന്ന തെക്കു ഭാഗവും ഭരണസിരാകേന്ദ്രം തന്നെ. പല പല സർക്കാർ ഓഫീസുകളും ഭരണ കേന്ദ്രങ്ങളും വ്യാപാര സമുച്ചയങ്ങളും നിറഞ്ഞ പ്രദേശം. പടിഞ്ഞാറുഭാഗത്തു വിദ്യാഭ്യാസ സ്ഥാപനങ്ങളും യൂണിവേഴ്സിറ്റിയുമാണുള്ളത്. കിഴക്കു ഭാഗം വ്യവസായ മേഖലയാണ്.

മുപ്പതു സെക്ടറുകളുമായി ആരംഭിച്ച ചണ്ഡിഗർ ഇന്ന് അമ്പത്താറു സെക്ടറുകളിലെത്തി നിൽക്കുന്നു. അമ്പത്തിയേഴാമത്തേതു പ്ലാൻ ചെയ്യുകയും ചെയ്യുന്നു. വർദ്ധിച്ചുവരുന്ന ജനപ്പെരുപ്പമാണിതിന് കാരണം. ഇത്രയും സെക്ടറുകളിൽ നിന്നും കൃത്യമായ എണ്ണം ലഭിക്കണമെങ്കിൽ ഒന്ന് കുറക്കേണ്ടിയിരിക്കുന്നു. കാരണം പതിമൂന്ന് എന്ന ഒരു സെക്ടർ നമ്പർ അവിടെയില്ല. പതിമൂന്ന് എന്ന നമ്പർ അപശകുനമായി വിശ്വസിക്കുന്നതുകൊണ്ടാകും ശില്പി അതൊഴിവാക്കിയത്. ഫ്രഞ്ച് നഗര നിർമ്മാണ രീതിയാണിവിടെ അനുകരിച്ചിരിക്കുന്നത് എന്നത് കൊണ്ട് തന്നെയാകും ഇത്തരത്തിലുള്ള സെക്ടറുകൾ ഉണ്ടായത്. അതുപോലെ ശ്രദ്ധയാകർഷിക്കുന്ന മറ്റൊന്നു കൂടിയുണ്ട് ഇവിടെ. ഒരു പ്രതിമ പോലും ഇവിടെയെങ്ങുമില്ല.

ഡൽഹിയിൽ നിന്നും നാലോ അഞ്ചോ മണിക്കൂർ റോഡു യാത്രവഴി ഇവിടെ എത്തിച്ചേരുവാൻ കഴിയും. ദേശീയപാത ഒന്നാണ് ഡൽഹിയേയും ചണ്ഡീഗറിനേയും ബന്ധിപ്പിക്കുന്നത്. അനായാസം യാത്ര ചെയ്യാവുന്ന ഒരു പാതയാണിത്. ധാരാളം തീവണ്ടികളും വിമാനങ്ങളും ഇങ്ങോട്ടുള്ള യാത്ര സുഗമമാക്കുന്നുണ്ട്. ഡൽഹിക്ക് ഇവിടെനിന്നും പതിനഞ്ചു മിനിറ്റ് ഇടവിട്ട് ബസ് സർവ്വീസുകളുമുണ്ട്.

നഗരഭംഗി തന്നെയാണ് ഇവിടെയെത്തുന്നവരെ ഹഠാദാകർഷിക്കുന്നത്. ഇത്തരം ആസൂത്രണം ചെയ്തുനിർമ്മിക്കപ്പെട്ട നഗരങ്ങൾ ഇന്ത്യയിൽ വിരളമാണ്. ഗുജറാത്തിലെ ഗാന്ധി നഗറും ഒഡീഷയിലെ ഭുവനേശ്വറുമാണ് മറ്റു രണ്ടു നഗരങ്ങൾ. ക്ഷേത്ര നഗരം എന്നുകൂടി അറിയപ്പെടുന്ന ഭുവനേശ്വർ ആസൂത്രണം ചെയ്തതിനുശേഷമാണ് തലസ്ഥാനം കട്ടക്കിൽ നിന്നും മാറ്റി സ്ഥാപിക്കപ്പെട്ടത്. അതേപോലെ തന്നെയാണ് അഹമ്മദാബാദിൽ നിന്നും 23 കിലോമീറ്റർ മാത്രം ദൂരത്തിൽ ഒരു ആസൂത്രിത നഗരമുണ്ടാക്കി ഗുജറാത്തിന്റെ തലസ്ഥാനം മാറ്റപ്പെട്ടതും.

ദി ക്യാപിറ്റോൾ കോംപ്ലെസ് ഒരു പ്രധാനാകർഷണമാണെങ്കിലും ടൂറിസം വകുപ്പിന്റെ അനുവാദമുണ്ടെങ്കിൽ മാത്രമേ നമുക്കിത് സന്ദർശിക്കാൻ സാധിക്കുകയുള്ളൂ. ചണ്ഡിഗർ സന്ദർശിക്കുന്നതിന് ഹോപ്പ് ഓൺ ഹോപ്പ് ഓഫ് ബസുകളുടെ സേവനവും പ്രയോജനപ്പെടുത്താവുന്നതാണ്. സുഘ്ന തടാകമാണ് ഇവിടത്തെ മറ്റൊരാകർഷണം. മനോഹരമായ ഈ തടാകം ആസ്വദിക്കുന്നതിനായി കെട്ടിയുണ്ടാക്കിയ ഒരു




പവലിയനും കോഫി ഷോപ്പുകളുമൊക്കെ ഇവിടെയുണ്ട്. തടാകത്തിലൂടെ ബോട്ടുയാത്രക്കും സൗകര്യമുണ്ട്. വേണമെങ്കിൽ ഒട്ടകപ്പുറത്തു ഒരു സവാരിയുമാകാം.

എന്നാൽ എന്നെ ഇവിടെ ഏറ്റവും ആകർഷിച്ചത് നഗരത്തിന്റെ രൂപകൽപ്പനയും ഒരു വിസ്മയമെന്നു തന്നെ പറയാവുന്ന 'റോക്ക് ഗാർഡനുമാണ്'. നാൽപ്പതോളം ഏക്കറുകളിലായാണ് ഈ വിസ്മയം സ്ഥിതിചെയ്യുന്നത്. രണ്ടായിരത്തിലധികം പ്രതിമകളും രൂപങ്ങളും വെള്ളച്ചാട്ടവും കെട്ടിട ഭാഗങ്ങളും, വനങ്ങളും, വൻ മതിലുകളും ആംഫി തിയേറ്ററുകളും ഇതിനുള്ളിലുണ്ട്. അകത്തു പ്രവേശിച്ചുകഴിഞ്ഞാൽ മറ്റൊരു ലോകത്തെത്തിയ അനുഭവം പകരുവാൻ ഈ റോക്ക് ഗാർഡനു കഴിയുന്നുണ്ടെന്ന് അനുഭവ സാക്ഷ്യം. കുപ്പികൾ. ഗ്ലാസ്സുകൾ, വളകൾ, ടൈലുകൾ, സിറാമിക് പാത്രങ്ങൾ എലെക്ട്രിക്കൽ അവശിഷ്ടങ്ങൾ, പൊട്ടിയ പൈപ്പുകൾ തുടങ്ങി പലവിധത്തിലുള്ള പ്രയോജന രഹിതമായ വസ്തുക്കൾ ഉപയോഗിച്ചാണ് ഇതിന്റെ നിർമ്മിതി. പാലക്കാട് മലമ്പുഴയിലെ റോക്ക് ഗാർഡൻ സന്ദർശിച്ചിട്ടുള്ളവർക്ക് ഇതിന്റെ ഏകദേശ സ്വഭാവം മനസ്സിലാകും. അതിന്റെ എത്രയോ ഇരട്ടി വലുതാണ് ഇതെന്നും ഓർക്കണം.

ഭാരത സർക്കാർ പദ്മശ്രീ നൽകിയാദരിച്ചിട്ടുള്ള നെക് ചന്ദ് എന്ന കലാകാരൻ ആരംഭിച്ചതാണീ റോക്ക് ഗാർഡൻ. ഒഴിവുസമയങ്ങളിൽ അദ്ദേഹം ശേഖരിച്ച പാഴ്വസ്തുക്കൾ ഉപയോഗിച്ചാണ് ഈ ഗാർഡൻ ഉണ്ടാക്കിയിരിക്കുന്നത്. 1986 ൽ ആണ് ഇത് പൊതുജനങ്ങൾക്കായി തുറന്നു നൽകുന്നത്. ഇത്തരം ഒരു സംരംഭത്തെക്കുറിച്ചു ഭരണകൂടത്തിനു തന്നെ അറിവുണ്ടായത് പതിനെട്ടുവർഷം നീണ്ട അനധികൃത നിർമ്മാണങ്ങൾക്കൊടുവിലായിരുന്നു. സർക്കാർ ഭൂമി കയ്യേറി ആയിരുന്നത്രേ ഇത് നിർമ്മിച്ചിരുന്നത്. പിന്നീടിതിനു സർക്കാർ അംഗീകാരം നൽകുകയായിരുന്നു.

എന്തൊക്കെത്തന്നെയായാലും ചണ്ഡിഗറിലെ ഈ റോക്ക് ഗാർഡൻ നമുക്ക് സമ്മാനിക്കുന്നത് അനുവാച്യമായ ഒരു ദൃശ്യ വിസ്മയം തന്നെയാണ് എന്നതിൽ തർക്കമുണ്ടാകാനിടയില്ല. ●



■ കവിത

# പോസ്റ്റുമോർട്ടം


**സുന്ദരൻ മുക്കം**
**9497217506**


വായിൽ ചവച്ചിറങ്ങാതെ
പാതിവെന്ത വറ്റുകൾ
വയറ് - പ്രസവിച്ചുണങ്ങാതെ
ഗർഭപാത്രം
കരളിലൊരു ചിരട്ട പുകയുന്ന
കനലുകൾ
പൂടാത്തമിഴിയിലൊരുതുള്ളി
രക്തക്കറ
മുഖംചുംബിച്ചൊഴിഞ്ഞുപോയ
വെടിയുണ്ട കരിച്ചചുണ്ടുകൾ
ശൂന്യമൊരാകാശംചൂഴുന്ന
സ്ത്രീശരീരം.
വഴിയെന്റെ തെറ്റെങ്കി-
ലെന്തേസഹോദരൻ
കനിവുതന്നില്ല.
'പ്രവൃത്തികൾ വെറുക്കുമ്പോഴും
നിന്നെ ഞാൻ സ്നേഹിക്കുന്നു' -
ക്രിസ്തു
ബിംബിസാരന്റെ
മുറ്റത്തുനിന്നശരീരികൾ
'കൊടുക്കാനാവാത്തതെടു
ത്തതെന്തേ രാജൻ ?'
ചോദ്യങ്ങളുടെ പേമാരി
യിലലിയാതെ
കാലത്തിന്റെ പ്രതിഷ്ഠകൾ

# അകലം


പ്രേമ . ആർ
9645585260, 9645696668


ഈ നാദം നിലയ്ക്കുമ്പോഴെങ്കിലും
നീയെന്നെ ഓർക്കുമോ ?
നിൻ നിനവുകളിലെപ്പോഴെങ്കിലും
എൻ ശബ്ദവീചികൾ
നിൻ കാതിൽ മുഴങ്ങുമോ ?
ആയിരം പൂർണ്ണചന്ദ്രന്മാർ
ഒന്നിച്ചു വന്നാലെങ്കിലും
എൻ മുഖം
നിൻ മനസ്സിൽ പതിയുമോ ?
ഒരിക്കലും മറക്കാത്തെൻ
നിൻ നിനവുകൾക്ക്
എൻ മരണത്തിനപ്പുറമൊരു
ജീവിതമുണ്ടോ ?
നിൻ ഭയത്തിന്റെ
ചിന്തകൾക്കെന്നും
നീ ബലി കൊടുത്തത്
നമ്മൾ എന്ന വാക്കിന്റെ
ജീവിതമായിരുന്നു.
ഒരുമിച്ചു പണിത തോണിയിൽ
നീ തുഴ വലിച്ചെറിഞ്ഞ്
ഇന്നും നിലയിലാക്കയത്തിൽ
ഇരുപുറമേറി നാം യാത്രയായി.

■ കവിത




രാജൻ കിണറ്റിങ്കര
8691034228


# തുടർ യാത്ര

നമുക്കിനി
ഈ രാവിന്റെ
കുളിരുള്ള
ചിറകിലേക്കൊളിക്കാം

പകലിന്റെ
അസ്വസ്ഥതകളെ
മറവിയുടെ
പുതപ്പുകൊണ്ട് മൂടാം

പൊഴിയുന്ന ഇലകളുടെ
മർമ്മരങ്ങളിൽ
ഋതുഭേദങ്ങളുടെ
ആത്മാവറിയാം

വഴി തെറ്റിയ
രാപ്പക്ഷികൾക്ക്
ഈ പുഴക്കരയിൽ
അന്തികൂട്ടേകാം

മിഴി ചിമ്മുന്ന
ഓരോ താരവും
ഒളിപ്പിച്ചു വച്ച
പ്രണയത്തിന്റെ
അർത്ഥം തിരയാം

ഇന്നലെകളുടെ
പച്ചപ്പാടങ്ങളിൽ
ഓർമ്മ ചിത്രം വരച്ച
തുമ്പപ്പൂക്കളുടെ
അവശേഷിപ്പുകളറിയാം


നിലാവിന്റെ
ക്ഷണിക ജന്മത്തിൽ
മരണത്തിന്റെ
ജാതകം കുറിക്കാം

കാലത്തിന്റെ
നീണ്ട വഴികളിൽ
തിരിച്ചുകിട്ടാത്ത
ബാല്യത്തിന്റെ
കാത്തിരിപ്പ് തുടരാം

നീയും ഞാനും
ഒറ്റക്കായിപ്പോയ
ആൾക്കൂട്ടങ്ങളിൽ
സാന്ത്വനത്തിന്റെ
കൈത്തലം തേടാം.

■ ലേഖനം

# പ്ലാസ്റ്റിക് നിരോധനം ഫലപ്രദമാകുമോ ?




അശോപ്പി ചേർത്തല
9288408607


**ഭൂ**മുഖത്തുനിന്നും പൂർണ്ണമായി പ്ലാസ്റ്റിക് മാലിന്യങ്ങൾ തുടച്ചു നീക്കണമെന്നത് നമ്മുടെ ചിരകാലാഭിലാഷമായിരുന്നു. ആ അഭിലാഷമാണ് പുതുവർഷാരംഭത്തിൽ പ്ലാസ്റ്റിക് നിരോധന നിയമമായി പ്രാബല്യത്തിൽ വന്നിരിക്കുന്നത്. എന്നാൽ ഇത് എത്രത്തോളം ഫലപ്രാപ്തിയിലെത്തിക്കുവാൻ കഴിയുമെന്നുള്ളത് സംശയമാണ്. കാരണം ഇന്ന് ഉപയോഗത്തിലിരിക്കുന്ന മുക്കാൽ പങ്ക് സാധന സാമഗ്രികളും ഉപകരണങ്ങളുമൊക്കെ പ്ലാസ്റ്റിക് നിർമ്മിതമാണ്. നാൽപ്പത് മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ ഉപയോഗിക്കരുതെന്നായിരുന്നു നിലവിലുള്ള നിയമം. അതുമാറി കനം നോക്കാതെ ക്യാരിബാഗ്, ടേബിൾ ഷീറ്റ്, തെർമോക്കോൾ സ്റ്റൈറോഫോം ഉപയോഗിച്ചുണ്ടാക്കുന്ന പ്ലേറ്റുകൾ, അലങ്കാര വസ്തുക്കൾ, കപ്പുകൾ, സ്പൂണുകൾ, ഫോർക്കുകൾ, ഡിഷുകൾ, പേപ്പർ ബൗൾ, പൗച്ചുകൾ, സ്ട്രോകൾ, 500 മില്ലിയിൽ താഴെയുള്ള പെറ്റ് ബോട്ടിലുകൾ, പി. വി. സി. ഫ്ളക്സുകൾ, കൊടികൾ എന്നിവയൊക്കെയാണല്ലോ നിരോധിച്ചിരിക്കുന്നത്. നിയമം ലംഘിച്ചാൽ ഒറ്റത്തവണ പതിനായിരം രൂപയും ആവർത്തിച്ചാൽ ഇരുപത്തയ്യായിരവും മൂന്നാമതും ലംഘിച്ചാൽ മുന്നറിയിപ്പില്ലാതെ അൻപതിനായിരം രൂപ പിഴയും സ്ഥാപനത്തിന്റെ നിർമ്മാണ പ്രവർത്തനാനുമതി റദ്ദാക്കുമെന്നുമാണ് ഉഗ്രശാസനം.


എന്നാൽ ഇതിന്റെ സാധ്യതകളെക്കുറിച്ച് നമുക്കൊന്ന് പരിശോധിക്കാം. മുലപ്പാൽ വലിച്ചുകുടിക്കുമെങ്കിലും സ്ട്രോ ഇല്ലാതെ മിൽക്ക് ഷേയ്ക്കുകളും സോഫ്റ്റ് ഡ്രിങ്കുകളും മനുഷ്യരാരെങ്കിലും കുടിക്കുമോ ? നിരോധനം വന്നതുകൊണ്ട് പകരം കപ്പളത്തിന്റെ ഇലത്തണ്ട് (പപ്പരത്തണ്ട്) മുറിച്ച് കടകളിൽ വയ്ക്കാവുന്നതാണ്. പേപ്പർ സ്ട്രോകൾ പാനീയത്തിലെ രാസവസ്തുക്കളുമായി പ്രതിപ്രവർത്തിച്ച് സിലിക്കൺ കാർബണേറ്റുണ്ടാവുകയും ആരോഗ്യത്തിന് ഹാനികരമാവുകയും ചെയ്യുമെന്ന് പറയുന്നു. പച്ചക്കറികളും പലചരക്കുസാധനങ്ങളും കടക്കാരൻ പൊതിഞ്ഞുതന്നിരുന്നത് പേപ്പർ കുമ്പിളിലും പേപ്പർ കൂടുകളിലുമായിരുന്നു. അത് തിരിച്ചുവരണം. ഇറച്ചിക്കടക്കാരൻ മുൻപ് ഇറച്ചി തന്നിരുന്നത് ചേമ്പിലകളിലാണ്. ചേമ്പില വളർന്നുനിന്നിരുന്ന വരമ്പുകളും വയലുകളും ഇന്ന് കാണാനില്ല. പഞ്ചായത്തുകളും സന്നദ്ധസംഘടനകളും ചേമ്പിലകൃഷിയെ പ്രോത്സാഹിപ്പിക്കണം. പഴമക്കാർ മീൻ വാങ്ങിയിരുന്നത് ഓലാം കുട്ടകളിലായിരുന്നു. തെങ്ങോല മെടഞ്ഞ് ഓലക്കൂടുണ്ടാക്കാൻ എല്ലാവരും പഠിക്കണം. പണ്ടുകാലത്ത് പ്രായമായവർ കൈതോല വെട്ടി വെള്ളത്തിലിട്ട് ചീയിച്ച് അത് ഉണക്കിയെടുത്ത് സുന്ദരമായ തഴപ്പായകൾ നെയ്തിരുന്നു. ഇരിക്കാൻ തൂതപ്പായയും കിടക്കാൻ തച്ചുപായയും നെല്ലും മുളകുമൊക്കെ ഉണക്കിയെടുക്കാൻ ഉണക്കപ്പായയും നമുക്കുണ്ടായിരുന്നു. കൂടാതെ ഇരിക്കപ്പുട്ടി, കൊച്ചുവട്ടി, കൈവട്ടി, ഇറയൻ വിരി (ഇറയത്ത് വിരിക്കാനുള്ള വിരി) ഇതൊക്കെ തഴപ്പായയുടെ ഉപോൽപ്പന്നങ്ങളായിരുന്നു. ആ സ്ഥാനത്താണ് ടാർപോളിനും സീൽ പോളിനുമൊക്കെ വിരുന്നുവന്നത്. തഴപ്പായയും വലയുമൊക്കെ നെയ്യാനറിയാവുന്ന വയോധികർ ഇപ്പോഴില്ല. അവരൊക്കെ നെറ്റിലാണ് സഞ്ചാരം. കൈവട്ടിയെന്ന കൊച്ചുവട്ടിയിൽ മീനും നിത്യോപയോഗസാധനങ്ങളും, അതിനേക്കാൾ വലിയ വട്ടിയിൽ മെതിക്കാനുള്ള നെൽക്കതിർ കറ്റ

കൾ കൊണ്ടുപോകുന്നവരുടെ ചിത്രങ്ങളും ഇന്നൊരു ഗൃഹാതുര സ്മരണയാണ്. ഇതെല്ലാം ഉണ്ടാക്കാൻ പുതുതലമുറയെ പഠിപ്പിക്കണം.

കാലങ്ങൾക്കപ്പുറം കുഞ്ഞുങ്ങളെ കുളിപ്പിച്ചിരുന്നത് മുത്തശ്ശിമാർ പാളത്തൊട്ടികളിലാണ്. അവിടെയാണ് പ്ലാസ്റ്റിക് ബാത്തിംഗ് ഷീറ്റുകൾ ആധിപത്യമുറപ്പിച്ചത്. എന്നും കവുങ്ങിന്റെ (അടയ്ക്കാമരം) ഓലകൾ പഴുക്കുന്നില്ല. അതുകൊണ്ട് ഒരു തൊട്ടിയിൽ ഒരാഴ്ചക്കാലത്തിലേറെ കുളിപ്പിക്കാം. അങ്ങനെ ചെയ്യുന്നതല്ലേ നല്ലത്. ബേബി സോപ്പിനുപകരം ഇഞ്ചയും പയർപൊടിയും ഉപയോഗിക്കുമെങ്കിൽ കുഞ്ഞും ഹാപ്പി തള്ളയും ഹാപ്പി. ആ ദിവസങ്ങളിൽ സ്ത്രീകൾ ഉപയോഗിക്കുന്നത് അഞ്ചാറ് കോട്ടിങ്ങുള്ള പ്ലാസ്റ്റിക് ഉല്പന്നമാണ്. അതുമാറ്റി അഞ്ചാറ് മടക്കുകളുള്ള കോട്ടൺ തുണികളല്ലേ അഭികാമ്യം ? അത്താഴത്തിന് വകയില്ലെങ്കിലും ആർഭാടത്തിന് പിറകേ പോകുന്ന പ്രവണത ഉപേക്ഷിക്കുക. പുരുഷൻമാർക്കുമുണ്ട് ചില നിർദ്ദേശങ്ങൾ. പോളിയെസ്റ്റർ മുണ്ടും ഷർട്ടുമിട്ട് നിങ്ങൾ ഇനി ചെത്തി നടക്കണ്ട. പ്രകൃതിദത്ത സിൽക്ക് വസ്ത്രങ്ങളോ പരുത്തിത്തുണികളോ കൊണ്ടുള്ള കുപ്പായങ്ങൾ മതി. നമ്മളേയും പ്രകൃതിയേയും രക്ഷിക്കാം.

മതിൽ കെട്ടാൻ കഴിയാത്തവർ വേലികെട്ടാൻ ഷീറ്റുകൾക്കുപകരം മെടഞ്ഞെടുത്ത ഓലകൾ ഉപയോഗിക്കുക. താങ്ങുകുറ്റികളായി പി. വി. സി. പൈപ്പുകൾക്കു പകരം മുളയോ അടയ്ക്കാ വാരിയോ ഉപയോഗിക്കാം. പ്ലാസ്റ്റിക് നൂൽ ഇല്ലാതെ കയർ കൊണ്ട് വരിയാൻ മറക്കരുത്. അതുപോലെ തലയിൽ വയ്ക്കാൻ പ്ലാസ്റ്റിക് ഹാറ്റുകൾ വേണ്ട. പകരം പാളത്തൊപ്പിയോ ഓലത്തൊപ്പിയോ കരുതാം. പന്തൽ ആന്റ് ഡെക്കറേഷൻ പാർട്ടികളും രാഷ്ട്രീയ പാർട്ടികളും പ്ലാസ്റ്റിക്കിനുപകരം കടലാസ് കൊടികളും തുണിക്കൊടികളും ഉപയോഗിക്കുക. നമ്മളെക്കൊണ്ട് ഇത്രയുമൊക്കെ ചെയ്യാൻ കഴിഞ്ഞാൽ ഈ ഉദ്യമത്തിൽ നമുക്കും പങ്കാളികളാകാം. ●

# ചെരുപ്പ്



**ടി. കെ. ഉണ്ണികൃഷ്ണൻ**
**6238274025**

**അ**വൻ പന്ത്രണ്ടിലാണ് പഠിക്കുന്നത്. ചെറുതായി കിളിർത്ത താടി വടിച്ച് ചുണ്ടിൻ മുകളിൽ ഈർക്കലികട്ടിയിൽ ഒരു മീശ വെച്ചപ്പോൾ അവനൊരു ചിരി വന്നു. ഒപ്പം പഠിക്കുന്നവർ കാണട്ടെ. വീട്ടിൽ മുത്തശ്ശനും മുത്തശ്ശിയുമൊക്കെ കാണട്ടെ. അച്ഛനും അമ്മയും വഴക്കിട്ടോട്ടെ. അയൽവാസികൾ കമന്റ് പറയട്ടെ. എന്തിനും തയ്യാറായിട്ട് തന്നെയാണ്. സ്കൂൾ ലീഡറാണ്, അല്പം ഗൗരവമൊക്കെ വേണ്ടേ. സിദ്ധാന്തങ്ങൾ പറയുമ്പോൾ, സ്കൂളിനേയും നാട്ടിനേയും നന്നാക്കാൻ പല പ്ലാനുകളും നിരത്തുമ്പോൾ ഒരു ഗെറ്റപ്പ് വേണ്ടേ. അടുത്ത വർഷം കോളേജിൽ ചേരണ്ടതാണ്. വാചകമികവിൽ അവിടെ നേതൃസ്ഥാനം കൈയിലാക്കണം.

സ്കൂളിൽ പോകുംമുമ്പ് കണ്ണാടിയിൽ ഒന്നുകൂടി നോക്കി. അമ്മ കഴുകി ഇസ്തിരിയിട്ട മുണ്ടും ഷർട്ടും. മുടി ഒന്നുകൂടി ഒതുക്കി. പുതിയതായി വെച്ച മീശ ഐബ്രോ പെൻസിൽ കൊണ്ട് ഒന്ന് കറുപ്പിച്ചു. വീണ്ടും കണ്ണാടിയിൽ നോക്കിയപ്പോൾ എന്തോ ഒരു കുറവ്. എന്താണത് ? അപ്പോഴാണ് മനസ്സ് പറഞ്ഞത് കാലിൽ നല്ല ചെരുപ്പില്ല എന്ന്. വളരെ വിഷമം തോന്നി. പന്ത്രണ്ടാം ക്ലാസ്സിലെത്തിയിട്ടും തനിക്ക് നല്ലൊരു ചെരുപ്പില്ല. ധിക്കാരം. വാങ്ങണം അതിന് പണം വേണമല്ലെ. അപ്പോഴാണ് നേതാവിന്റെ ബുദ്ധി തലയിൽ വന്നത്. സ്കൂൾ പരിസരം വൃത്തിയാക്കാൻ 5000 രൂപ പിരിച്ചത് കൈക്കലുണ്ട്. ആദ്യം താൻ നന്നാവട്ടെ അതുകഴിഞ്ഞ് മതി സ്കൂളും നാട്ടുകാരുമെല്ലാം ബാറ്റയുടെ കടയിലേക്ക് നടന്നു.

കോളേജിലേക്ക് വന്നപ്പോൾ പഠിത്തത്തിലേക്കുള്ള ശ്രദ്ധ കുറഞ്ഞു. വിദ്യാർത്ഥി സംഘടനയിൽ നേതാവാകാൻ സമയമെടുത്തില്ല. വിദ്യാർത്ഥികൾക്കും കോളേജിനും ആവശ്യമായി പല കാര്യങ്ങൾക്കായി ആയിരമായിരം ആശകൾ കൊടുത്തു. മറ്റ് സംഘടനകളുമായി ബലപ്രയോഗങ്ങൾ വന്നു. മീശയ്ക്ക് കട്ടി കൂടി. മീശ പിരിച്ച് കൊമ്പനാക്കി. സംഘടനയിലെ പണമെടുത്ത് ബൈക്ക് വാങ്ങി പുതിയ പുതിയ ഡ്രസ്സുകൾ വാങ്ങി കൂട്ടുകാരുമൊത്ത് പാർട്ടികൾ കൂടി. എതിര് പറയുന്നവരെ മീശ പിരിച്ച് ഭയപ്പെടുത്തി. ഇന്നത്തെ നേതാക്കളുടെ എല്ലാ ലക്ഷണങ്ങളും തെളിഞ്ഞപ്പോൾ ഭരണ പാർട്ടിയും എതിർ പാർട്ടിയും സ്വാഗതം പറഞ്ഞു.

പഠിത്തം വഴിയിൽ വിട്ടു നാട്ടുകാർക്ക് വേണ്ടി ഓടി നടന്നു. ആർക്ക് വേണ്ടി ഓടിയോ അവരിൽ നിന്ന് വലിയൊരു തുക കരസ്ഥമാക്കി. എല്ലാവരും നേതാവേ നേതാവേ എന്ന് വിളി തുടങ്ങി. അങ്ങിനെ പഞ്ചായത്തിൽ ഭരണ കക്ഷിയുടെ സ്ഥാനാർത്ഥിയായി ജയിച്ചു. പിന്നെ എം. എൽ. എ. ആയി. നേതാവാണ് കൊമ്പൻ മീശ പാടില്ല. നയത്തോടെ നിൽക്കണം. മീശ 'റ' യായി കീഴ്പോട്ടു തൂങ്ങി. എല്ലാം ശരിയാക്കാം എന്നുപറഞ്ഞ് സമയം നീക്കി. പണം വരാൻ മാത്രം കാത്തുനിന്നില്ല.

പാവപ്പെട്ടവരെ മറന്നു. വലിയ വലിയ ബിസിനസ്സുകാരെ രക്ഷിച്ചു. സുഖമായ ജീവിതം അതിന് സുന്ദരികളും വേണമല്ലോ. നര കയറിയ മീശയും മുടിയും കറുപ്പിച്ചു. അന്ന് ഗസ്റ്റ് ഹൗസിൽ വലിയൊരു

കരച്ചിൽ കേട്ടാണ് ജനം ഓടിയെത്തിയത്. മീഡിയക്കാരും എത്തി. അയാളുടെ ഗുണ്ടകൾ പിടിച്ചുകൊണ്ടു വന്ന കോളേജ് കുമാരിയുടെ എല്ലാം നഷ്ടപ്പെട്ട കരച്ചിൽ. മുമ്പ് അവളുടെ കോളേജിൽ വാർഷികോത്സവത്തിന് അതിഥിയായി അവൻ വന്നപ്പോൾ മോശമായി പെരുമാറിയതിന് അവൾ ചെരുപ്പ് ഊരിയത്രേ. ഗുണ്ടകൾ ഓടി രക്ഷപ്പെട്ടു. കാറിൽ ഓടിപ്പോകാൻ ശ്രമിച്ച അവനെ ജനം വളഞ്ഞു. നിറഞ്ഞു നിൽക്കുന്ന ജനങ്ങളെ കണ്ടപ്പോൾ അവൾക്ക് ധൈര്യം വന്നു. കരച്ചിൽ നിർത്തി കണ്ണുകൾ തുടച്ച് അവൾ ജനത്തിന്റെ മുമ്പിൽ വന്നു. അവളുടെ ശബ്ദമുയർന്നു. പോലീസുവേണ്ട, നേതാക്കൾ വേണ്ട, കോടതി വേണ്ടാ അവിടെയൊന്നും നീതി ലഭിക്കില്ല. നമ്മൾ തീരുമാനിക്കണം ഇവനെ എന്തുവേണമെന്ന് ? അടുത്ത ബാർബർ ഷാപ്പിലെ കുഞ്ഞൻ കൂവി മൊട്ടയടിച്ച് നഗരം മുഴുവൻ കറക്കണം. അതിനോട് ജനം ചേർന്നു. നാലഞ്ച് പേർ കൂടി അവനെ പിടിച്ചുനിർത്തി. കുഞ്ഞൻ തല വടിച്ചു. മീശ വടിച്ചു അവിടെയുണ്ടായിരുന്ന സ്ത്രീകൾ ചെരുപ്പ് അഴിച്ച് മുഖത്ത് അടിച്ചു. കൂവി വിളിയായി നഗരം ചുറ്റി. ഒഴുകിവന്ന ജനത്തിനുമുമ്പിൽ പോലീസ് കണ്ടുനിന്നു. കൂടെ കൂടെ സ്ത്രീകളുടെ ചെരുപ്പിന്റെ അടി കൊണ്ട് അവൻ തളർന്നുവീണു. അവളുടെ ശബ്ദം പിന്നെയും ഉയർന്നു. ''പെട്രോൾ ഒഴിച്ച് കത്തിക്കെടോ പഹയനേ.''

**അറിയിപ്പ്**

രചനകളിലെ ആശയം മാസികയുടേതോ എഡിറ്ററുടേതോ ആവണമെന്നില്ല. മാസികയിലുള്ള രചനകളിലെ ആശയങ്ങളുടെ ഉത്തരവാദിത്വം ലേഖകരുടേതു മാത്രമായിരിക്കും.

**എഡിറ്റർ**



# മന്ദു ചെത്തൽ

**മലയാമ്പള്ളം ശങ്കരൻകുട്ടി**
**9207909824**

**ഹി**ന്ദു മതത്തിലെ പിന്നോക്ക വിഭാഗക്കാരായ ചെറുമക്കളുടെ സാമുദായ അനുഷ്ഠാന ചടങ്ങാണിത്. വൃശ്ചികം ഒന്ന്. അന്നാരും മറ്റു ജോലികൾക്കായി പുറത്തുപോവാറില്ല. സാമുദായാംഗങ്ങളുടെ കോവിലിനു ചുറ്റു പാടും വൃത്തിയാക്കുന്നു. ഒത്തുചേർന്നുള്ള ഉത്സവ പ്രതീതി, കമ്പി പൂത്തിരിയെരിയുന്ന പോലെ ! ഒരാരവ അന്തരീക്ഷം. ഭഗവതിയും പരിവാരങ്ങളുമാണ് പ്രതിഷ്ഠകൾ. നാഴി അവിലും പത്തുരൂപയുമാണ് വരിക്കാശ്. പ്രായമേറിയവർ മൂപ്പന്മാരാകുന്നു. അവരോ, അവർ നിർദ്ദേശിക്കുന്നവരിൽ ഒരാളോ ആയിരിക്കും പൂജാരി. നിത്യപൂജ സാധാരണയല്ല.

മന്ദ് ഒരു നീതിന്യായശാല കൂടിയാണ്. സാമുദായാംഗങ്ങളുടെ പല പ്രശ്നങ്ങളും മൂപ്പന്മാരുടെ അദ്ധ്യക്ഷതയിൽ തീർപ്പാക്കപ്പെടുന്നു. പെട്ടെന്ന് പരിഹാരമർഹിക്കുന്ന പ്രശ്നങ്ങൾ പ്രത്യേകദിവസം നിശ്ചയിച്ച് പരിഹരിക്കപ്പെടുന്നു. പിഴശിക്ഷയാണ് പതിവ്. ഇന്നത്തെ കാലത്ത്, മദ്യപിച്ചു മന്ദിലെത്തുന്നവർക്ക് പിഴ സംഖ്യ നൂറുരൂപയാണ്. ഒളിച്ചോട്ടം തുടങ്ങിയവയ്ക്ക് സംഖ്യ ഏറും. പത്തു മണിയ്ക്കുമുമ്പേ സന്നിഹിതരാവണം.

ഏറെ അവാന്തര വിഭാഗങ്ങളുള്ള ഈ സമുദായത്തിൽ ഓരോ വിഭാഗത്തിനും പ്രത്യേക മന്ദുകളുണ്ട്. കണക്ക ചെറുമൻ, പുലയ ചെറുമൻ, കുട ചെറുമൻ, വള്ള ചെറുമൻ തുടങ്ങിയവ വിഭാഗങ്ങൾ തമ്മിൽ ഇക്കാര്യങ്ങളിൽ സഹകരണമില്ല. അകലങ്ങളിൽ താമസിക്കുന്നവരാണെങ്കിലും ചടങ്ങിന് വന്നിരിയ്ക്കും. ഐക്യത്തിന്റെ ഭസ്മക്കുറി പോലെ.

വിവാഹിതരായി വരുന്നവർ, പുതിയ താമസക്കാർ തുടങ്ങി പുതിയ അംഗങ്ങളെ ചേർക്കുന്നതും ഈ ദിവസത്തിലാണ്. പ്രവേശനത്തിനും അവിലും രൂപയും തന്നെ. വിവാഹം, മരണം, പൊങ്കൽ തുടങ്ങി പല ചടങ്ങുകൾക്കും അത്യാവശ്യ ചെലവുകൾക്കും വായ്പകൾക്കായി ഫണ്ട് സ്വരൂപിച്ചിരിക്കും. അതല്ലെങ്കിൽ പിരിവ് നല്കും. അത്തരം തുകകൾ തീർത്തുനല്കേണ്ടതും ഈ ദിവസത്തിലായിരിക്കും.

കോവിലിന്റെ, സമുദായാംഗങ്ങളുടെ അഭിവൃദ്ധി മുന്നിൽ കണ്ട് നിശ്ചിത തുക തീരുമാനിക്കും. അടുത്ത വർഷത്തെ ചടങ്ങിനായിരിക്കും നല്കേണ്ടത്. മറ്റു വരുമാനമാർഗ്ഗങ്ങളുടെ കണക്കുകൾ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതും അത്യാവശ്യമാണ്.

മൂപ്പന്മാരുടെ തീരുമാനം അന്തിമം. അഭിപ്രായ സ്വാതന്ത്ര്യമുണ്ടെങ്കിലും അവഗണിക്കരുത്. അത്തരക്കാരെ സമുദായത്തിൽ നിന്ന് മാറ്റിനിർത്തുന്നതാണ് ശിക്ഷാ നടപടി. കീഴ്വഴക്കം. മാപ്പും പിഴയും അംഗീകാരവും നേടിയാലേ തിരിച്ചുവരാനൊക്കൂ.

ഇത്തരം പിഴശിക്ഷയിൽ നിന്നുള്ള നിശ്ചിത തുക ഭണ്ഡാരത്തിലേയ്ക്ക് വരവ് വെച്ച്, ബാക്കി പുരുഷാംഗങ്ങൾക്ക് വീതിച്ചുനല്കുകയാണ് പതിവ്. അന്നവർക്ക് മദ്യോത്സവമാണ് ! പായസനിവേദ്യ പൂജകൾക്കുശേഷം ഉച്ചയോടെ അംഗങ്ങൾ പിരിയുന്നു. അടുത്ത വൃശ്ചിക മാസം ഒന്നാം തിയതിക്കുവേണ്ടി !

# തെക്കീട്ടിൽ കഥകൾ

സുരേഷ് തെക്കീട്ടിൽ
9446330957



## വന്ദനം

"ഹലോ.... കമലാക്ഷി ടീച്ചറല്ലേ?"
"അല്ല, ടീച്ചറുടെ ഹസ്ബന്റാ. ആരാ എന്തു വേണം."
"നമസ്കാരം സാർ. ടീച്ചറോട് ഒരു കാര്യം പറയാനാ ടീച്ചർക്ക് ഒന്നു ഫോൺ കൊടുക്കാമോ."
"ടീച്ചർക്ക് ഇവിടെ നൂറുകൂട്ടം പണിയുണ്ട്. എന്താ പറയാനുള്ളത് എന്നു വെച്ചാൽ ഇങ്ങോട്ട് പറഞ്ഞാൽ മതി."
"സാറേ ഞങ്ങൾ ടീച്ചർ മുപ്പത് കൊല്ലം മുമ്പ് പഠിപ്പിച്ച പത്താം ക്ലാസ്സുകാരാ. ഞങ്ങൾ ഒരു ഒത്തുകൂടൽ സംഘടിപ്പിക്കുന്നുണ്ട്. അതിലേക്ക് ടീച്ചറെ നേരിട്ടു വന്ന് ക്ഷണിക്കാനാണ്. അന്നേവിശാലമായ കാഴ്ചപ്പാടും മാതൃവാത്സല്യം പോലെ സ്നേഹവുമൊക്കെയുള്ള ആളായിരുന്നു കമലാക്ഷി ടീച്ചർ. ഏത് പ്രതികൂല സാഹചര്യത്തിലും മനസ്സുതളരാതെ ജീവിതത്തെ പ്രസാദാത്മകമായി നേരിടാൻ പഠിപ്പിച്ച ഞങ്ങളുടെ പ്രിയപ്പെട്ട ഗുരുനാഥയാണ് ടീച്ചർ നിർബന്ധമായും പങ്കെടുക്കണമെന്ന് ഞങ്ങൾക്കൊക്കെ..."
"അതൊന്നും നടക്കില്ല. ഇവിടെ നൂറുകൂട്ടം പണിയുള്ളതാ. പെൻഷൻ പറ്റിയാലും സ്വൈര്യം തരില്ലാന്ന് വച്ചാ. ടീച്ചറ് മുപ്പത് കൊല്ലം കുട്ടികളെ പഠിപ്പിച്ചിട്ടുണ്ട്. പഠിപ്പിച്ച എല്ലാ ബാച്ചും മത്സരിച്ച് സംഗമം വെച്ച് ക്ഷണിക്കാൻ തുടങ്ങിയാൽ ടീച്ചർക്കതിനേ നേരം കാണൂ."
"സാർ അങ്ങനെ പറയരുത്."
"പിന്നെ ഞാൻ എങ്ങനെ പറയണം."
"അതറിയില്ല എന്നാൽ ഞങ്ങൾ ഇങ്ങനെ പറയും. സാറിനോട് സംസാരിച്ചപ്പോൾ ഞങ്ങൾക്ക് ടീച്ചറോട് ബഹുമാനം ഇരട്ടിക്കുകയാണുണ്ടായത്. അതുകൊണ്ട് തീർച്ചയായും ഞങ്ങൾ വീട്ടിൽ വരും. ടീച്ചറെ കാണും സംഗമത്തിന് വരാൻ ക്ഷണിക്കും. മാത്രമല്ല സാറിനേയും നേരിൽ കാണാൻ ആഗ്രഹമുണ്ട്."
"അതെന്തിനാ എന്നെ കാണുന്നത്?"
"ബഹുമാനം കൊണ്ടാണ് സാർ. സാധിച്ചാൽ ആ കാൽപ്പാദങ്ങൾ ഒന്ന് തൊട്ട് വന്ദിക്കുകയും വേണം."

## ബോധം

"നോക്ക് പ്രകാശാ നമ്മടെ തോട്ടക്കാരത്തൊടീലെ അപ്പുണ്ടലോ ആ പലചരക്ക് പീടിക നടത്തണ... ഓൻ നമ്മള് വിചാരിക്കണ പോലെയൊന്നുമല്ലട്ടൊ... മഹാചെറ്റയാ... വിശ്വസിക്കാൻ കൊള്ളാത്തോനാ ഞാനിന്നലെ രാത്രി ലേശം വെള്ളമടിച്ച് ഒട്ടും ബോധല്ലാണ്ട് എന്തോ വിളിച്ചെന്നും പറഞ്ഞ് ഒറ്റച്ചവിട്ടിനാ ഓൻന്നെ തള്ളിട്ടത്. ക്ക് ഓർമ്മല്ല്യ ഞാനെന്താ ഓനെ വിളിച്ചേന്ന് ....യ്യ് ഓനെ കാണുമ്പൊ അതൊന്ന് ചോദിക്കണംട്ടൊ.
"അത് സാരല്യാന്ന് അതിപ്പൊ ആൾക്കാരൊക്കെ കേട്ടപ്പോ... അവന് പെട്ടെന്ന് ദേഷ്യം വന്ന് ചെയ്തതാവും... ങ്ങള് അത് കാര്യാക്കണ്ട..."
"ആൾക്കാര് കേൾക്കാനോ എത് ആൾക്കാര് അങ്ങാടീ ന്നോ ഓന്റെ പീടികടെ മുന്നിൽ നിന്നൊ ഒന്നും അല്ലണ്ടായത്. ആ വാര്യത്തൊടീലെ വളവില് വെച്ചാ. ഞാനും ഓനും അല്ലാതെ ഒരു മനുഷ്യ കുഞ്ഞുണ്ടാർന്നില്ല അവിടെ..."
"ആണോ... അങ്ങനെയാണെങ്കില് ഞാനിപ്പൊ ആലോചിക്കണത് വേറൊരു കാര്യാ... ങ്ങളെ ചവിട്ടീത് അപ്പു ആണെന്നും ഒറ്റച്ചവിട്ടിന് വീഴ്ത്തീന്നും ഒക്കെ ങ്ങക്ക് എങ്ങനേ മനസ്സിലായത്. ഒന്നാമത് രാത്രി രണ്ടാമത് അവിടെയൊന്നും ഒരു മനുഷ്യന്റെ കുട്ടി ഇല്ലേനും... പിന്നെ ങ്ങൾക്കാണെങ്കില് ആ സമയത്ത് ഒട്ടും ബോധോം ണ്ടാർന്നില്ല..."

●



ഇ. എൻ. നാരായണൻ
8547490224

## വധശിക്ഷ

വിശ്വകർമ്മാവോ അതോ
മയനോ അറിയില്ല
സൃഷ്ടിച്ചുവെന്നെ പണ്ടു
കായലിൻ ജഡത്തിന്മേൽ
അഭയാർത്ഥികളായി
എത്തിപ്പോയ് ആയിരങ്ങൾ
വിഹായസ്സിൽ നിന്നെത്തും
ചേക്കു പക്ഷികളെപ്പോൽ
സ്വപ്നങ്ങൾ സ്വരൂപിച്ചു
പുതുജീവിതം കിട്ടാൻ
എത്തീടുമാളുകളും
കല്മഷമേൽക്കാത്തവർ
നൽകി ഞാനവർക്കെന്നും
സുരക്ഷ ശീതളിമ
പുൽകിടുമവരെന്നെ
ഒരുപാടിഷ്ടത്തോടെ
കഴിഞ്ഞുകൂടും കാലം
ഒഴുകിയെത്തിടുന്നു
കുഴഞ്ഞു വീണീടുവാൻ
പര്യാപ്തമായ വാർത്ത
വധശിക്ഷയാണത്രേ!
തള്ളിപ്പോയ് ദയാഹർജി
കഥയെന്തെന്നറിയാൻ
കൗതുകമേറി വന്നു
കായലിൻ ഹന്താവായി
മുദ്രകുത്തീടുമെന്നെ
കാലപുരിക്കയക്കാൻ
ഉത്തരവുണ്ടു പോലും!
എന്നുള്ളിൽ വാണീടുന്ന
നിസ്സഹായന്മാരേയും
വൃദ്ധജനങ്ങളേയും
ഒഴിപ്പിച്ചീടാനായി
എത്തിപ്പോയുദ്യോഗസ്ഥർ
കയ്യിൽ കുരുക്കുമായി
ആരാച്ചാരന്മാരും കണ്ണിൽ
അഗ്നി സ്ഫുലിംഗമായി
നിശ്ശബ്ദ സ്ഫോടനങ്ങൾ
പരിശുദ്ധാത്മാക്കൾ തൻ
സ്വപ്നത്തിൻ രോദനങ്ങൾ
ശ്രവിക്കാം നമുക്കിനി!

# ഒരു വായനശാലാ ചിന്തനം

**രാജേന്ദ്രൻ വയല**
9446377201

**ഞ**ങ്ങൾ മുതിർന്ന പൗരൻമാർ വൈകീട്ട് ഒത്തുകൂടുന്ന ഇടമാണ് നാട്ടിലെ വായനശാല. പലരും സർക്കാർ സർവ്വീസിൽ നിന്ന് വിരമിച്ചവർ. മറ്റുള്ളവർ പട്ടാളസേവനവും വിദേശജോലിയും പൂർത്തിയാക്കി വിശ്രമജീവിതം നയിക്കുന്നവർ. ചെറുപ്പത്തിൽ ജീവിതത്തിന്റെ നല്ലൊരു വേളയും ഇവിടെയായിരുന്നു വിനിയോഗിച്ചിരുന്നത്. ഞങ്ങളൊക്കെയും ഭൗതികമായോ ആത്മീയമായോ എന്തെങ്കിലും നേടിയിട്ടുണ്ടെങ്കിൽ അതിന്റെ ഉറവിടം ഈ വായനശാലയാകുന്നു എന്ന് നെഞ്ചിൽ കൈവെച്ച് പറയേണ്ടിയിരിക്കുന്നു.

അന്ന് വായനശാലയ്ക്ക് സ്വന്തമായ ആസ്ഥാനമുണ്ടായിരുന്നില്ല. നാട്ടിലെ സൻമനസ്സുള്ളൊരു വ്യക്തി സംഭാവനയായി നൽകിയ മൂന്ന് സെന്റ് സ്ഥലത്ത് നിർമ്മിച്ച ഓലപ്പുരയായിരുന്നു ആസ്ഥാനം. ഒന്നോ രണ്ടോ ഡസ്കും ബഞ്ചും പുസ്തകം സൂക്ഷിക്കാനായി ചെറിയ രണ്ട് അലമാരകളും ഉള്ളിലുണ്ട്. ഉച്ചയ്ക്ക് ശേഷമാണ് വായനശാലയുടെ ഉള്ളിടം സജീവമാകുന്നത്. വന്നുചേരുന്നവർ വിവിധപ്രായഗണനയിലുള്ളവർ, എല്ലാവരും നല്ല വായനക്കാർ. അവർക്ക് മാർഗ്ഗദർശികളായ ലൈബ്രറി പ്രവർത്തകർ.

വായിച്ചതും വായിക്കേണ്ടതുമായ പുസ്തകങ്ങളെപ്പറ്റിയും പത്രവാർത്തകളെക്കുറിച്ചുമൊക്കെ സജീവമായ ചർച്ചയും സംവാദവും കൊണ്ട് വായനശാലയുടെ ഉള്ളിടം മുഖരിതമാകും. നല്ല വായനക്കാരനും സഹൃദയനുമായ ഗോപിച്ചേട്ടനായിരുന്നു പുസ്തകസൂക്ഷിപ്പുകാരനും വിതരണക്കാരനും. (ലൈബ്രേറിയൻ എന്ന ഇപ്പോഴത്തെ നാമം അന്ന് സുവിദിതമായിരുന്നില്ല) വായനശാലയിലുള്ള ഭൂരിപക്ഷം പുസ്തകങ്ങളും ഗോപിച്ചേട്ടൻ വായിച്ചിട്ടുണ്ട്. വായനയുടെ തുടക്കകാരനായ ബാല്യ-കൗമാരക്കാർക്ക് അവരുടെ വായനവഴികളൊരുക്കുന്നതിൽ ഗോപിച്ചേട്ടൻ ബദ്ധശ്രദ്ധനായിരുന്നു. വായിക്കുന്ന പുസ്തകങ്ങളെക്കുറിച്ച് കുറിപ്പുകളെഴുതാൻ ഗോപിച്ചേട്ടൻ പ്രത്യേകം ഓർമ്മപ്പെടുത്തിയിരുന്നു. അത്തരത്തിലുള്ള ഉൾവെളിച്ചം പകർന്നുനൽകിയ ദിശാവബോധത്തിന്റെ വഴിത്താര ഞങ്ങൾക്ക് പ്രദാനം ചെയ്ത ആത്മവിശ്വാസം എത്രയോ വിലപ്പെട്ടതായി.

വായനശാലയുടെ ഓണക്കാല വാർഷികാഘോഷങ്ങൾ നാട്ടിന്നാകെ ഉണർവ്വുപകരുന്ന ഉത്സവമേളകളായിരുന്നു. പുസ്തകങ്ങളെടുക്കാൻ സർക്കാർ ഗ്രാന്റ് കിട്ടുമ്പോൾ കഴിയുന്നത്ര നാടകപുസ്തകങ്ങൾ വാങ്ങിക്കൂട്ടും. ഒരു ഗ്രൂപ്പായിരുന്ന് നാടകങ്ങൾ വായിച്ചുകേട്ടാണ് വാർഷികവേളയിൽ അവതരിപ്പിക്കാനുള്ള നാടകം തെരഞ്ഞെടുക്കുക. സി. എൽ. ജോസ്, പറവൂർ ജോർജ്ജ്, ഉറൂബ്, കടവൂർ ചന്ദ്രൻപിള്ള തുടങ്ങിയവരുടെ നാടകങ്ങൾ ഞങ്ങളൊക്കെ ചേർന്ന് ആഘോഷത്തോടെ അരങ്ങേറ്റി. നാടകങ്ങൾ അരങ്ങിന്റെ മാത്രമല്ല നോവലുകൾക്കും കഥകൾക്കുമൊപ്പം വായനക്കാർക്കിടയിൽ മികച്ചവായന വിഭവം കൂടിയായി.

കാലചക്രഗതിയിൽ 'പാന്ഥർ പെരുവഴിയമ്പലം തന്നിൽ കൂടി വേർപിരിഞ്ഞുപോകുന്ന അവസ്ഥ വായനശാലയിലും ഉണ്ടായി. ഞങ്ങളൊക്കെ തൊഴിൽ നേടിയും തേടിയും നാട്ടിൽ നിന്നുപോയി. വല്ലപ്പോഴുമുള്ള ഇടവേളകളിൽ മാത്രമായി വായനശാല സന്ദർശനം. അപ്പോഴേക്കും വായനശാല ഭരണനിർവ്വഹണത്തിനായി ഒരു ലൈബ്രറി നിയമം തന്നെ ഉണ്ടായികഴിഞ്ഞിരുന്നു. ഗോപിച്ചേട്ടനെപ്പോലെയുള്ള സഹൃദയരും വായനയുടെ ഗരിമയുമുള്ളവർ പ്രായേണ സ്ഥാനത്തിൽ നിന്ന് സ്വാഭാവികമായോ അല്ലാതെയോ ഒഴിവാക്കപ്പെടുകയോ ഒഴിഞ്ഞുപോവുകയോ ഉണ്ടായി. എല്ലാ പൊതുജനങ്ങളും നിയമനിർമ്മാണം വഴി ലൈബ്രറി കൗൺസിലിൽ നികുതി അടക്കുന്നവരായി. ഓർക്കുമ്പോൾ രസനീയമായി തോന്നും. മലയാളം ശ്രേഷ്ഠ ഭാഷാ പദവിയിൽ അവരോധിതമായിട്ടും ഗ്രന്ഥശാലാ സംഘമെന്ന പഴയ പേരിനുപകരം വന്ന ലൈബ്രറി കൗൺസിലെന്ന ആംഗലേയ വിശേഷണത്തിൽ നിന്ന് ഇനിയും വിമുക്തമായില്ല. (അതിന് മറ്റൊരു നിയമഭേദഗതി വേണ്ടിയിരിക്കും)

വായനശാലാ പ്രവർത്തനം നിയതപരിവൃത്തിയിലേക്ക് നിർബന്ധിക്കപ്പെട്ടു. വായനക്കാർ ഏറെ കുറഞ്ഞു, പുസ്തകക്കൂട്ടം മൂല്യശോഷണത്തിന് വിധേയമായി. പുതിയ പ്രവർത്തകർ പഴയകാല പ്രവർത്തകരായ ഞങ്ങളെ കുഴൽകണ്ണടയിലൂടെ മാത്രം വീക്ഷിച്ചു. പ്രതിമാസക്കൂട്ടായ്മകൾ നോട്ടീസ് ബോർഡിലെ അറിയിപ്പുകൾ മാത്രമായി.

അന്വേഷിക്കാൻ സമകാലിക ലോകത്തെ 'വായനാനുഭവവും' സാംസ്കാരിക മണ്ഡലങ്ങളിലെ പ്രസഞ്ചലനങ്ങളും എവിടെയും ഏറെയൊന്നും വ്യതിരിക്തമാകാനിടയില്ല. (അപവാദങ്ങളുണ്ടെന്ന് അംഗീകരിച്ചുകൊണ്ട്!) എങ്കിലും ജനങ്ങളുടെ നികുതിപ്പണം കൊണ്ട് പ്രവർത്തിക്കുന്ന ഗ്രന്ഥശാലാ പ്രസ്ഥാനമെന്ന മഹത്തായ സാംസ്കാരിക സ്ഥാപനത്തിന്റെ സേവനം ഓരോ നികുതിദായകനേയും തേടിയെത്തേണ്ടതല്ലേയെന്ന അന്വേഷണത്തിന് തികച്ചും പ്രസക്തിയില്ലേ ?

വെറും പുസ്തകവിചാരിപ്പുകേന്ദ്രങ്ങളായി മാത്രം വായനശാലകൾക്ക് വരും കാലത്ത് നിലനിൽക്കാനാവില്ലെന്ന് മഹാരഥനായ ഗ്രന്ഥശാലാ പ്രസ്ഥാന സാരഥി സർവ്വാദരണീയനായ പി. എൻ. പണിക്കർ ആഹ്വാനം ചെയ്യുന്നത് നേരിൽ കേൾക്കാനിട വന്നിട്ടുള്ള ഒരു പഴയകാല അനുയായിയുടെ വിചാരധാര ഒരു കാല്പനിക പകൽസ്വപ്നമെന്ന് ആരോപിക്കാൻ സാദ്ധ്യതയുണ്ട്.

വിചാരധാരയ്ക്കും സ്വപ്നസഞ്ചാരത്തിനും കൂടി പരിധിയും നികുതിയും ഏർപ്പെടുത്തപ്പെടുന്ന സൈബർ കാലത്തെക്കുറിച്ച് പി. കെ. പാറക്കടവ് എഴുതിയൊരു കൊച്ചു കഥയെക്കുറിച്ച് പറഞ്ഞപ്പോൾ എല്ലാവരുടേയും മുഖത്തെ ചിരി പെട്ടെന്ന് അണഞ്ഞുപോയി. ●

# പരകായപ്രവേശം



**ബിതാ ദാസ്**
**8075638695**

**പൂ**ത്ത പാലക്കൊമ്പിലിരുന്ന് വെറ്റില മുറുക്കി നീട്ടിത്തുപ്പിയ സുന്ദരിയുടെ കടാക്ഷം തന്റെ നേർക്കു വന്നതും പുലർച്ചെ നാലുമണിക്കുള്ള അലാറം കേട്ട് സീതപ്രിയ ഞെട്ടിയുണർന്നു. ആരേയും ഉണർത്താതെ എണീറ്റ് മുറിക്കുപുറത്തു കടന്ന് പതിവു ചര്യകളിലേക്ക് പ്രവേശിച്ചു.

ആളാം വട്ടം വെവ്വേറെ പ്രാതൽ, ഉച്ചഭക്ഷണം. വേറെ വേറെ പാത്രങ്ങളിലാക്കി കൊടുത്തയക്കണം. ഒരുക്കി പറഞ്ഞയക്കണം. ശേഷം അലക്കൽ വീടു വൃത്തിയാക്കൽ സ്വന്തം കുളി. പിന്നെ പ്രഭാത ഭക്ഷണവും ഉച്ചഭക്ഷണവും കൂടി ഒന്നിച്ച് കഴിക്കൽ. പിറ്റേന്നത്തേക്കുള്ള ദേഹണ്ഡപ്പണിക്കൊരുക്കൽ.

സ്ഥിരം ടൈം ടേബിൾ. അവൾക്ക് ചിരി വന്നു. എന്തൊരു മെഷിനാണ് താൻ? ഉച്ചഭക്ഷണത്തിനു ശേഷം കിട്ടുന്ന ഒന്നര മണിക്കൂർ വായിച്ച പുസ്തകങ്ങൾ തന്നെ വീണ്ടും വായിക്കുന്ന ഒരു മടുപ്പുമില്ലാത്ത നല്ല ഒന്നാം തരം മെഷീൻ.

കണ്ണടച്ച് പാലക്കൊമ്പത്തെ സുന്ദരിപ്പെണ്ണിനെ ഒന്നുകൂടി ഓർത്തു. കണ്ടു മറന്ന ആരുടേയോ മുഖഛായ അവൾക്കുണ്ടല്ലോ. ആരാണെന്ന് എത്ര ഓർത്തിട്ടും പിടികിട്ടിയില്ല. എന്തു മനോഹരമായ ചിരിയാണവളുടേത്?

ഇടം കൈത്തണ്ടയിൽ പറ്റിയ അരിമാവ് ശകലം സാധാരണ നിശാവസ്ത്രത്തിൽ തുടയ്ക്കുന്നതിനു പകരം അന്ന് കഴുകിക്കളയവേ ആ സുന്ദരിപ്പെണ്ണിനെ അനുകരിച്ചൊന്ന് ചിരിക്കാൻ ശ്രമിച്ചു. അപ്പോൾ മാത്രമല്ല രാവിലത്തെ ജോലികൾ ഓരോന്നായി ചെയ്തുതീർക്കുന്നതിനിടയിൽ അവളുടെ പാലപ്പൂ വിരിഞ്ഞ പോലത്തെ ചിരി വീണ്ടും വീണ്ടും വന്നെത്തി നോക്കി.

സീതപ്രിയയുടെ ജീവിതത്തിൽ പാലയ്ക്ക് ഒരു വലിയ സ്ഥാനമുണ്ട്. ജനിച്ചുവളർന്ന തറവാട്ടു വീടിന്റെ ഇടതും വലതുമുള്ള അയൽത്തൊടികളിൽ ഓരോ വലിയ പാലമരങ്ങൾ ഉണ്ടായിരുന്നു. അവിടത്തെ ബസ്സ്റ്റോപ്പിന്റെ പേരു പോലും പാലക്കൽ പീടിക എന്നായിരുന്നു. ഒരു പാലമരം അതിനു താഴെ ഒരു കല്ല് അതിനടുത്ത് ഒരു പഠാണിടെ പെട്ടിക്കടയും. അതാണ് പേരിനാധാരം.

തുലാം മാസരാവുകളിൽ രണ്ടു പാലകളും പൂത്ത് രാത്രി സമയത്ത് സീതപ്രിയ ഉറങ്ങിയിരുന്ന വടക്കേ അറയുടെ ജനലിലൂടെ സുഗന്ധം പരത്തിയിരുന്നു. ജനൽ തുറന്നിട്ട് അവളത് വല്ലാതെ ആസ്വദിക്കുകയും ചെയ്തിരുന്നു. പല ദിവ്യന്മാരുടേയും വാസസ്ഥലമെന്ന് പരക്കെ അറിയപ്പെട്ട ആ പാലകളിലേക്ക് അവൾ പലവട്ടം കൊതിയോടെ നോക്കിയെങ്കിലും ആരേയും ദർശിക്കാനായില്ല.

പിന്നീട് അച്ചുവിന്റെ ഭാര്യയായി പുതിയൊരു വീട്ടിലെത്തിയപ്പോഴും ആ വീടിന്റെ തൊടിയിലും ഒരു പാല കണ്ട് അവളുടെ ഉള്ള് കുളിർത്തു. ഒരിക്കൽ കുളത്തിലേക്ക് പോകും വഴി തുരുമ്പെടുത്ത ഒരാണിയെടുത്ത് ആരും കാണാതെ ആ പാലയിൽ തറച്ചു കയറ്റിയത്, പിന്നീടത് ദിവസേന പോയി നോക്കിയത് എല്ലാം ഓർത്തോർത്ത് സീതപ്രിയ മനസ്സു തുറന്ന് വീണ്ടും വീണ്ടും ചിരിച്ചു.

പിന്നീട് മക്കൾടെ വിദ്യാഭ്യാസത്തിനായി തൊട്ടടുത്ത നഗരത്തിന്റെ പ്രാന്തപ്രദേശത്ത് അത്ര തന്നെ തിരക്കില്ലാത്ത ഒരിടത്ത് വീട് വച്ചപ്പോഴും സീതയുടെ മനസ്സിൽ പാലപ്പൂ വിരിഞ്ഞു. മൂന്നു വീടപ്പുറത്ത് ഒരു ദേവീക്ഷേത്രം. അതിന്റരികിൽ അന്തസ്സോടെ തല ഉയർത്തി നിൽക്കുന്ന ഒരു ഗംഭീരൻ പാലമരം.

സീത എവിടെ പോയാലും ആ പരിസരത്തൊരു പാല ഉണ്ടാവും. അതുകൊണ്ട് തന്നെ പാലയോട് വല്ലാത്തൊരിഷ്ടവും ആത്മബന്ധവും വളർന്നു. തുലാം വൃശ്ചികമാസ രാവുകളിൽ ജനാലകൾ തുറന്നിട്ട് ആ ഗന്ധം ഉള്ളിലേക്കാവാഹിച്ച് അവൾ സ്വയം തളിർത്തു പൂത്തു, തളർന്നുറങ്ങി.

മണിക്കിലുക്കം പോലൊരു ചിരിയും ആ സുന്ദരിയുടെ മനോഹരമായ നാദവും അവളെ ചിന്തകളിൽ നിന്നുണർത്തി "|നിന്റെ അടുക്കളയിലെന്താ ഇത്ര നിശ്ശബ്ദത ? ആ പാത്രങ്ങളെ ഒന്നു മിണ്ടാൻ അനുവദിക്ക്." ശരിയാണ്. തന്റെ അടുക്കളയിലെ ഭീകര ശാന്തത പലപ്പോഴും തന്നെത്തന്നെ ഭയപ്പെടുത്താറുണ്ട്.

അവൾക്ക് ഒരു രസം തോന്നി. രണ്ടു പാത്രങ്ങളെത്തമ്മിലൊന്ന് കൂട്ടിമുട്ടിച്ചു നോക്കി. ചായ ഊറ്റുന്ന കപ്പ് ഇത്തിരി ശക്തിയോടെ ഒന്ന് താഴെ വച്ചു നോക്കി. ഇഡ്ഡലി എടുത്തശേഷം ആ തട്ട് ശബ്ദത്തോടെ സിങ്കിലേക്കിട്ടു.

" വീണ്ടും തുടങ്ങിയോ നീ?"

അച്ചുവേട്ടനാണ്. അവൾ തിരിഞ്ഞു നോക്കിയതേയില്ല. അയാളുടെ ശബ്ദം തുടർന്നുകേട്ടു. "നിങ്ങടമ്മക്കേ നല്ല മൂത്ത വട്ടാ." പിന്നീട് ശബ്ദം താഴ്ത്തി "അവള് ബിഎ യും എം എയും ബിഎഡും ഒക്കെ പഠിച്ചിട്ടുണ്ടായിരുന്നു. ജോലിക്ക് വിടണംന്ന് നിങ്ങടമ്മാമൻ എന്നോട് പ്രത്യേകിച്ചു പറഞ്ഞിട്ടും ഉണ്ടാരുന്നു."

"എച്ച് എസ് എ ഷോർട്ട് ലിസ്റ്റില് വന്നതാ. ഇന്റർവ്യൂന്ന് തറവാട്ടില് കൊയ്ത്തും മെതീം. ഇരുപത്തിരണ്ട് പേർക്ക് ചായേം ചോറും ഒറ്റയ്ക്കു വക്കാൻ എന്നേക്കൊണ്ടാ

വില്യാന്ന് എന്റമ്മ പറഞ്ഞ് അവളെ പറഞ്ഞയച്ചില്ല. അടുത്ത കുറേ ദിവസം ആരോടും ഒന്നും മിണ്ടിയില്ല. പുസ്തകം വായന തന്നെ പുസ്തകം വായന. ഒരീസം അതും ന്റമ്മ എടുത്ത് കത്തിച്ചു. അതിൽ പിന്നെ അമ്മുണ്ടായ ശേഷാ മിണ്ടാൻ തൊടങ്ങീത്.''

എല്ലാം കേട്ടുനിന്നിരുന്ന പാലക്കൊമ്പത്തെ സുന്ദരി അവളെ അർത്ഥം വച്ച് അമർത്തിത്തോണ്ടി. സീത പ്രിയക്ക് വലിയ പൊട്ടു തൊടണമെന്നും മുടിയഴിച്ചിടണമെന്നും തോന്നി. ഭക്ഷണം വിളമ്പാനെടുത്ത വട്ടക്കിണ്ണത്തിൽ അവൾക്ക് സ്വന്തം മുഖം നോക്കാൻ തോന്നി. തെളിഞ്ഞുകാണുന്നു. നന്നായി ആസ്വദിച്ചുകണ്ടു. അവൾ ഞെട്ടിപ്പോയി. ആ മുഖം...'

അത്...

അത് ...

മുറുക്കിച്ചുവപ്പിച്ച ചുണ്ടുകളോടെ പാലക്കൊമ്പത്തെ സുന്ദരി. അവൾ ഉറക്കെ പൊട്ടിച്ചിരിച്ചു. പിന്നെ ആ കിണ്ണത്തിൽ താളം പിടിച്ച് ഒരു മൂളിപ്പാട്ടോടെ കഴുകാനുള്ള പാത്രങ്ങൾ കൂട്ടിയിട്ട സിങ്കിനടുത്തേക്ക് താളത്തിൽ നടന്നു.

■ കവിത




റസാഖ്
9400854430


## 20 രണ്ടായിരത്തി ഇരുപത് 20

പുതുവർഷത്തിന്റെ തണുത്ത പ്രഭാതങ്ങൾ
നമ്മെ മാടി വിളിക്കുമ്പോൾ
നന്മകൾ കൊണ്ട് നിറഞ്ഞതാകട്ടെ
നമ്മുടെ നാളെകൾ - ഇനി വിരിയുന്ന സർവ്വതും
കാലത്തിന്റെ കറക്കത്തിൽ
കാലം തെറ്റി പെയ്തുവീഴുന്ന മഴത്തുള്ളികൾ
കടലോളം സ്നേഹം സ്വപ്നം കണ്ട്
കാണാക്കയങ്ങളിൽ മുങ്ങിത്താഴുന്ന
സ്നേഹബന്ധങ്ങൾ
സമയം തെറ്റിപ്പൂക്കുന്ന മാമ്പൂവുകൾ
ഓണത്തിന് മുമ്പേ പൂക്കുന്ന പുഷ്പങ്ങൾ
മേടമെത്താതെ, തലയുയർത്തി വിരിയാൻ
കൊതിക്കുന്ന കണിക്കൊന്നകൾ
പുതിയ ദിശകൾ തിരയുന്ന പുഴയോരങ്ങൾ
ശ്വസനനാളികളിൽ പോലും
വിഷം കെട്ടിനില്ക്കുന്ന കുഞ്ഞുബാല്യങ്ങൾ
ഓക്സിജൻ കിറ്റുകൾക്ക്
വരിനില്ക്കുന്ന മനുഷ്യജാലങ്ങൾ
സ്നേഹത്തിന്റെ പുതിയ മേച്ചിൽപുറങ്ങൾ
തിരയുന്ന കുടുംബബന്ധങ്ങൾ
ഇനിയും കാണാത്ത ഒട്ടേറെ നൊമ്പരങ്ങൾക്ക് മുമ്പിൽ
കണ്ണടച്ചുകൊണ്ട് നല്ലതിന്നായ് കാതോർക്കാം... 2020ൽ

■ കഥ

# നിറം മാറ്റപ്പെട്ട പൂക്കൾ




ദിലീപൻ
7034633555


**ടോ**മിയുടെ നീണ്ട കുര ഇടവഴിയിലൂടെ അച്ഛൻ നടന്നെത്തുന്നതിന്റെ സൂചനകൾ നൽകി. പഴകിയ ചുമയോടെ അച്ഛൻ ഉമ്മറത്തെ തിണ്ണയിലിരുന്നു. ''ലക്ഷ്മ്യേ മണിയെവിടേടീ ?''

''അവൻ കുറേനേരായീ ഏതോ പുസ്തകോം തിന്നോണ്ട് ഇരിപ്പാണ്'' അമ്മയുടെ മറുമൊഴി കേട്ടു. ''നാളെകാലത്ത് എട്ട് മണിക്ക് അവനോട് നാരായണേട്ടന്റെ വീട്ടില് ചെല്ലാമ്പറയണം. കൊടുവായൂര് പോണത്രേ...'' ചുമയോടെ അച്ഛൻ പറഞ്ഞൊപ്പിച്ചു.

നാരായണമാമ അച്ഛന്റെ അകന്ന ബന്ധുവാണ്. കാശിനാവശ്യം വരുമ്പോൾ അച്ഛൻ കടവും വാങ്ങാറുണ്ട്. എന്തിനായിരിക്കും എന്നെ കൊടുവായൂര് കൊണ്ടുപോണത്? ആലോചിച്ച് ഒരുപിടിയും കിട്ടാതെ രാത്രി ഉറക്കം പോയി. രാവിലെ നേരത്തേയുണർന്നു കുളിച്ച് തയ്യാറായി. ''അവര് പണക്കാരാണ് കൂടെ പോകുമ്പോൾ നല്ല കുപ്പായം ഇടണം. നീയാ പൂരത്തിന് വാങ്ങിയ വെള്ളേല് പൂക്കളുള്ള കുപ്പായം ഇട്ടാൽ മതി'' അമ്മ പറഞ്ഞു.

പുതിയ കുപ്പായോം ഇട്ട് എട്ടുമണിക്കുതന്നെ നാരായണമാമന്റെ വലിയ വീട്ടിലെത്തി. ''നീ എത്തിയോ, ദാ വരുന്നു ഞാൻ. സരോജിനി അതെടുത്ത് അവന്റേല് കൊടുക്കൂ'' മാമൻ പറഞ്ഞു.

വേലക്കാരി സരോജിനി ഒരു ഏഴാംക്ലാസുകാരന് ചുമക്കാവുന്നതിലും വലിയൊരു ചാക്ക് ന്റെ തോളത്ത് കേറ്റിവെച്ചു.

''നടന്നോളൂ, പൂശാരിമേടീന്നാണ് ബസ്സ്'' നാരായണ മാമന്റെ ശബ്ദത്തിനു പുറകെ ഞാനും നടന്നു. കുപ്പായം നനഞ്ഞു കുതിരുന്നുണ്ടായിരുന്നു. ഞാൻ മെല്ലെ ചോദിച്ചു ''മാമ ചാക്കില് എന്താണ്?''

''അതോ അവിലിടിക്കാൻ നെല്ല് നനച്ചതാണ്'' മാമൻ വലിയ ശബ്ദത്തോടെ മറുപടി പറഞ്ഞു. രണ്ടു കിലോമീറ്റർ നടന്ന് ബസ്സില് കേറി നനഞ്ഞ കുപ്പായത്തിലൊന്ന് കണ്ണോടിച്ചപ്പോൾ നെല്ലിന്റെ കറയിൽ കുതിർന്ന് എന്റെ മനസ്സിലേയും കുപ്പായത്തിലെയും വർണ്ണപ്പൂക്കൾ നിറം മാറ്റപ്പെട്ടിരുന്നു.

# ഇരിക്കപ്പിണ്ഡം

ആർ.സി. നായർ
9946241222, 9947741222



നമഃശ്ശിവായ
നാരായണായ...

**നി**ലവിളക്കിന്റെ മുന്നിൽ ഇരുന്നു കൈകൂപ്പി സന്ധ്യാനാമം ചൊല്ലി കൊണ്ടിരിക്കുകയാണ് പേരക്കുട്ടി. തൂണും ചാരി അത് സാകൂതം കേട്ടുകൊണ്ട് കണ്ണടച്ചിരിക്കുകയാണ്. ഇടക്കിടെ കണ്ണുതുറന്നു പടിക്കലേക്ക് നോക്കി. കുട്ടി നാമജപം നിർത്തി.

"മോൻ പോയി പടിച്ചോളൂട്ടോ..."

"ഉം"

വീണ്ടും കണ്ണുകൾ പടിക്കലേക്ക്. ടോർച്ചിന്റെ മിന്നായം.

"എന്റെ കൃഷ്ണാ..."

മുറ്റത്തു വെച്ചിരിക്കുന്ന പാത്രത്തിൽ നിന്നും വെള്ളം എടുത്തു കാൽ കഴുകി. തോർത്തെടുത്തു മുഖം തുടച്ചു. ചാരുകസേരയിൽ ഒന്നു ചാഞ്ഞു. "ലേശം വൈകി അല്ലെ ?"

"ഉം. വൈകിയപ്പോൾ ഒന്നു വിഷമിച്ചു."

"ഉം..."

ഇരുട്ടിലേക്ക് കണ്ണും നട്ട് ഒന്നു നെടുവീർപ്പിട്ടു.

"പോയ കാര്യം എന്തായി?"

"എന്താവാൻ, നാണം കെട്ടു. അല്ലാതെന്താ പറയാ. നീ കുറച്ചുവെള്ളം എടുക്കൂ."

വെള്ളം കുടിക്കുന്നതിന്റെ ഇടയിൽ ശ്രദ്ധിച്ചു കണ്ണീരിന്റെ തിളക്കം. "എന്താ ഒരു വല്ലായ്മ?"

"അവൾ നൊന്തു പ്രസവിച്ച കുട്ടിയാണ് അകത്ത് ആ ഇരിക്കുന്നത്."

"അതിനിപ്പോ എന്താ ഉണ്ടായേ ?"

"അതവൾ ഓർത്തില്ല..."

"എന്താ നടന്നത് ഒന്നു തെളിച്ചു പറയൂ."

"ഒരുപാട് തവണ അവളോട് പറഞ്ഞതാണ്, മരുമകൻ അപകടത്തിൽ മരിച്ചു എങ്കിലും മകളേയും പേരനേയും സംരക്ഷിക്കുവാൻ ഉള്ള ശേഷി നമുക്കുണ്ട് എന്ന്. എന്താ ഇല്ല എന്നുണ്ടോ ?"

"ഉം"

"പക്ഷെ അവൾ എല്ലാം ഇട്ടെറിഞ്ഞു പണത്തിന്റെ പിന്നാലെ പോയി."

"ഉം... എന്താ ചെയ്ക, പറഞ്ഞാൽ കേൾക്കില്ലല്ലോ."

"ഞാൻ ഇന്നവിടെ ചെന്നിരുന്നു. അവളുടെ വീടിന്റെ മുൻവാതിൽ തുറന്നു കിടക്കുകയായിരുന്നു. അകത്തു കയറി. ഒരാൾ അവിടെ ഇരിപ്പുണ്ടായിരുന്നു. ആരാണെന്ന് ചോദിച്ചില്ല. ഇങ്ങോട്ട് പറഞ്ഞതുമില്ല."

"ഉം"

"എത്ര എന്നറിയാലോ. അതിവിടെ തന്നിട്ട് ആ മുറിയിൽ കയറിക്കോളൂ. ആളിപ്പോ വരും."

ഒന്നും വ്യക്തം ആയില്ല. ചോദ്യഭാവത്തിൽ അയാളെ നോക്കി.

"എന്താ കാരണവരെ പകച്ചുനിൽക്കുന്നത്. പണം തന്നോളൂ. ഇവിടെ എല്ലാം മുൻകൂറാ..."

ഉള്ളിൽ നിന്നും ആരാ എന്ന ചോദ്യം.

"ഒരു കസ്റ്റമറാ"

"റൂമിൽ ഇരുത്തിക്കോളൂ ഞാനിപ്പോൾ വരാം."

"തിരിഞ്ഞുനടന്നു. നേരം ഇരുട്ടിയില്ല എങ്കിലും കണ്ണിൽ ഇരുട്ട്."

കനത്ത നിശ്ശബ്ദത. ഒന്നും പറഞ്ഞില്ല.

"താനെന്താ ഒന്നും പറയാത്തെ ?"

"ഞാനെന്തു പറയാൻ ? ഭക്ഷണം എടുക്കട്ടെ."

"ഉം...."

പുലർവേളയിൽ അനന്തതയിലേക്ക് തീവണ്ടിയിൽ ഒരു യാത്ര. ജനിച്ച മണ്ണിനേയും, തങ്ങൾക്കു ജനിച്ച പെണ്ണിനേയും വിട്ട്. ഒരു തുള്ളി കണ്ണീർ പോലും പൊടിഞ്ഞില്ല.

"അപ്പൊ ഇനി തുടരാം അല്ലെ ഈ ഈ ജന്മം ?"

"അതേ പുനർജന്മം"

●



# താണനിലത്തേ നീരോടൂ

സൗമിനി അലക്സാണ്ടർ
9496871803

വെള്ളിമേഘങ്ങൾ
കറുത്തിരുണ്ടീടുന്നു
വെള്ളത്തിനായ് ഭൂമി കേണിടുന്നു
തുള്ളിക്കൊരുകുടം
എന്ന കണക്കിനു
തുള്ളിത്തുളുമ്പുന്ന പേമാരിയും.

വറ്റിവരണ്ട പുഴകൾ നിറയുന്നു
തെറ്റി ഒഴുകുന്നു നീർത്തടങ്ങൾ
ഉള്ളത്തിലാധി ഉയരുന്നു
നാൾക്കുനാൾ
ഉള്ളതെല്ലാം വെള്ളം
കൊണ്ടുപോകുമോ?

നോക്കിനിൽക്കെ ഉയർന്നീടുന്ന
വെള്ളത്തെ
നോക്കുവാനാവാതെ പിൻവലിഞ്ഞ്
വാരിപ്പെറുക്കിയെടുക്കുവാൻ
നോക്കവെ
വാരിധി പോലെ നിറഞ്ഞുവെള്ളം.

കൂകി വിളിക്കുവാൻ പോലും
കഴിയാതെ
കൂരതൻ ഉള്ളിൽ അകപ്പെട്ടവർ
വെള്ളം കുടിക്കുവാൻ പോലും
കഴിയാതെ
വെള്ളത്തിനായിട്ടു കേണിടുന്നു.

വേലികൾ കെട്ടി അതിരുതിരിച്ചവർ
വേലി കടക്കാൻ പണിപ്പെടുന്നു
വെള്ളത്തിനായിട്ടു കേണവർ
നമ്മളീ വെള്ളത്തെ
ഓർത്തിന്നു കേണിടുന്നു.

താണനിലത്തിലെ നീരോടൂ
എന്നത്
താതൻ പഠിപ്പിച്ച പാഠമല്ലേ ?
പാഠം പഠിക്കുവാൻ
വൈകീടുമെങ്കിലോ
പാരിൽ ഗുരു ശിക്ഷ നൽകീടുമേ.

ഞാനെന്ന
ഭാവത്തെയില്ലാതെയാക്കണം
ഞാൻ തന്നെ മാതൃക കാട്ടിടേണം
വാക്കിലും നോക്കിലും
ലാളിത്യമേറുകിൽ
വാരിധി പോലും നമിച്ചീടുമേ !

# കുഞ്ഞുമനസ്സിൻ നൊമ്പരങ്ങൾ



**ജോസഫ് പൂതക്കുഴി**
**9846751749**

പ്രധാനദ്ധ്യാപകനായി സുരേഷ് മാസ്റ്റർ ചാർജ്ജെടുത്ത് ഒരു മാസം കഴിഞ്ഞു. മഴയില്ലാത്ത മിക്ക ദിവസങ്ങളിലും സ്കൂൾ അസംബ്ലി ഉണ്ടാവും. അസംബ്ലി കഴിഞ്ഞ് സ്കൂളിന്റെ വരാന്തയിൽക്കൂടി വെറുതെ ഒരു നടപ്പുണ്ട്. ക്ലാസ്സിൽ കുട്ടികളെന്ത് ചെയ്യുന്നു, അദ്ധ്യാപകർ എന്തുചെയ്യുന്നു എന്ന് ഈ നടത്തത്തിലൂടെ അദ്ദേഹം ശ്രദ്ധിച്ചു.

അന്ന് ഒന്നാം ക്ലാസ് 'ഡി' ഡിവിഷന്റെ വാതിൽക്കൽ നിൽക്കുമ്പോൾ ഒരു കുട്ടി സുരേഷ് മാസ്റ്ററുടെ ശ്രദ്ധയിൽപ്പെട്ടു. അവൻ കുനിഞ്ഞിരുന്ന് എന്തോ എഴുതാൻ ശ്രമിക്കുകയാണ്. പക്ഷെ ഇടയ്ക്കിടയ്ക്ക് മൂക്ക് തുടക്കുന്നുമുണ്ട്. മറ്റു കുട്ടികളെല്ലാം എഴുതിക്കൊണ്ടിരിക്കുന്നു. ക്ലാസ്സ് ടീച്ചർ ഹാജർ പുസ്തകത്തിൽ എന്തോ രേഖപ്പെടുത്തുന്നു. അവൻ പിന്നെയും മൂക്ക് തുടച്ചുകൊണ്ടിരുന്നു. അവന്റെ മൂക്കിൽ നിന്നും കട്ട കഫം താഴേക്ക് ഒലിച്ചുവരുമ്പോൾ അത് മൂക്കിലേക്ക് തന്നെ വലിച്ചുകയറ്റാനുള്ള ബദ്ധപ്പാടിലാണ്. ഒലിച്ചിറങ്ങുന്ന മൂക്കട്ട അവൻ വീണ്ടും വീണ്ടും വലിച്ചുകയറ്റുകയും ഇടതുകൈകൊണ്ട് തുടയ്ക്കുകയും ചെയ്തുകൊണ്ടിരുന്നു.

വാതിൽക്കൽ നിന്ന് സുരേഷ് മാസ്റ്റർ ടീച്ചറെ വിളിച്ചു. അവർ എണീറ്റ് അടുത്തേക്കുവന്നു. ആ കുട്ടിയെ ഒന്ന് പുറത്തേക്ക് വിടാനാവശ്യപ്പെട്ടു. അവർ കുട്ടിയെ പറഞ്ഞുവിട്ടു. അവന്റെ കൈപിടിച്ച് വരാന്തയിൽ നിന്നും സ്റ്റെപ്പുകളിറങ്ങി മുറ്റത്തെ ടാപ്പിന്റെ അടുത്തേക്ക് നീങ്ങി. മുറ്റത്തിന്റെ വലത്തേ അറ്റത്ത് കുട്ടികൾക്ക് കൈകാലുകൾ കഴുകാനുള്ള ടാപ്പുണ്ട്.

ടാപ്പിനടുത്തെത്തിയപ്പോൾ കുട്ടിയോട് കുനിഞ്ഞുനിന്ന് മൂക്ക് ചീറ്റാൻ പറഞ്ഞു. അവൻ അപ്രകാരം ചെയ്തു. അവന്റെ മൂക്കിൽ നിന്നും മഞ്ഞനിറത്തിൽ വല്ലാത്തൊരു ഗന്ധമുള്ള മൂക്കട്ട തെറിച്ചുവീണു. വീണ്ടും ചീറ്റിക്കളയുവാൻ പറഞ്ഞു. അവൻ ശക്തിയായി മൂക്ക് ചീറ്റിയപ്പോൾ അവന്റെ വായുടെ വശങ്ങളിലേക്ക് ഒലിച്ചിറങ്ങി. ടൗവലെടുത്ത് അവന്റെ മുഖം തുടച്ച് വൃത്തിയാക്കി. അവനോട് ടാപ്പ് തുറന്ന് മുഖം കഴുകാൻ പറഞ്ഞു. അവൻ ചെയ്തുകഴിഞ്ഞപ്പോൾ കഞ്ഞിവെപ്പുകാരിയോട് സോപ്പ് വാങ്ങി അവന്റെ കൈകൾ വൃത്തിയായി മാസ്റ്റർ കഴുകിക്കൊടുത്തു. അവനേയും കൂട്ടി തിരിച്ചുനടക്കുമ്പോൾ അവന്റെ പേരു ചോദിച്ചു. "മുഹമ്മദ്" ചെറിയൊരു പേടിയോടെയാണവൻ പറഞ്ഞത്. മാസ്റ്റർ അവനോട് പറഞ്ഞു, "ഇനി മൂക്കിൽ കഫം വന്നു നിറഞ്ഞാൽ വെച്ചോണ്ടിരിക്കരുത്. ടീച്ചറോട് ചോദിച്ചിട്ട് പുറത്തുപോയി മൂക്ക് ചീറ്റിക്കളയണം. ഉടുപ്പിലൊന്നും മൂക്കട്ട തൂത്തുവെക്കരുത്. മൂക്ക് ചീറ്റിക്കഴിഞ്ഞാൽ കൈയും മുഖവും വൃത്തിയായി കഴുകണം. മുഹമ്മദ് കേൾക്കുന്നുണ്ടോ ?" അവൻ അദ്ദേഹത്തെ നോക്കി തലയാട്ടി. അവർ ക്ലാസ്സിന്റെ മുമ്പിലെത്തി. ക്ലാസ്സ് ടീച്ചർ അവരുടെ പ്രവൃത്തികൾ വീക്ഷിച്ചുകൊണ്ട് വാതിൽക്കൽ തന്നെ നിൽക്കുന്നുണ്ടായിരുന്നു. "ശരി മുഹമ്മദ് ക്ലാസ്സിലേക്ക് പൊയ്ക്കൊള്ളൂ. പറഞ്ഞ കാര്യമൊന്നും മറന്നുപോകരുത്." പിന്നെയും തലയാട്ടി നന്ദിപൂർവ്വമായൊരു മന്ദഹാസം വിരിയിച്ച് അവൻ ക്ലാസ്സിലേക്ക് ഓടിപ്പോയി. സുരേഷ് മാസ്റ്റർ ഓഫീസ് റൂമിനെ ലക്ഷ്യമാക്കി നടന്നു.

അന്ന് ഇന്റർവെൽ കഴിഞ്ഞ് ടീച്ചേഴ്സ് എല്ലാവരും ക്ലാസ്സുകളിലേക്ക് പോയിക്കഴിഞ്ഞപ്പോൾ 1 ഡി ക്ലാസ്സിലെ ടീച്ചർ ഓഫീസ് മുറിയിലേക്ക് കടന്നുവന്നു. "എന്താ ടീച്ചർ ?" പ്രധാനാദ്ധ്യാപകൻ ചോദിച്ചു.

"സാർ അതുപിന്നെ, അത് ഞാൻ കണ്ടില്ലായിരുന്നു."

"എന്തു കണ്ടില്ലായിരുന്നെന്ന് ?"

ഒന്നു നിർത്തി പ്രധാനദ്ധ്യാപകൻ പറഞ്ഞു : "അതിന് ഞാൻ ടീച്ചറോടൊന്നും ചോദിച്ചില്ലല്ലോ ?"

"അല്ല സാർ, അത് സാർ എന്നോടു പറഞ്ഞാൽ മതിയായിരുന്നു. ഞാൻ കുട്ടിയെ വൃത്തിയാക്കുമായിരുന്നു. സാറതു ചെയ്യേണ്ടായിരുന്നു."

"ടീച്ചറെ ഇതൊന്നും ആരും പറഞ്ഞിട്ട് ചെയ്യേണ്ട കാര്യമല്ല. കണ്ടറിഞ്ഞ് ചെയ്യണം. ടീച്ചറുടെ മകനായിരുന്നു അതെങ്കിൽ ടീച്ചർ കാണാതെ പോകില്ലായിരുന്നു. നമ്മുടെ ക്ലാസ്സിൽ വരുന്ന എല്ലാ കുട്ടികളേയും നമ്മൾ സ്വന്തം കുട്ടികളെപ്പോലെ കാണണം. മക്കൾക്ക് ചെയ്തുകൊടുക്കുന്നതുപോലെ അവർക്കും ചെയ്തുകൊടുക്കണം."

സാരിത്തലപ്പുകൊണ്ട് ടീച്ചർ കണ്ണുതുടയ്ക്കുന്നുണ്ടായിരുന്നു.

"ടീച്ചറെ വിഷമിപ്പിക്കാൻ വേണ്ടി പറഞ്ഞതല്ല. പല കുട്ടികളേയും മാതാപിതാക്കൾക്കും വേണ്ടത്ര ശ്രദ്ധിക്കാൻ കഴിയാറില്ല. മാതാപിതാക്കളിൽ നിന്ന് കിട്ടാത്ത സ്നേഹവും വാത്സല്യവും അത്തരം കുട്ടികൾക്ക് നമ്മൾ ഇവിടുന്ന് കൊടുക്കണം. അങ്ങിനെ ചെയ്താൽ ആ കുട്ടികൾ അത് ഒരിക്കലും മറക്കില്ല. അവരെക്കൊണ്ട് ടീച്ചർക്ക് എന്തും ചെയ്യിക്കാൻ കഴിയും."

ടീച്ചർ എന്തോ പറയാൻ ശ്രമിച്ചെങ്കിലും വാക്കുകൾ അവരുടെ തൊണ്ടയിൽ കുടുങ്ങി. അവരുടെ കണ്ണുകൾ ഈറനണിഞ്ഞു. കൂടുതൽ പറഞ്ഞ് അവരെ വിഷമിപ്പിക്കേണ്ട എന്നുകരുതി പറഞ്ഞു "ടീച്ചർക്ക് എന്റെ മകളുടെ പ്രായമേയുള്ളൂ. അതുകൊണ്ട് പറഞ്ഞതാ, സാരമില്ല. ഇനി

ശ്രദ്ധിച്ചാൽ മതി.'' മുഖം കഴുകി ക്ലാസ്സിലേക്ക് പൊയ്ക്കോളു. ടീച്ചറിൽ നിന്നും ഒരു ദീർഘശ്വാസം ഉതിർന്നു. ''ഇനി ഞാൻ ശ്രദ്ധിച്ചോളാം സാർ. സാറിന്റെ പ്രവൃത്തി എനിക്ക് വല്ലാത്ത വിഷമമായിപ്പോയി.'' അവർ ഗദ്ഗദത്തോടെ പറഞ്ഞു.

''അതിന് ടീച്ചർ വിഷമിക്കാനൊന്നുമില്ല. ഞാൻ എന്റെ ഡ്യൂട്ടിയാണ് ചെയ്തത്. ടീച്ചർ ക്ലാസ്സിലേക്ക് പൊയ്ക്കോളൂ. കുട്ടികളുടെ സമയം വെറുതെ പാഴാക്കിക്കളയേണ്ട.''

അവർ ധൃതഗതിയിൽ പുറത്തേക്ക് പോയി. കുട്ടികൾ നട്ടു നനച്ചുണ്ടാക്കിയ പച്ചക്കറിത്തോട്ടം ഒന്നു പോയിനോക്കാൻ വേണ്ടി സുരേഷ് മാസ്റ്ററും ഓഫീസിന് പുറത്തേക്കിറങ്ങി.

മാർച്ച് മാസം. അന്നൊരു ദിവസം സ്കൂൾ അസംബ്ലിയിൽ വാർഷിക പരീക്ഷയെപ്പറ്റിയും സ്കൂൾ മധ്യവേനലവധിക്കായി അടക്കുന്നതിനെപ്പറ്റിയുമൊക്കെ സംസാരിച്ചു. രാവിലെ 11.30 നുള്ള ഇന്റർവെൽ സമയത്ത് 1 ഡിയിലെ മുഹമ്മദ് എന്റെ വാതിൽക്കൽ പ്രത്യക്ഷപ്പെട്ടു. ആളിപ്പോൾ വളരെ മിടുക്കനാണ്. എന്നെ എവിടെവെച്ചുകണ്ടാലും നല്ലൊരു ചിരി സമ്മാനിക്കാൻ മുഹമ്മദ് മറക്കാറില്ല. മാസ്റ്റർ ചോദിച്ചു, ''എന്താ മുഹമ്മദ് കുട്ടീ ?'' ''ഉസ്താദെ ങ്ങക്ക് തരാൻ ഞാനൊരൂട്ടം കൊണ്ടുബന്നിക്കണ്.'' അവൻ പറഞ്ഞുനിർത്തി. ''എന്നാൽ വന്നോളൂ.'' ഞാനവനെ എന്റെ അടുത്തേക്ക് വിളിച്ചു. മുഹമ്മദ് അടുത്തുവന്നു. എന്താണ് വിശേഷം എന്ന് ഞാൻ ചോദിച്ചതിന് മറുപടിയായവൻ ഒരു കൊച്ചുപൊതി വെച്ചുനീട്ടി. രണ്ടു ഫോറിൻ മിഠായികൾ. ''ഇതെവിടുന്നാ മുഹമ്മദെ?''

''ഇത് എനിക്ക് സുലൈമാൻ തന്നതാ. ഓന്റെ ഇക്ക ഇന്നലെ ദുബായീന്ന് ബന്നിക്കണ്. ഓറ് ഓന് കൊടുത്തതാ.''

''സുലൈമാൻ നിനക്ക് എത്ര മിഠായി തന്നു ?'' സുരേഷ് മാസ്റ്റർ ചോദിച്ചു. രണ്ട് എന്നും പറഞ്ഞവൻ ഓടിപ്പോയി. സുലൈമാൻ മുഹമ്മദിന് തിന്നാൻ കൊടുത്ത രണ്ട് ഫോറിൻ മിഠായികളും മാസ്റ്ററുടെ കൈയ്യിലിരുന്ന് ചിരിച്ചു അതോ കരഞ്ഞോ ? ●

■ കഥ

# ഒടുക്കം ജീവിതം പറഞ്ഞുതന്ന സത്യം



ടി. വി. ഹരികുമാർ
9446118387

**പ**ഠിപ്പിക്കുന്ന കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയുമില്ലാത്ത ആളായിരുന്നു മാധവൻ മാസ്റ്റർ. അദ്ദേഹത്തിന്റെ ശിഷ്യൻ പ്രശസ്തരും പ്രഗത്ഭരുമായിരുന്നു. വർഷങ്ങൾക്കു മുൻപുതന്നെ തന്റെ മക്കളെ പൊതുവിദ്യാലയത്തിൽ പഠിപ്പിക്കുകയും അക്കാര്യത്തിൽ മാതൃകയാവുകയും ചെയ്തയാളാണ്. ഭാര്യ നളിനി ടീച്ചർ തൊട്ടടുത്തുള്ള എൽ. പി. സ്കൂളിലും മാസ്റ്റർ ഹൈസ്കൂളിലും അദ്ധ്യാപകരായിരുന്നു. പഠിപ്പിക്കുന്ന കാര്യത്തിൽ മാത്രമല്ല രക്ഷിതാക്കൾക്ക് വേണ്ട ഉപദേശം കൊടുക്കുന്ന കാര്യത്തിൽ മാസ്റ്റർ ശ്രദ്ധിച്ചിരുന്നു. ഇങ്ങനെയൊക്കെയാണെങ്കിലും നമ്മുടെ നാട്ടിൽ ജീവിക്കുന്നത് വിഡ്ഢിത്തമാണെന്ന് വിചാരിക്കുകയും നാട്ടിലെ എന്തിനേയും പുച്ഛത്തോടെ കാണുകയും ചെയ്ത ഒരു മനസ്സ് മാസ്റ്റർക്കുണ്ടായിരുന്നു. വിദേശ രാജ്യങ്ങളിലെ സമ്പദ് വ്യവസ്ഥയും സൗകര്യങ്ങളും മാസ്റ്റർ കുട്ടികളെ പറഞ്ഞുകേൾപ്പിച്ചിരുന്നു. സ്വന്തം മക്കളെ പഠിപ്പിക്കുന്നതിന്റെ ഉദ്ദേശം തന്നെ അവരുടെ ജീവിത വിജയമാണെന്ന് കൂടെ കൂടെ അവരോടും മാസ്റ്റർ പറഞ്ഞിരുന്നു. പാവം നളിനി ടീച്ചർ മാഷിന്റെ വാക്കുകൾക്കപ്പുറം മറ്റൊരഭിപ്രായം ഇല്ലാത്ത സാധുവായിരുന്നു. ഒക്കെ മാസ്റ്റർ തീരുമാനിക്കും, നടപ്പിലാക്കും. നവോത്ഥാനത്തിനുവേണ്ടി വാദിക്കുമെങ്കിലും സ്വന്തം കുടുംബത്തിൽ നവോത്ഥാനം വരുത്തുവാൻ മാഷ് തയ്യാറായിരുന്നില്ല. മാധവൻ മാഷിന്റെ ജീവിതത്തോട് ചെറുപ്പകാലത്ത് ഒരാരാധനയൊക്കെ തോന്നിയിരുന്നു. എത്ര വിശാലമായ കാഴ്ചപ്പാട് എന്ന് കരുതിയിരുന്നു. വർഷങ്ങൾക്കുശേഷം മാധവൻ മാഷിനെ കാണാനിടയായി. നഗരത്തിലെ പ്രശസ്തമായ ഹോസ്പിറ്റലിന്റെ മുറ്റത്ത് വളരെ പ്രയാസപ്പെട്ട് ഓട്ടോയിൽ നിന്നിറങ്ങുന്നയാളെ കണ്ടപ്പോൾ മനസ്സ് പറഞ്ഞു. അത് മാധവൻ മാസ്റ്ററല്ലെ. കാഴ്ചയ്ക്കങ്ങനെ തോന്നുന്നു. അടുത്തെത്തിയപ്പോൾ അതെ. മാധവൻ മാസ്റ്റർ തന്നെ. പ്രായത്തിന്റെ അവശതയേക്കാൾ കൂടുതൽ മനസ്സിന്റെ അവശതയാണ് ഇത്ര ക്ഷീണമെന്നു തോന്നി. കൈയിൽ കടന്നു പിടിച്ചു. മാഷേ... വിളികേട്ട് മാഷ് മുഖത്തേക്കുനോക്കി. പിന്നെ നിർവികാരനായി പറഞ്ഞു. ''സതീഷ് കുമാർ അല്ലെ... ?''

''അതെ... വർഷമിത്ര കഴിഞ്ഞിട്ടും മാഷിന്റെ ഓർമ്മശക്തിക്കൊരു കുഴപ്പവുമില്ല.''

''താനെന്തു ചെയ്യുന്നു ?''

''ഞാനിവിടെ കൃഷി കാര്യങ്ങളുമായിട്ടൊക്കെ ജീവിക്കുന്നു.''

''കുടുംബം ?''

''വിവാഹിതനാണ്. രണ്ടു കുട്ടികൾ. അവർ പഠിക്കുന്നു. ഭാര്യയും കൃഷിയിൽ സഹായിക്കുന്നു.'' ഉത്തരം പറയുമ്പോഴും ഒരങ്കലാപ്പുണ്ടായിരുന്നു. താൻ നന്നായി പഠിക്കുന്നവനായിരുന്നല്ലോ എന്നിട്ട് എന്താടോ ഇങ്ങനെയായിപ്പോയതെന്ന ഉത്തരമാവും മാസ്റ്റർ പറയുക. പക്ഷെ വിറക്കുന്ന കൈകളോടെ കൈത്തലത്തിൽ അമർത്തിപ്പിടിച്ചുകൊണ്ട് മാസ്റ്റർ പറഞ്ഞു ''ഭാഗ്യവാൻ. അതാണ് വേണ്ടത്. നമ്മുടെ നാട്ടിൽ നമ്മുടെ സംസ്കാരത്തിൽ ജീവിക്കുന്നതാണടോ ഏറ്റവും വലിയ ഭാഗ്യം.''

മാസ്റ്ററുടെ ചിന്താഗതിയിലെ മാറ്റം അത്ഭുതപ്പെടുത്തി. ''മാസ്റ്ററിവിടെ ?''

മറുചോദ്യത്തിന് ചെറിയ ചിരിയോടെ മാസ്റ്റർ പറഞ്ഞു : “മരുന്നിനുവന്നതാണ്. മാസം തോറും ഇങ്ങനെ ഒരു വരവുണ്ട്. നളിനി പോയി. ഭാഗ്യവതി. വർഷം കുറച്ചായി. ചെറിയൊരു പനിയായിരുന്നു. പക്ഷെ അവളെന്നെ പറ്റിച്ചുകളഞ്ഞു. ഒറ്റക്കാക്കി കടന്നു.”

മക്കളൊക്കെ എവിടെ എന്നുചോദിക്കുന്നതിനുമുന്നേ മാഷ് പറഞ്ഞു “മൂന്നു മക്കളും വിദേശ രാജ്യങ്ങളിൽ. രണ്ടാൺ മക്കൾ അമേരിക്കയിൽ. മകൾ ഗൾഫിൽ. എല്ലാവരും സ്വന്തം നിലയ്ക്ക് കുടുംബത്തെ കണ്ടെത്തി. ആരും നാട്ടിൽ വരാറില്ല. വിളിക്കാറുണ്ട്. സുഖാന്വേഷണം നടത്താറുണ്ട്. വീട്ടിൽ സഹായത്തിനൊരാളെ ഏർപ്പാടാക്കിയിട്ടുണ്ട്. അച്ഛനെന്തിന്റെ കുറവാണെന്ന് കൂടെ കൂടെ ഓർമ്മിപ്പിക്കാറുണ്ട്.” പറഞ്ഞു നിർത്തിയിട്ട് ഒരു ചെറിയ കിതപ്പോടെ പൂർത്തിയാക്കി. “വിചാരിച്ചപോലെയൊക്കെ അവരുടെ പഠനവും, ജീവിതവും എത്തപ്പെട്ടടോ. പക്ഷെ വാർദ്ധക്യത്തെക്കുറിച്ച് ഞാനന്നു ചിന്തിച്ചില്ല. ഇപ്പോൾ ഒറ്റയ്ക്കതൊക്കെ നേരിടുന്നു. ഞാനും ഭാഗ്യവാനാണല്ലെ ?”

മാധവൻ മാസ്റ്ററുടെ ചോദ്യം വല്ലാതെ വിഷമിപ്പിച്ചു. അപ്പോൾ പഠനകാലത്ത് നോട്ടുബുക്ക് വലിച്ചെറിഞ്ഞ് മാസ്റ്റർ പറഞ്ഞ വാക്കുകൾ ഓർത്തുപോയി. “സതീശ് കുമാർ... എന്തിനാടോ ഇങ്ങോട്ടു പോരുന്നത്. പഠിയ്ക്കാൻ എന്നായിരിക്കും അല്ലെ ഉത്തരം. പഠിച്ചോ, ഒടുക്കം ഈ രീതിയിലാണെങ്കിൽ നീയൊക്കെ ഇവിടെത്തന്ന ചുറ്റിത്തിരിഞ്ഞുതീരും. ഭാവി അത്രെയുള്ളു. ഓർത്തോ...”

“സതീശെ... എന്താ താൻ ആലോചിക്കുന്നത് ?”

“ഒന്നുമില്ല മാഷേ...”

“ശരി... ഞാൻ മരുന്നുവാങ്ങി പോകട്ടെ. ഓട്ടോക്കാരൻ കാത്തുകിടക്കുകയാണ്.”

പതിയെ പതിയെ നീങ്ങുന്ന മാധവൻ മാസ്റ്റർ മനസ്സിലൊരു വിങ്ങലായി. മാഷ് ജീവിതത്തിൽ വിജയിച്ചോ ? ചോദ്യത്തിനുത്തരം മാത്രം കിട്ടിയില്ല. ●



# മുട്ടുകൾ



**മംഗളൻ തൈയ്ക്കൽ**
**9895503427**

**ജീ**വിതപ്രാരാബ്ധങ്ങൾ ഭാഗീരഥിയമ്മയെ കുറച്ചൊന്നുമല്ല കഷ്ടപ്പെടുത്തുന്നത്. വയസ്സ് 70 കഴിഞ്ഞുവെങ്കിലും എല്ലാ സ്ഥലത്തും ഭാഗീരഥിയമ്മ തന്നെ പോകണം. പഞ്ചായത്തിലും വില്ലേജിലും കയർ തൊഴിലാളി ക്ഷേമനിധി ആഫീസിലും റേഷൻ കടയിലും പലചരക്ക് കടയിലും ഹോ! എണ്ണിയാൽ തീരില്ല. ഇതിനിടയിൽ വേലയെടുക്കാൻ എവിടെയാ സമയം. വിശ്രമിക്കാൻ എവിടെയാ സമയം. ഓടാൻ തുടങ്ങിയിട്ട് വർഷങ്ങൾ ഒത്തിരിയായി. പെൺമക്കൾ രണ്ടെണ്ണം പുര നിറയാൻ തുടങ്ങിയപ്പോഴായിരുന്നു കെട്ടിയോൻ ഭാഗീരഥിയമ്മയേയും മക്കളേയും വിട്ടുപോയത്. പെട്ടെന്നുള്ള വിയോഗമായിരുന്നു. ഒരസുഖവും ഇല്ലായിരുന്നു. എല്ലാവരും കൂടി അത്താഴവും കഴിഞ്ഞ് കിടന്നതാ. പാതിരാത്രി ആയപ്പോൾ ഒരു നെഞ്ചുവേദന. ആശുപത്രിയിലെത്തും മുൻപേ അദ്ദേഹം പോയി. എന്തു ചെയ്യണമെന്നറിയാതെ ജീവിത വഴിത്താരയിൽ പകച്ചുനിന്നുപോയി ഭാഗീരഥിയമ്മ. പിന്നെ പിന്നെ എല്ലാമായിട്ടൊന്നു പൊരുത്തപ്പെടാൻ കാലങ്ങളേറെയെടുത്തു. പെൺമക്കൾ രണ്ടിനേയും നല്ല നിലയിൽ തന്നെ കെട്ടിച്ചയച്ചു. അവരുമായി വഴക്കൊന്നുമില്ലെങ്കിലും ആരുടേയും വീട്ടിൽ ഒരന്തി താമസിക്കാൻ ഭാഗീരഥിയമ്മ ഇതുവരെ കൂട്ടാക്കിയിട്ടില്ല. മക്കളെക്കുറിച്ച് ആരെങ്കിലും ചോദിച്ചാൽ അവർ പറയും, “അവരൊക്കെ ഓരോ കുടുംബമായി കഴിയുകയല്ലേ മക്കളേ. അമ്മയാണെന്നും പറഞ്ഞ് എപ്പോഴും അമ്മയോടൊപ്പം വന്നു നിൽക്കാൻ പറ്റുമോ ? അവർക്ക് അവരുടെ ഭർത്താക്കൻമാരേയും കുട്ടികളേയുമൊക്കെ നോക്കേണ്ടെ.” അങ്ങനെയാണ് ഭാഗീരഥിയമ്മ. മക്കളുടെ സുഖവും സന്തോഷവുമാണ് ആ അമ്മയ്ക്ക് വലുത്.

ഇതിപ്പോ കയറാഫീസീന്ന് കത്ത് വന്നിരിക്കുന്നു. ജീവിച്ചിരിക്കുന്നു എന്നുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കാൻ. ജീവിച്ചിരിക്കുന്ന നമ്മൾ നേരിട്ടുചെന്നാലും അവിടെയിരിക്കുന്ന സാറുമാർക്ക് തൃപ്തിയാവില്ല്യ. നമ്മൾ ജീവിച്ചിരിക്കുന്നു എന്ന് പഞ്ചായത്ത് പ്രസിഡന്റോ അങ്ങനെയുള്ള ആരെങ്കിലുമോ എഴുതിക്കൊടുക്കണം പോലും. യമധർമ്മന്റെ ആഫീസ് അറിയാമായിരുന്നേൽ അവിടെന്നൊരണ്ണം വാങ്ങാമായിരുന്നു. അതാകുമ്പം ആർക്കും തർക്കമുണ്ടാവില്ലല്ലോ. ഇനിയിപ്പോ അങ്ങനെയെങ്ങാനും വേണമെന്ന് പറയുമോന്ന് ആരുകണ്ടു. എന്തൊക്കെ നിയമങ്ങളാണപ്പാ ? ഒള്ള പെൻഷൻ കാശ് ആ പോസ്റ്റ്മാൻ പെണ്ണ് വീട്ടീക്കൊണ്ടുവന്ന് തന്നിരുന്നതാ. ഇപ്പ പറയണ് ഇനി ബാങ്കീ കൂടിയേ തരത്തൊള്ളൂ എന്ന്.

ഒന്നാമതേ മനുഷ്യന് നടക്കാൻ മേല. കാലിന്റ മുട്ടിനകം തേഞ്ഞുപോയന്നാ ഡാക്ടർമാര് പറേണത്. എങ്ങനെ തേയാതിരിക്കും. ആവതുണ്ടായിരുന്ന കാലത്ത് ചകിരീം മടിയിൽ വെച്ചോണ്ട് റാട്ട് വഴിയിലൂടെ മുന്നോട്ടും പിന്നോട്ടും കുറച്ചൊന്നുമല്ല നടന്നുകൂട്ടിയത്. ആ നടപ്പ് നേരെ നടന്നിരുന്നുവെങ്കിൽ ഭൂമിക്ക് രണ്ടുമൂന്ന് പ്രാവശ്യം വലംവയ്ക്കാമായിരുന്നു. ആരെങ്കിലും വിളിച്ച് ഒരവാർഡും തന്നേനെ. ഇതിപ്പോ മുട്ട് വേദനിച്ചിട്ട് നടക്കാൻ മേല. എന്നുവച്ച് പോവാതിരിക്കാൻ ആവുമോ.

ആകെ കിട്ടണ വരുമാനമാണ് പെന്ഷൻ. അതുവേണ്ടാന്ന് വയ്ക്കാൻ പറ്റുമോ. ഇനി എന്തെല്ലാം ഗുലുമാലാണപ്പാ. ഫോട്ടോ എടുക്കണം, ആധാറിന്റെ കോപ്പി എടുക്കണം, പോസ്റ്റാഫീസീ പോകണം. എല്ലാത്തിനുംകൂടി ഏഴു ദെവസേയുള്ളു. ഇതൊക്കെ ചെയ്താത്തന്നെ എങ്ങനെ പെൻഷൻ കിട്ടുമോന്നാ പറേണേ. ഈ നടക്കാൻ മേലാത്തോരും കിടപ്പ് രോഗികളും കണ്ണുകാണാത്തവരുമൊക്കെ എങ്ങനെ ഈ ബാങ്കിലും പോസ്റ്റാഫീസിലുമൊക്കെ പോകും. പെൻഷൻ വന്നാ ഇല്ലെ എന്നൊക്കെ എങ്ങനെ അറിയും. എനിക്കറിയാൻ മേലെന്റെ ഭഗോതീ... ഭാഗീരഥിയമ്മ സ്വഗതം പറഞ്ഞുകൊണ്ടേയിരുന്നു.

അങ്ങിനെ ലൈഫ് സർട്ടിഫിക്കറ്റ് വാങ്ങാൻ പഞ്ചായത്തിലേക്ക് പോകുന്ന വഴിയാണ് ഭാഗീരഥിയമ്മ അമ്പലത്തിൽ കയറിയത്. അമ്പലത്തിന്റെ മുറ്റത്തുകൂടിയല്ലെ പോകണത്. അപ്പോ അമ്മയെ കണ്ട് തൊഴാതെ പോവണത് ശരിയല്ലല്ലോ. നന്നേ നടന്ന് ക്ഷീണിച്ച ഭാഗീരഥിയമ്മ വഴിപാട് കൗണ്ടറിന്റെ തിണ്ണയിൽ തൂണും ചാരിയിരുന്നു. മീനമാസത്തിലെ സൂര്യൻ തകർക്കുകയാണ്. ദാഹവും ക്ഷീണവും അവരെ വല്ലാതെ ബുദ്ധിമുട്ടിച്ചു. കാൽമുട്ടുകളുടെ വേദന അസഹനീയം തന്നെ. അമ്മയെ വിളിച്ച് പ്രാർത്ഥിച്ച് മുട്ടും തിരുമ്മി ഇരിക്കുമ്പോഴാണ് ആ ഫ്ളക്സ് ബോർഡ് അവരുടെ കണ്ണിൽ പെട്ടത്.

'ജീവിതവീഥിയിലുണ്ടാകുന്ന മുട്ടുകളെ അതിജീവിക്കാൻ മുട്ടറക്കൽ വഴിപാട് ഇരുപത് രൂപ' ങേ ! ഇങ്ങനെ ഒരു വഴിപാട് ഉണ്ടായിരുന്നോ? എത്രമാത്രം കാശാ കണ്ട വൈദ്യൻമാർക്കും ഡോക്ടർമാർക്കും കൊടുത്തത്. എന്നിട്ട് വല്ല ഗുണവും ഉണ്ടായോ ? അമ്മയായിട്ട് കാണിച്ചുതന്നതാ. അമ്മേ... മഹാമായേ കാത്തുരക്ഷിക്കണേ... ഭാഗീരഥിയമ്മ കൈയിലിരുന്ന പൊതി അഴിച്ചുനോക്കി. ഉണ്ട്. പോയിവരാനും കൂടുതൽ കാശ് ഉണ്ട്. അവർ അവിടെ നിന്നും എഴുന്നേറ്റ് വഴിപാട് കൗണ്ടറിൽ ചെന്ന് ഇരുപത് രൂപ നീട്ടിക്കൊണ്ട് ചോദിച്ചു, "തിരുമേനീ... ഈ മുട്ടറക്കൽ എന്നുപറഞ്ഞാൽ വേദനിക്കില്ലെ ?"

"ഇല്ലമ്മച്ചീ ഇതുവഴിപാടാ... നമ്മുടെ മുട്ടുകൾ മാറും."

"എന്നാ ഒരെണ്ണം എഴുതിക്കോ തിരുമേനി. ഭാഗീരഥിയമ്മ, ഭഗവതിപ്പറമ്പ്, ഭരണി നക്ഷത്രം. ഒരു മുട്ടറക്കണം. ഇടതുകാലിന്റെ മതി. അതിനാ കൂടുതൽ വേദന. സഹിക്കാൻ പറ്റണില്ല."

കൗണ്ടർ ക്ലർക്ക് ഭാഗീരഥിയമ്മയെ സൂക്ഷിച്ചുനോക്കി. ഭാഗീരഥിയമ്മ തിരിച്ചും...

## രണ്ടുകവിതകൾ



**രവീന്ദ്രൻ മലയങ്കാവ്**
**9288114916**

### 1. വിധി

ഗാനമത്സരവേദിയിൽ
കാക്കയും കുയിലും
മത്സരം അവസാനിച്ചപ്പോൾ
സമ്മാനം കാക്കയ്ക്ക്.
നിരാശപ്പെടാനില്ല
വിധി നിർണ്ണയത്തിൽ
പരാതിയുണ്ടെങ്കിൽ
കുയിലിന് കോടതിയിൽ
പോകാമല്ലോ !

### 2. കാലദോഷം

കുറുക്കൻ രാജാവാകാൻ
കോഴികൾ വോട്ടിട്ടപോൾ,
മുറുക്കെപ്പിടിക്കുന്നു
കാലമെൻ പിടലിമേൽ.
കഷ്ടകാലത്തിലല്ലോ
നില്ക്കുന്നീ, ഞാനു,മെന്റെ
നോവുകൾ പാടുന്നൊരീ
പ്പാവമാം കവിതയും.

# വിഭ്രാന്തി

**അഡ്വ. പി. രാജഗോപാല മേനോൻ**
**മൂക്കുതല, 9495095390**

ഓർമ്മകളൊടുങ്ങാത്ത
മാനുഷ മനസ്സിന്റെ
കാർമേഘപാളിയ്ക്കുള്ളിൽ
സ്വാർത്ഥത തേടുന്നവർ
ഓർമ്മകളോളം വെട്ടി
ത്തകർത്ത തീരത്തിന്റെ
ധാർമ്മികരോഷം കണ്ട്
സ്തബ്ധരായ് നിൽക്കുന്നേരം !
സ്വർഗ്ഗവും സ്വപ്നം കണ്ട്
മേൽപ്പോട്ട് മാത്രം നോക്കി
മാർഗ്ഗമേതറിയാതെ
കാലുകളിടറുമ്പോൾ
ഏറുന്ന മനഃസ്സാക്ഷി
ക്കുത്തേറ്റൊരഹന്തയും
നീറുന്ന മനസ്സിന്റെ
നിമ്നോന്നതങ്ങൾ തേടി.
ഓർമ്മകളിരമ്പുന്ന
വഞ്ചക മേധാവിത്വം
പോർമുനയൊടിഞ്ഞിട്ടും
ധാർഷ്ഠ്യത കൈവിട്ടില്ല
ഓർമ്മകളെരിഞ്ഞീടും
ഞരിപ്പോടണഞ്ഞപ്പോൾ
ഓർമ്മതൻ നിറം മങ്ങി
തുടുപ്പുമില്ലാതായി
കണ്ണുകൾ തുറന്നാലും
കാണണമെന്നില്ലല്ലോ.
കണ്ണുകളടച്ചാലും
കാണുന്നു മഹാന്മാരും.
കണ്ണിമയറിയാതെ
നൊമ്പരമൂറിക്കൂടാം
കണ്ണുനീർക്കണങ്ങളും
സാന്ത്വനമേകാൻ പ്രാപ്തം
ദുഃഖങ്ങൾ കൂട്ടിന്നായി
കൈനീട്ടിയടുത്തപ്പോൾ
സുഖമെന്നോതാൻ
ചുണ്ടിൻ പേശികൾ മുറുകുന്നു.

ഈ ലക്കത്തിൽ
കത്തുകൾ
ഉൾപ്പെടുത്തുവാൻ
സാധിക്കാതെ വന്നതിൽ
ഖേദിക്കുന്നു.

എഡിറ്റർ



# ഉത്തിഷ്ഠ ഭാരതം

**മുകുന്ദൻ കുറുവട്ടൂർ**
**9048160748**

1

ഇനിയെങ്കിലും സഹജരേ, നിങ്ങ-
ളഭിശപ്തമായൊരീ നിദ്രവിട്ടുണരുക;
ആർത്തയാമമ്മയ്ക്കുനേരെ, ക്ഷു-
ധാർത്തനാമൊരു വ്യാഘ്രത്തെ പോലണയുന്ന,
ശത്രുവിന്നെതിരെ, ആയുധമെടുക്കുക...!
എന്തേ മടിയ്ക്കുന്നു; സ്വജീവിതവ്യാമോഹങ്ങൾ
നിങ്ങൾക്ക് വിലങ്ങായിത്തീരുന്നുവോ ?!
പക്ഷെ, നിങ്ങളൊന്നോർക്കണം;
ദശാബ്ദങ്ങൾക്കുമുൻപ്, നിങ്ങൾതൻ
ജ്യേഷ്ഠഭ്രാതാക്കൾ, സമരത്തീക്കുണ്ഡത്തിൽ
സ്വജീവിതങ്ങൾ ഹവിസ്സായി ഹോമിച്ച്,
നേടിയെടുത്തൊരീ നാടിന്നമൃതസ്വാതന്ത്ര്യത്തെ,
കേവല,മൊരേകശിലാരൂപമന്ദിരമാക്കാൻ
വെമ്പിക്കുതിക്കുന്നൊരിന്നത്തെ യതിനിന്ദ്യ
കുടിലതന്ത്രങ്ങൾക്ക് തുണയായി നിൽക്കണോ,
നിങ്ങൾ, ഒരുവേള അതിനെതിരെയുയരുന്നൊ-
രായിരം കരങ്ങൾക്കു കൂട്ടായി നിൽക്കയോ, വേണ്ടൂ?

2

രണ്ടിലൊരുപക്ഷം പിടിയ്ക്കണം, നിങ്ങ-
ളതു കൃത്യമായ് നിർണ്ണയിച്ചീടുവാൻ
ഭാരത ചരിത്രത്തിലൂടല്പം
പിറകോട്ടു പോകണം, നിങ്ങൾ...
പിൻതിരിഞ്ഞുനടക്കവെ, പിറന്ന നാടിൻ
സ്വാതന്ത്ര്യത്തെ, സ്വജീവനെക്കാളും സ്നേഹിച്ചൊരാ
ബഹുസ്വരജനതയെ മുഖത്തോടുമുഖം
നിങ്ങൾ കാണും; അവരുടെ കണ്ഠങ്ങളിൽ നിന്നു-
മുയർന്നൊരാ സ്വാതന്ത്ര്യോത്ക്കട ഗീതികൾ
കേൾക്കും...
സപ്തവർണ്ണങ്ങളും ചാലിച്ചവർ കണ്ട
സ്വപ്നമേതെന്നറിയണം, നിങ്ങളതിൻ
സാക്ഷാത്ക്കാരത്തിനവർ കൊടുത്ത
വിലയെന്തെന്നു,മറിയണം...
കൺതുറന്നു നടക്കവെ, നിങ്ങളാൾത്തിരക്കിൻ
നടുവിലായ്, നേതൃചിഹ്നമൊന്നുമോലാത്തൊരു
നേതാവിനെക്കാണും, അതാരെന്നറിയണം
നിങ്ങ,ളാവാക്കുകളോരണം...
'എന്റെ ജീവിതമാണെന്റെ സന്ദേശ'മെ-
ന്നോതിയൊരമ്മഹാത്മാവിൻ ജീവിതമെന്തെന്നു
പഠിയ്ക്കണം; നിങ്ങളാ ജീവിതത്തിൻ
മഹത്വമെന്തെന്നുമറിയണം...
പിറകോട്ടുവീണ്ടും നടക്കവെ,
ഏതോ വൈദേശിക ന്യായാസനത്തിന്റെ
ദണ്ഡനീതി വിധിച്ച വധശിക്ഷയേറ്റുവാങ്ങുമ്പൊഴും
ജന്മനാടിനു ജയ് വിളിച്ചൊരാ, ധീര-
ദേശാഭിമാനികളെക്കാണു,മാ ബഹു-
സ്വരത കൺതുറന്നു കാണവെ, നിങ്ങ-
ളല്പമാത്രകളെങ്കിലും, നമ്രശിരസ്ക്കരായ്
നിൽക്കൂ,മതു നിർണ്ണയം...
സ്വാതന്ത്ര്യദാഹികൾക്കൊക്കെയും
വെടിയുണ്ടയാലഭിവാദ്യമർപ്പിച്ച,
ജാലിയൻവാലയിലെ കുരുതിക്കളത്തി-
ലേയ്ക്കൊരു മാത്ര നോക്കണം, നിങ്ങ-
ളവിടെപ്പിടഞ്ഞുവീണു മരിച്ചൊ-
രായിരങ്ങളെക്കാണണം.
അമ്മ തന്നുടൽ വെട്ടിപ്പിളർന്നൊടുവിൽ
നാം നേടിയ സ്വാതന്ത്ര്യത്തെക്കുറിച്ചറിയണം;
നിങ്ങ,ളാശപ്തദിനങ്ങളിൽ ഇവിടെ ഒഴുക്കിയ
ചോരപ്പുഴയുടെ, ആഴങ്ങളുമറിയണം...
ഭ്രാന്തമർത്ത്യമനങ്ങളിൽ, ശാന്തിമന്ത്ര-
മോതി നടക്കവെ, ഭാരതാംബയുടെ
മഹത്പുത്രൻ, നെഞ്ചിൽ വെടിയേറ്റു
വീണതെന്തിനെന്നറിയണം; പിന്നെയീ
നാടിനിന്നലെകളിലെ തമോഗർത്തങ്ങ-
ളോരോന്നും, തിരിച്ചറിയണം...!!


3

ഒക്കെയും കണ്ടും പഠിച്ചും നടക്കവെ,
നിങ്ങൾ തൻ ബോധത്തിലറിവിന്റെ
സൂര്യനുദിയ്ക്കും; അലൗകികമായൊരാ
ദിവ്യപ്രകാശത്തിൽ നിങ്ങൾക്കു
നേരും നെറികേടും തെളിയും...
നെറികേടിൻ കോട്ടകൾക്കെതിരെ
അടരാടുവാൻ വേണ്ടത്രയൂർജ്ജം ലഭിക്കും,
അടിവെച്ചടിവെച്ചു നിങ്ങൾ മുന്നേറവെ,
അധികാര രാവണൻ കോട്ടകൾ തകരും;
അതിനുള്ളിൽ നിന്നായിരം ദുര്യോധനന്മാരുടെ
അതിദീന നിലവിളി, വാനിലേയ്ക്കൊഴുകിപ്പരക്കും...
ഭൂമികുലുങ്ങും; കുലാചലങ്ങളൊക്കെയും
ഇളകിത്തെറിക്കും; സമുദ്രത്തിരകളുയർന്ന്
മന്നിലെ സിംഹാസനങ്ങളെയൊക്കെയും മൂടും...

4

ഒടുവിൽ, ഈ വിശ്വപ്രകൃതിതൻ
കലിയടങ്ങീടവെ, സ്വച്ഛശാന്തിതൻ
അമൃതപ്രകാശമീഭാരതഭൂമിയിലെമ്പാടും
ഒഴുകിപ്പരക്കും; മാനുഷരെല്ലാരും
ഒന്നുപോലെ വാണ, കഥയിവിടെ
സാക്ഷാത്ക്കരിക്കും...
ജാതിമതഭേദങ്ങളൊന്നുമില്ലാത്തൊരു
മാവേലിനാടായി മാറും...
ഈ നാട് ഒരു പുത്തൻ മാവേലിനാടായി
മാറും... പുതുപുത്തൻമാവേലി നാടായിമാറും...!

സൈനുദീൻ മുണ്ടക്കയം
9947253006



# കുശല,പ്രശ്നം

**പാ**തവക്കത്തെ കലുങ്കിൻമേൽ ചിന്താധീനനായിരിക്കുന്ന ശേഖരനോട് കിട്ടുണ്ണി കുശലം ചോദിച്ചു "എന്താ തനിച്ച് ?"

"അല്ലല്ലൊ, നമ്മളിപ്പോൾ രണ്ടുപേരുണ്ടല്ലൊ."

ഇരുവരേയും കണ്ട കബീർ "എന്താപ്പൊ രണ്ടാളും കൂടീട്ട് ?"

"ഇതാപ്പോ നന്നായേ... നമ്മളിപ്പോൾ മൂന്നുപേരായില്ലേ ?" എന്ന് ശേഖരൻ.

മൂവരും സംസാരിച്ചു നില്ക്കുമ്പോൾ ആ വഴി വന്ന ജോസഫ് - "മൂന്നാളും കൂടെന്താ ഗൂഢാലോചന ?"

"ഏയ് അങ്ങനൊന്നുമില്ല" എന്ന് കബീർ.

"അതല്ല... എന്തോ പ്രശ്നമുണ്ടല്ലൊ." എന്നായി ജോസഫ്.

"അങ്ങനുണ്ടെങ്കിൽത്തന്നെ നിനക്കെന്താ ?" എന്ന് കിട്ടുണ്ണി.

അങ്ങനെ ഒന്നും രണ്ടും പറഞ്ഞ് ഉന്തായി, തള്ളായി, വാക്കേറ്റവും ഒടുവിൽ കത്തിക്കുത്തിൽ എത്തി. ഒരാൾ വീണു. മറ്റുള്ളോർ പലവഴിക്ക് ഓടി. ഓട്ടത്തിനിടയിൽ ഓരോരുത്തരും ചിന്തിച്ചത് "ആരാവും വീണത് ?" കുത്തിയവനുമറിയില്ല, ആർക്കു കുത്തേറ്റു എന്ന്.

# അവരെന്തു വിചാരിക്കും ?

"അറിഞ്ഞോ, നമ്മുടെ മേനോൻ സാർ ആശുപത്രിയിലാ."

"എന്തുപറ്റി ?"

"ആവോ ? ഗുരുരാവസ്ഥയിലാണെന്നാ കേട്ടത്."

"ശ്ശൊ... കഴിഞ്ഞ ദിവസം ഞങ്ങൾ തമ്മിൽ കണ്ടിരുന്നു. ഒരു കുഴപ്പോം ഇല്ലായിരുന്നല്ലൊ."

"ങാ ! മനുഷ്യന്റെ കാര്യമല്ലെ ? എന്തും സംഭവിക്കാം."

"എന്നാലും... ഗുരുതരമെന്നു കേൾക്കുമ്പോൾ... എന്തായിരിക്കും ? (സംശയത്തിന്റെ നിഴലിലാണയാൾ) എന്തായാലും ഒന്നുപോയി കാണണം."

"ഹേയ് ! പോകേണ്ട... ആർക്കും പ്രവേശനമില്ലെന്നാണറിവ്. ഇൻഫെക്ഷനാകുമത്രേ !!"

"അതേയോ ? എന്നാലും പോകാതിരിക്കാനൊക്കുമോ ? പോയി കാണണം."

"പോയില്ലെങ്കിൽ അവരെന്തു വിചാരിക്കും. കുടുംബക്കാരേയ് !!"

"അപ്പൊ അതാണ് കാര്യം. അവരെന്തു വിചാരിക്കാൻ ? രോഗം ഭേദമാകണം. അതിന് രോഗിയും ഡോക്ടറും മതി. പിന്നീട് പോയിക്കാണാല്ലൊ. അതുപോരെ ?!"

"എന്നാലും അവരെന്തു വിചാരിക്കും ?"

●



# ഒരു മാന്ത്രികക്കുരുവിൻെറ കഥ



ജനാർദ്ദനൻ പി. വണ്ടാഴി
8089060168

**പൂ**ച്ചക്കുരു എന്നു വിളിക്കപ്പെടുന്ന ഒരു കായ നമ്മുടെ നാട്ടിൽ ഒരു കാലത്ത് സുലഭമായിരുന്നു. പുളിക്കൽ പറമ്പുവഴി മാപ്പിളപ്പൊറ്റയിലേക്കു പ്രവേശിക്കുമ്പോൾ ഇരുഭാഗത്തെ വേലികളിലും കൊട്ടമരങ്ങൾ വേലിക്കാലുകളായി വളർന്നുനില്ക്കുന്നതു കാണാം.

ഡിസംബർ മാസമാകുമ്പോൾത്തന്നെ നാട്ടിൽ നല്ല വെയിലായിത്തുടങ്ങും. വൃശ്ചികക്കാറ്റ് ധനുവിലേക്കു കൂടെ ആഞ്ഞാഞ്ഞു വീശും. വാളൻ പുളികളങ്ങനെ പഴുത്ത് കാറ്റിൻെറ തലോടലിൽ ഞെട്ടറ്റ് കിലുകിലാരവത്തോടെ വീഴും. കൊട്ടച്ചെടിയിലെ കായ്കളും മൂത്തു പഴുത്ത് ഉണങ്ങി ഉത്സവാഘോഷത്തോടെ പൊട്ടിത്തെറിക്കും. ആ പൊട്ടിത്തെറിയുടെ പ്രോഡക്ടാണ് പൂച്ചക്കുരു എന്ന മാന്ത്രികക്കുരു.


രാമൻ മാഷ് ഈ കാലാവസ്ഥകൾ ശരിക്കും ഗണിച്ചുവച്ചിട്ടുണ്ട്. കൊട്ടച്ചെടികൾ പൊട്ടിത്തെറിക്കും കാലത്തെപ്പറ്റി മാഷ് ഗൂഢമായ കണക്കെടുപ്പു നടത്തിയിട്ടുണ്ട്. ഹാജർ പുസ്തകത്തിലെ പേരു വിളിക്കുമ്പോൾ മാപ്പിളപ്പൊറ്റ വഴി പോക്കുവരവുള്ള പിള്ളേരുടെ പേരുവിവരങ്ങൾ പ്രത്യേകം അടയാളപ്പെടുത്തിയിട്ടുണ്ട്. അവർക്കായി മാത്രം മാഷ് ഉഗ്ര ശാസന പുറപ്പെടുവിച്ചിരിക്കുന്നു. "പൂച്ചക്കുരുക്കൾ ഒന്നൊഴിയാതെ ഇവിടെ എത്തേണ്ടതാകുന്നു" ശാസനക്കകമ്പടിയായി ഒരു ചെറു മന്ദഹാസം. പിള്ളേർ ആ മന്ദഹാസത്തിൽ കൊരുക്കപ്പെടുന്നു.

കൊട്ടകൾ വെയിലത്ത് പൊട്ടിത്തെറിക്കുന്നു, പിള്ളേർ പൂച്ചക്കുരു പെറുക്കി രാമൻ മാഷ് സവിധം ഹാജരാക്കപ്പെടുന്നു. മാഷിൻെറ കൈയിൽ ഒരു മാന്ത്രിക സഞ്ചിയുണ്ട്, അതിലേക്ക് ഭദ്രമായി പൂച്ചക്കുരുക്കൾ സൂക്ഷിക്കപ്പെടുന്നു.

മാഷൊരു പാവം മാന്ത്രികൻ. കണക്കു ക്ലാസ്സിലാണ് ഈ മാന്ത്രിക സഞ്ചി തുറക്കപ്പെടുന്നത്. കൂട്ടൽ പട്ടികകൾ, കിഴിക്കൽ പട്ടികകൾ, പെരുക്കപ്പട്ടികകൾ, ഹരിക്കൽ പട്ടികകൾ, അതിനൊക്കെ അകമ്പടിയായി മാന്ത്രിക പൂച്ചക്കുരു പുറത്തെടുത്ത് ഉത്തരം ഉറപ്പിക്കും. ഹായ്... കണക്കെന്തു മധുരം! കുട്ടികൾ മാഷിൻെറ മാന്ത്രികത്തിലേക്കു ലയിച്ച് കണക്കെന്ന കളിയിലേക്കു അലിഞ്ഞു ചേരും.

●

# മുത്തശ്ശി



**ജയൻ പുതുമന**
**8330086062**

**കു**ട്ടികൾ മുത്തശ്ശിമാരോടൊത്ത് വളരണം. പക്ഷെ ഇന്ന് മുത്തശ്ശിമാർ എവിടെ ? കുട്ടികൾ നല്ലവരായിത്തീരാൻ ഒരു പരിധിവരെ രക്ഷിതാക്കൾക്കു പങ്കുണ്ട്. പക്ഷെ ആധുനിക യുഗത്തിൽ എത്രപേർ കുട്ടികളെ നേരാംവിധം വളർത്തുന്നുണ്ട്. അച്ചടക്കം തൊട്ടുതീണ്ടാത്ത, മദ്യത്തിനും മയക്കുമരുന്നിനും അഭയം തേടുന്ന ഒരു പുത്തൻ തലമുറ വളർന്നുവരുന്നുണ്ടെങ്കിൽ അതിന്റെ ഉത്തരവാദിത്വം ആർക്കാണ് ?

കുട്ടികളെ നല്ല ഒരു ബോർഡിങ്ങ് സ്കൂളിലോ, നേഴ്സറിയിലോ ആക്കുന്നതോടെ സ്വന്തം കടമ കഴിഞ്ഞുവെന്ന് കരുതുന്നവരാണ് കൂടുതൽ അച്ഛനമ്മമാരും. സ്നേഹവും ലാളനയും ഏറ്റവും ആവശ്യമായ ബാല്യത്തിൽ കുട്ടികൾ ഗൃഹാന്തരീക്ഷത്തിൽ തന്നെ വളരുന്നതാണ് നല്ലത്. അത് മുത്തശ്ശി, മുത്തച്ഛൻമാരുടെ കൂടെ വളർത്തുവാൻ ശ്രമിക്കുക. ദിനചര്യ, നല്ലത് കേൾക്കാനും, കേൾപ്പിക്കാനും ഉള്ള അവസരങ്ങൾ അവർക്ക് നല്ലതുപോലെ നോക്കി നടത്തുവാൻ കഴിവുള്ളവരാണ് മുത്തശ്ശിമാർ.

ജീവിതത്തിൽ ഞങ്ങൾക്ക് ഒന്നും കാണാനോ കേൾക്കാനോ കഴിഞ്ഞില്ല എന്നുപറഞ്ഞ് മുത്തശ്ശിമാർ പേരക്കുട്ടികളുടെ കാര്യത്തിൽ ശ്രദ്ധിക്കാതെ, അവർക്ക് നല്ല കഥകളും അവരോടൊത്ത് കളിക്കുവാനും ശ്രമിക്കാതെ ടി. വി. സീരിയലിൽ അടിമപ്പെട്ടുപോയ മുത്തശ്ശിമാരും കൂടുതൽ ഈ കാലത്ത് ഉണ്ട്.

മകളും മകനും എല്ലാ ജോലികളും കഴിച്ച് ജോലിക്ക് പോകുമ്പോൾ മകൾ ഒരു ഭാരം (പേരക്കുട്ടി) അവനെ ചെറിയ വല്ല ബേബി കെയർ അല്ലെങ്കിൽ നേഴ്സറിയിൽ ആക്കി പോവുന്നു. മുത്തശ്ശിമാർ നല്ലവരാണെങ്കിൽ ഈ കാര്യം, പേരക്കുട്ടികളെ നോക്കുന്ന കാര്യം അവർക്ക് ഏറ്റെടുക്കാവുന്നതേയുള്ളു.

നല്ല പുരാണ കഥകൾ പറഞ്ഞുകൊടുത്തും അവരോടൊപ്പം മണ്ണിൽ ഇറങ്ങിനടന്നും കളിച്ചും പ്രകൃതിയെക്കുറിച്ച് പറഞ്ഞുകൊടുത്തും ഒരു നല്ല അന്തരീക്ഷം സൃഷ്ടിക്കാൻ കഴിഞ്ഞാൽ മുത്തശ്ശിമാർക്കും ആരോഗ്യം കിട്ടും, പേരക്കുട്ടികൾ നല്ലവരായും വളരും. കുട്ടി ഉറങ്ങുന്ന സമയത്ത് മുത്തശ്ശിക്ക് വേണമെങ്കിൽ ടി. വി. സീരിയൽ കാണാം. സീരിയലിന് ഒരു നിശ്ചിത സമയമില്ല. രാവിലെ, ഉച്ചക്ക്, രാത്രി, അർദ്ധരാത്രി എന്നിങ്ങനെ പരമ്പര മാറി മാറി തുടർന്നു കാണിച്ചുകൊണ്ടിരിക്കുകയാണല്ലോ. ചെറുപ്പത്തിൽ മുത്തശ്ശിക്ക് സിനിമയോ ടി. വി. യോ കാണാനും മറ്റ് യാത്രാപരിപാടികൾക്കു പോകാൻ പറ്റാതെ കഴിഞ്ഞിട്ടുണ്ടാകും. പക്ഷെ അതിനെക്കുറിച്ച് ചിന്തിക്കാതെ ഇപ്പോൾ എങ്ങിനെ കുടുംബജീവിതത്തെ സഹായിക്കാൻ പറ്റും എന്ന് ആലോചിച്ചാൽ കുടുംബത്തിൽ വളർന്നുവരുന്ന കുട്ടികൾ നല്ലവരായി വളരും, ഭാവിയിൽ സമൂഹത്തിലെ നല്ല യുവാക്കളായും യുവതികളായും തീരും.

സീതാദേവി ഗർഭം ധരിച്ചിരിക്കുമ്പോൾ മണ്ണാന്മാരുടെ പരിഹാസങ്ങൾ കേൾക്കാൻ ശ്രീരാമൻ ഇടയാവുകയും, അതിൽ വിഷമിച്ച് കൊട്ടാരത്തിൽ കഴിയുമ്പോൾ സീതാദേവിക്ക് കാര്യങ്ങൾ അറിയുകയും അവർ കൊട്ടാരത്തിൽ ഉണ്ടായേക്കാവുന്ന പല പ്രശ്നങ്ങളേയും ഓർത്ത് അങ്ങിനെ ഉണ്ടാവാതിരിക്കാൻ ആശ്രമ ജീവിതം നയിക്കുവാൻ തീരുമാനിക്കുകയും ആ ആഗ്രഹം ശ്രീരാമനോട് പറയുകയും കണ്വാശ്രമത്തിൽ ഗർഭകാലം കഴിഞ്ഞുപോരുകയും, പ്രസവത്തിനുശേഷം മിടുക്കന്മാരും പുരുഷത്വമുള്ള ബുദ്ധിശാലികളായ രണ്ട് ആൺകുട്ടികൾ ഉണ്ടാവുകയും ചെയ്തു.

ഇങ്ങിനെ ഉണ്ടാവാൻ കാരണം ആ ഗർഭകാലത്തെ ആശ്രമ ജീവിതമാണ്. ആശ്രമത്തിലെ അന്തരീക്ഷമാണ്. നല്ല നല്ല വാക്കുകൾ കേൾക്കാനുള്ള സന്ദർഭമുണ്ടായി. നമ്മൾ ആ കാലഘട്ടങ്ങളിൽ (സ്ത്രീകൾ ഗർഭകാലത്ത്) കഴിയുന്നതും നല്ലത് കേൾക്കാൻ ശ്രമിക്കുക. ജോലി കഴിഞ്ഞുവന്ന് ഒന്ന് ദേഹശുദ്ധി ചെയ്തതിനുശേഷം ആഹാരം കഴിക്കുകയും സന്ധ്യാനേരങ്ങളിൽ കുറച്ചു നേരം നമുക്ക് ഇഷ്ടമുള്ള സ്തോത്രങ്ങൾ, സഹസ്രനാമങ്ങൾ ജപിക്കുകയോ കേൾക്കുകയോ ചെയ്താൽ ഗർഭസ്ത ശിശുവിനും അത് ഗുണം ചെയ്യും. ഇങ്ങിനെ പറഞ്ഞുകൊടുക്കാൻ ഒരു മുത്തശ്ശിയും അത് കേൾക്കാൻ തയ്യാറാവുന്ന ഒരു മകളും വേണം. അല്ലാതെ ജോലി കഴിഞ്ഞുവന്ന് ഉടൻ ധൃതിയിൽ വീട്ടുജോലിയിൽ പ്രവേശിക്കുകയും ദേഷ്യത്തോടെ അവ ചെയ്തുകൊണ്ടിരിക്കുകയും മുത്തശ്ശി ടി. വി. കണ്ടുകൊണ്ടിരിക്കുകയും ചെയ്യുന്ന പല വീടുകളും ഇന്ന് ഉണ്ട്. അവൾക്ക് എന്താ അടുക്കള ജോലി ചെയ്താൽ, അവൾ വരുമ്പോഴേക്കും ചായ ഉണ്ടാക്കിവെക്കാൻ ഞാൻ വേലക്കാരി അല്ല എന്ന ഭാവങ്ങൾ മുത്തശ്ശിമാരിൽ കണ്ടുവരുന്നുണ്ട്. നല്ല ഒരു മുത്തശ്ശി ആണെങ്കിൽ കുടുംബം, കുട്ടികൾ, പേരക്കുട്ടികൾ എല്ലാം നല്ല ഐശ്വര്യത്തോടെ ജീവിച്ചുപോകാൻ പറ്റും. അങ്ങിനെ വളരുന്നുവരുന്ന കുട്ടികൾ നല്ലവരായിരിക്കും, നാട്ടിലേക്ക് നന്മകൾ ചെയ്യുന്നവരായും തീരുന്നു. മുത്തശ്ശിമാരാണ് കുടുംബത്തിലെ വെളിച്ചം.



Printed, Published Edited & Owned by E.T. Muralidharan, Printed at S.K Offset Manali, Palakkad
Published From A-9 New Civil Nagar, Behind Civil Station, Palakkad. Pin: 678 001

# ഒരു വായനാ പർവ്വം



പ്രമോദ് മഞ്ചേരി
09495607393

**കു**റച്ചു കാലത്തിനുശേഷം കുറേ യാത്രകൾ ഒരുമിച്ചു വന്നപ്പോഴാണു വാങ്ങി വെച്ചിരിക്കുന്ന പുസ്തകങ്ങളുടെ കെട്ടഴിച്ചത്.
തുടക്കം...

1. 'സൂസന്നയുടെ ഗ്രന്ഥപ്പുര'യിൽ നിന്നായിരുന്നു. അജയ് പി മങ്ങാടിന്റെ വായനാ വൈവിധ്യങ്ങളിലൂടെ, കാൽപ്പനികത സൃഷ്ടിച്ച ഭ്രമാത്മകതയിലൂടെ നൂണ്ടിറങ്ങിക്കഴിഞ്ഞപ്പോൾ മനസ്സിൽ ഇനിയും താണ്ടാനുള്ള ദൂരങ്ങളെ കുറിച്ചായി ചിന്തകൾ. ചുരുക്കം പറഞ്ഞാൽ മലയാളത്തിൽ പത്രക്കാരും, അധ്യാപകരും എഴുത്തു മേഖലയിലെ ഭൂരിപക്ഷവർഗ്ഗമാവുകയാണ്.

2. സോഷ്യൽ മീഡിയ മനുഷ്യരുടെ രചനാരീതികളെ മാറ്റിമറിച്ചതിനെ കുറിച്ചായിരുന്നു ഞാൻ ഓർത്തുകൊണ്ടിരുന്നത്. ഫ്രാൻസിസ് ഇട്ടിക്കോര എന്ന ടി. ഡി. രാമകൃഷ്ണന്റെ പുസ്തകം കുന്നംകുളം ഒരു ഇതിഹാസത്തിന്റെ ഭാഗമാവുന്നത് കാണുകയായിരുന്നു. അതിന്റെ തുടക്കം സോഷ്യൽ മീഡിയ പ്രതിപാദിച്ചുകൊണ്ടാണു താനും. ഗണിതവും കച്ചവടവും പിന്നെ കുന്നംകുളത്തിന്റെ പുരാവൃത്തങ്ങളും നിറഞ്ഞ ഒരത്ഭുതം എന്നെ ഒരു ഇട്ടിക്കോര കർത്താവിന്റെ അനുവാചകനാക്കുന്നു.

3. സുഭാഷ്ചന്ദ്രന്റെ സമുദ്രശിലയുടെ ഇതിവൃത്തം സ്വപ്ന തുല്യമായ ഒരു പ്രണയസാക്ഷാത്ക്കാരത്തിന്റെ കഥയോടൊപ്പം മനസ്സിലെ സദാചാര ബോധത്തിന്റെ വേലിക്കെട്ടുകൾ പൊട്ടിച്ചടുക്കിവെക്കുന്നതായി അനുഭവപ്പെട്ടു. പക്ഷേ സാമാന്യ ബോധത്തിനു നിരക്കാത്ത ഒരനുഭവമായി മാറി ആ വായന. മനുഷ്യന്നു ഒരാമുഖത്തിലൂടെ ഭാഷക്കു പുതിയ ഭാഷ്യമേകിയ എഴുത്തുകാരൻ വീണ്ടും ഭാവനയുടേയും യാഥാർത്ഥ്യത്തിന്റെയും സങ്കരമിയന്ന ശൈലിയിലൂടെ വായനയുടെ പുതിയ തുറകളിലേക്ക് അനുവാചകനെ നയിക്കുകയാണു.

4. ഭാരതത്തിലെ ഭക്തി പ്രസ്ഥാനം (അങ്ങനെ ഒന്നുണ്ടെങ്കിൽ) പുരോഗമന വഴികളിൽ, പണത്തിലധിഷ്ഠിതമായി, ചിന്തകളും ബന്ധങ്ങളും പുനർന്നിർവ്വചിക്കുന്ന ഒരു സമൂഹത്തിന്റെ പാതകൾ പിന്തുടരുകയാണ്. ഈ സാമൂഹ്യ മാനസിക വിപ്ലവത്തിൽ അടിതെറ്റി വീഴുന്നവർ വളരെ അധികമാണുതാനും. അവരുടെ അങ്കലാപ്പുകളെയും ഭീതികളെയും ചൂഷണം ചെയ്ത് അബദ്ധധാരണകൾക്കും അന്ധവിശ്വാസങ്ങൾക്കും വെള്ളമൊഴിച്ചു വളർത്തി, കുമിയുന്ന സമ്പത്തിന്റെ പിൻബലത്തോടെ വിദ്വേഷവും ഭീതിയും അസഹിഷ്ണുതയും വളർത്തിയെടുക്കുന്ന കോമരങ്ങൾക്ക് കുറച്ചുകാലത്തേക്കെങ്കിലും സ്തുതിപാടാൻ ഇവിടെ ആളുകൾ ഉണ്ടാകും എന്ന ഭീതിദമായ യാഥാർത്ഥ്യം സരസമായി സ്വതസിദ്ധമായ ശൈലിയിൽ വിവരിക്കുന്നു വി. ജെ. ജയിംസ്, നിരീശ്വരനിലൂടെ. നിഷ്പക്ഷമായ ഒരു സമൂഹത്തിലുണ്ടാവുന്ന സന്ത്രാസങ്ങൾ അതീവ രസകരമായി ഒരുൽക്കിടിലവുമില്ലാതെ അനുവാചകന് വായിക്കാം, രസിക്കാം. ഈയടുത്തകാലത്തെ വായനയിൽ വേറിട്ട വായനയായി 'നിരീശ്വരൻ'.

ചില പുസ്തകങ്ങൾ ഇറങ്ങുന്നതിനു മുൻപുതന്നെ പ്രശസ്തി നേടുന്നു. ചിലവ ഇറങ്ങിയതിനുശേഷം ചിലവ തീക്കനലുകലായിത്തന്നെ ആളാതെ എരിഞ്ഞടങ്ങുന്നു. ആദ്യം പറഞ്ഞവയിൽപ്പെടുത്താവുന്ന ഒന്ന് ഇപ്പോൾ മലയാളത്തിൽ ഉണ്ട്. ആർ. രാജശ്രീയുടെ 'കല്യാണിയും ദാക്ഷായണിയും എന്ന രണ്ടു സ്ത്രീകളുടെ കത' അക്ഷരതെറ്റല്ല കത എന്നുതന്നെ ആണ്. വായനാ കുതുകികളോട് ഒന്നു പറയാം. പല ആഖ്യാനശൈലികൾ തെരഞ്ഞെടുക്കുന്ന ഒരാളാണ് നിങ്ങൾ എങ്കിൽ നിങ്ങളുടെ ശേഖരത്തിന് മുതൽകൂട്ടാണു ഈ പുസ്തകം.

കണ്ണൂരിന്റെയും (വടക്ക്) കൊല്ലത്തിന്റെയും (തെക്ക്) ഭാഷാ ശൈലികൾ ഹൃദ്യമായ രീതിയിൽ ചേർത്തു അൻപതുവർഷം മുൻപത്തെ (ഇന്നത്തെയും)കേരളത്തിന്റെ സമൂഹത്തിൽ നിലനിന്നു പോന്ന സ്ത്രീ പുരുഷ ബന്ധങ്ങളിലെ അസ്വാരസ്യങ്ങളും ചക്കളത്തിപോരാട്ടങ്ങളും ആദ്യന്തികമായി സ്ത്രീ മനസ്സിന്റെ പുരുഷാധിപത്യത്തിൽ നിന്നുള്ള ഉയിർത്തെഴുന്നേൽപ്പുമാണ് ഗ്രാമ്യ ഭാഷയുടെ സഹായത്തോടെ രാജ ശ്രീ വരച്ചു വെച്ചിരിക്കുന്നത്.

ഗ്രാമ്യ കർഷകവൃത്തിയുടെയും വ്യവസ്ഥാപിതമായ ചട്ടക്കൂടുകൾക്കുള്ളിൽ മൗനം പേറുന്ന പെൺമനസ്സുകൾ ജീവിതം പൊറുതിമുട്ടി സ്വയം നശിച്ച ആത്മാക്കളുമായി സംവദിക്കുന്നത് ഏകാന്തതയുടെ ഇടനാഴികളിൽ ആണ്. രതി ആൺ പെൺ വൈകാരികതകളിൽ ഉളവാക്കുന്ന പിരിമുറുക്കങ്ങളും വ്യക്തികളിൽ നിന്നും സമൂഹത്തിന്റെ വിചാര വഴികളിൽ അതുളവാക്കുന്ന സന്ത്രാസങ്ങളും നമുക്കരോചകമാവുന്നില്ല എന്നുതന്നെയല്ല. ഹാസ്യത്തിന്റെ മേമ്പൊടി ചേർത്തവ ആസ്വാദ്യമാക്കുകയും കൂടിയാണ് നോവലിസ്റ്റ് ചെയ്യുന്നത്. ഈ പുസ്തകത്തിൽ മനുഷ്യ ചെയ്തികളെ അവലോകനം നടത്തുന്നത് മൃഗങ്ങൾ ആണ്. വായനക്കാരന് ചിരിയും കൗതുകവും കൂടാതെ ആ ഭാഗങ്ങൾ വായിക്കാൻ ആവില്ല. വേറിട്ട വഴികളിലൂടെ അനുഭവരസം തന്ന രാജശ്രീ പ്രശംസയർഹിക്കുന്നു.

ഇപ്പൊ ഇത്ര പോരെ... വായന മനസ്സിൽ കൊണ്ടുനടക്കുന്നവർക്കായി വീണ്ടും വരാം, കാത്തിരിക്കുക...

Published on 15/01/2020, RNI No. KERMAL/2010/35818, REGISTERED, Eka Thathwa Monthly, Vol 10, Issue 3, February 2020, Rs. 15/-
Postal Regn No. KL/PGT/032/2020-2022, Licence to Post without Pre-payment No. KL/PMG/NR/WPP/9-6/PKD/2020-2022

# ഏകതത്ത്വ

മാസിക

*Eka Thathwa*

“ എഴുത്ത് നന്നായില്ലെങ്കിലും
എഴുതി എഴുതി നന്നാക്കാം
പക്ഷെ എഴുത്തുകാരൻ
ദുശ്ശീലങ്ങൾക്ക് അടിമപ്പെട്ടവനെങ്കിൽ
എഴുതിയിട്ടെന്ത് കാര്യം ?

PLEASE SUPPORT
THIS VENTURE
&
SUBSCRIBE
EKA THATHWA

**Centralised Book Production Centre**
For Typing, Layout, Cover Designing, Proof Reading, Printing & Publishing ന്
ഏക തത്ത്വയെ സമീപിക്കൂ, താത്പര്യപൂർവ്വം വിളിക്കൂ 9446443321